# അദ്ധ്യായം 4

# വിശുദ്ധ ജീവിതവും, സഹോദരപ്ര ീതിയും, വീണ്ടും വരവും

### വിശുദ്ധ ജീവിതത്തിനുള്ള പ്രബോധനം (4:1-8)

**[1]ഒടുവിൽ, സഹോദരന്മാരേ, ദൈവ പ്രസാദം ലഭിപ്പാൻതക്കവണ്ണം നിങ്ങൾ എങ്ങനെ നടക്കേണം എന്ന് ഞങ്ങളോട് ഗ്രഹിച്ചതുപോലെ, നിങ്ങൾ നടക്കുന്നതുപോലെ തന്നെ ഇനിയും അധികം വർദ്ധിച്ചു വരേണ്ടതിന്ന്,**
**[2]നിങ്ങൾ കർത്താവായ യേശുവിന്റെ നാമിത്തിൽ നിങ്ങളോട് അപേക്ഷിച്ചു പ്രബോധിപ്പിക്കുന്നു. ഞങ്ങൾ കർത്താവായ യേശുവിന്റെ ആജ്ഞയ ാൽ ഇന്ന കൽപനകളെ തന്നു എന്നു ഓർക്കുന്നുവല്ലൊ. [3]ദൈവത്തിന്റെ**
**ഇഷ്ടമോ; നിങ്ങളുടെ ശുദ്ധീകരണം തന്നെ; [4]നിങ്ങൾ ദുർന്നടപ്പ് വിട്ട്**
**ഒഴിഞ്ഞ് ഓരോരുത്തൻ ദൈവത്തെ അറിയാത്ത ജാതികളെ പോലെ,**
**കാമവികാരത്തിലല്ല, [5]വിശുദ്ധീകരണത്തിലും, മാനത്തിലും താന്താന്റെ**
**പാത്രത്തെ നേടിക്കൊള്ളട്ടെ [6]ഈ കാര്യത്തിൽ ആരും അതിക്രമിക്കയും,**
**സഹോദരനെ ചതിക്കയും അരുത്; ഞങ്ങൾ നിങ്ങളോട് മുമ്പേ പറഞ്ഞതുപേ ാലെ, ഈ വകക്ക് ഒക്കെയും പ്രതികാരം നൽകുന്നവൻ ദൈവമല്ലൊ.**
**[7]ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രെ വിളിച്ചത്. [8]ആകയ**
**ാൽ, തുഛീകരിക്കുന്നവൻ മനുഷ്യനെ അല്ല, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് തരുന്ന ദൈവത്തെ തന്നെ തുഛീകരിക്കുന്നു.**

**വാക്യം 1.** ഈ വാക്യത്തിന്റെ സന്ദർഭത്തിൽ, **ഒടുവിൽ** എന്നു പറഞ്ഞതിന്റെ അർത്ഥം, ''അവശേഷിക്കുന്നത്'' എന്നത്രെ, അതായത് പൗലൊസ് തന്റെ ലേഖനത്തിലെ അവസാനത്തെ മുഖ്യ വിഷയത്തിലേക്ക് കടക്കുന്നു എന്നാണ് (എഫെ. 6:10; ഫിലി. 4:8 നോക്കുക). തൊട്ടു മുൻപ ിലെ വാക്യത്തിൽ ക്രിസ്തുവിന്റെ വരവിനെ കുറിച്ച് സംസാരിച്ചതേയുള്ളു (3:13), ഇവിടെ ലേഖനം അവസാനിപ്പിക്കുവാനിരിക്കകൊണ്ടും പൊതുവായ വിഷയങ്ങളിൽ അവസാനത്തേയതുകൗണ്ടും വിശദമായി ഈ വിഷയത്തെ ചർച്ച ചെയ്യുകയാണ്.

വീണ്ടും, സഭയെ തന്റെ പ്രിയ വാക്കായ **സഹോദരന്മാരെ** എന്നാണ് സംബോധന ചെയ്യുന്നത് (1:4 ന്റെ ചർച്ച നോക്കുക). അവൻ **കർത്താവായ യേശുവിന്റ** നാമത്തിൽ (തന്റെ അധികാരം ഉപരയോഗിച്ച്) **പ്രബോധിപ്പി**ധച്ച്പ, പൗലൊസ് തെസ്സലൊനിക്യയിലായിരുന്നപ്പോൾ പഠിപ്പിച്ചതനുസരിച്ച് **നടക്കുവാന**ായിരുന്നു അവരോട് **ആവശ്യപ്പെട്ടത്**. ഇവിടെ "നടപ്പ്" എന്നത് ഉദ്ദേശിച്ചിരിക്കുന്നത് ക്രിസ്തീയ ജീവിതം ഇടുങ്ങിയ വഴിയിൽകൂടെയുള്ള നടപ്പാണ് (2:12; മത്താ. 7:14; കെജെവി) അതായത് **വചനാനുസരണം**

ആയിരിക്കണം ക്രിസ്ത്യാനി ''നടക്കേണ്ടത്'' അല്ലെങ്കിൽ ജീവിക്കേണ്ടത് **ദൈവത്തെ പ്രസാദിപ്പിക്കുവാൻ** ആയിരിക്കണം. ക്രിസ്ത്യാനികൾ ജീവിക്കേണ്ടത് അവരുടെ ഇഷ്ടപ്രകാരമോ അല്ലെങ്കിൽ മറ്റുള്ളവരുടെ ഇഷ്ടപ്രകാരമോ ആകരുത് (ഗലാ. 1:10), മറിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെയാണ് (2:4, 15). നിങ്ങൾ **നടക്കുന്നതുപോലെ** എന്ന പ്രയോഗം (ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത്) സൂചിപ്പിക്കുന്നത് തെസ്സലൊനിക്യർക്ക് പൗലൊസിൽ കൂടെ ലഭിച്ച സത്യമനുസരിച്ചാണ് അവർ നടക്കുന്നതെന്ന് അവനു ബോധ്യമുണ്ടായിരുന്നു എന്നാണ്. ആ വാക്കുകൾ പല കയ്യെഴുത്തു പ്രതികളിലും ഇല്ലെങ്കലും, അവ സിനായിറ്റിക്കസ്, അലെക്സാൺട്രീനസ്, വത്തിക്കാനസ് എന്നിവയിലും മറ്റു പലതിലും കാണാം. മൊത്തത്തിൽ, ഈ പ്രസ്താവനയടക്കം മറ്റെല്ലാം തെളിവുകൾ പിന്തുണക്കുന്നതായി തോന്നുന്നു.

തിമൊഥെയൊസ് മടങ്ങി വന്ന് വിവരം നൽകിയതു പ്രകാരം തെസ്സലൊനിക്യർ മൊത്തത്തിൽ, പൗലൊസ് പഠിപ്പിതുപോലെ തന്നെയാണ് ജീവിച്ചത് എന്നു കരുതാം (3:6). ഇവിടെ പൗലൊസ് അവരോട് ആവശ്യപ്പെടുന്നതും (ചോദിക്കുന്നത്) പ്രബോധിപ്പിക്കുന്നതും (അപേക്ഷിക്കുന്നത്) അവർ അനുസരിച്ചു വന്നത് **കൂടുതൽ ശക്തിയോടെ "ചെയ്യുവാനായിരുന്നു**." (2 തെസ്സ. 3:6) അല്ലെങ്കിൽ "ഉപദേശം" (എൻഐവി) അവൻ അവർക്ക് കൊടുത്തിരുന്നു. അവൻ അവരോട് ആജ്ഞാപിച്ച കൽപനകളെല്ലാം അനുസരിക്കത്തക്കവണ്ണം അവനെ യജമാനനാക്കുവാനായിരുന്നു അവൻ അപേക്ഷിച്ചത്.

**വാക്യം 2.** ധഅവൻപ അവർക്ക് **ഏതെല്ലാം കൽപനകളാണ്** ധഅവർക്ക്പ കൊടുത്തിരുന്നതെന്ന് അവൻ അവരെ ഓർപ്പിച്ചു. "കൽപനകൾ" എന്നത് വരുന്നത് παραγγελία (*പരംഗേലിയ*), "ഒരുപക്ഷെ കൈമാറി കിട്ടിയതാകാം (παρά ധപാരാ്പ) അത് ഒരു സൈന്യ നിരയിൽനിന്ന്. ഇതിൽ നിന്നും ആധികാരിക ക്രമത്തെ കാണിക്കുന്നു.''[1] ആ വാക്ക് ''നിർദ്ദേശങ്ങൾ'' (എൻഐവി) എന്നും "ഉപദേശങ്ങൾ" എന്നും തർജിമ ചെയ്യാവുന്നതാണ്. ആ ഉപദേശങ്ങൾ തന്നിൽ നിന്നും ഉത്ഭവിച്ചതല്ല, മറിച്ച് **കർത്താവായ യേശുവിന്റെ അധികാരത്തിൽ** നിന്നു ലഭിച്ചതാണെന്നത്രെ പൗലൊസ് പറഞ്ഞത്.

മനുഷ്യരുടെ വചനങ്ങളായിട്ടല്ല അവർക്ക് ലഭിച്ചത് (2:13), മറിച്ച് "ദൈവത്തിന്റെ വചനം" ആയിട്ടത്രെ. അന്ന് അത് ഓർമ്മിക്കേണ്ടിയിരുന്നു എങ്കിൽ, ഇന്നും അത് ഇന്നും അങ്ങനെ തന്നെ ഓർമ്മിക്കണം, കാരണം ഇത് ദൈവത്തിന്റേതാണ് എന്ന് കാര്യം നാം മറന്നാൽ അതിനെ കാര്യമായി പരിഗണിക്കുകയില്ല.

**വാക്യം 3.** പ്രത്യേകതയിലേക്ക് കടന്നാൽ, ദൈവേഷ്ടം പ്രത്യേക രീതിയിൽ പ്രത്യേക മേഖലയിൽ പൗലൊസ് അവതരിപ്പിക്കുകയാണ്-അവർ **ലൈംഗിക ദുർന്നടപ്പ് വിട്ടുകളയണം**, കാരണെം അത് അവരുടെ **വിശുദ്ധീകരണ**ത്തെ (ἁγιασμός, *ഹാഗിയാസ്മോസ്*) ബാധിക്കും. "വിശുദ്ധീകരണം" എന്നതിനെ മറ്റൊരു വിധത്തിൽ പറയുന്നതാണ് "വിശുദ്ധി" (എൻഐവി). വിശുദ്ധരാകുവാൻ പാപങ്ങൾ കഴുകപ്പെടണം, അപ്പോൾ വേർപെട്ടവരാകുന്നു. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ ദൈവം നമ്മെ ശുദ്ധീകരിക്കുന്നു (പ്രവൃ. 22:16) മാനസാന്തരപ്പെടുന്നതും പാപങ്ങൾ സമ്മതിക്കുന്നതുമായ ജീവിതം, വെളിച്ചത്തിൽ നടക്കുമ്പോൾ വെളിപ്പെടുന്നു (1 യോഹ. 1:7-10). അവസാന ന്യായവിധി നാളിൽ നാം അവന്റെ മുമ്പിൽ ''കുറ്റമില്ലാത്തവരായി'' (3:13) വെളിപ്പെടേണതിനാണ് അങ്ങനെ

ചെയ്യുന്നത് (5:23; 1 പത്രൊ. 1:13–16). പഴയ നിയമത്തിൽ ലേവ്യാ ഗോത്രത്തെ വേർതിരിച്ചതുപോലെ, പുതിയ നിയമത്തിൽ വിശുദ്ധീകരിക്കപ്പെട്ടവരെ ദൈവം ലോകത്തിൽ ജീവിക്കുന്നവരിൽ നിന്നും വേർപെടുത്തുന്നു എന്നാണ് അർത്ഥമാക്കുന്നത് (സംഖ്യ. 3:11–13). ക്രിസ്തീയ സംവിധാനത്തിൽ, എങ്ങനെ യായാലും, പങ്കെടുക്കുന്നവർ എല്ലാവരും ദൈവത്തിന്റെ പ്രത്യേക ജനം ആണ് (1 പത്രൊ. 2:5, 9), ദൈവ സേവനത്തിനായി പ്രത്യേകമായി വേർതിരിക്കപ്പെട്ടവർ.

ക്രിസ്ത്യാനികൾ, ദൈവത്തിനു പ്രത്യേകതയുള്ളവരാകയാൽ, അവർ ശ്രദ്ധയോടെ അവന്റെ **ഹിതം** പാലിക്കണം. ''ലൈംഗിക ദുർന്നടപ്പ് ഉപേക്ഷിക്കുവാനാണ്'' പൗലൊസ് പ്രത്യേകമായി അവരോട് ആവശ്യപ്പെടുന്നത്. "ലൈംഗിക അധാർമ്മികത്വം" ("ദുർന്നടപ്പ്"; കെജെവി) എന്നത് വന്നിരിക്കുന്നത് πορνεία (*പോർനെയിയാ*) എന്ന പ്രത്യേക പദത്തിൽ എല്ലാ നിയമ രഹിത ലൈംഗിക വേഴ്ച്ചയും-സ്വലിംഗത്തിൽ പെട്ടവരുമായുള്ള ലൈംഗികതയും ഉൾപ്പെട്ടിരിക്കുന്നു (1 കൊ. 6:9–11). എഫ് എഫ്. ബ്രൂസ് പറഞ്ഞു, "വിവാഹത്തിനു മുൻപ് വേശ്യമായി ബന്ധപ്പെടുന്നതിനെ ആണ് പേ *ാർനെയിയോ* അർത്ഥമാക്കുന്നത് എങ്കിലും (*പോർനായി*) ... അർത്ഥമാക്കുന്നത് നിയമരഹിതമായ ഏതൊരു ലൈംഗിക ബന്ധത്തെയുമാണ്."[2]

ലോകത്തിന്റെ ആ ഭാഗങ്ങളിലെ പട്ടണങ്ങളിൽ ലൈംഗിക ദുർന്നടപ്പ് ആചരിച്ചിരുന്ന കാലമായിരുന്നു അത്. ഉദാഹരണത്തിന്, 175 മൈൽ തെക്കു മാറി സ്ഥിതി ചെയ്തിരുന്ന പട്ടണമായിരുന്നു, കൊരിന്ത്, അവർ തങ്ങളുടെ അഫ്രോദിതോസ് ക്ഷേത്രത്തിൽ അഭിമാനം കൊണ്ടിരുന്നു. ആയിരെ വേശ്യ കളെ ആ ക്ഷേത്രം ശമ്പളം കൊടുത്ത് നിയമിച്ചിരുന്നു എന്നാണ് പുരാതന ഉറവിടം പറയുന്നത്, അവർ ക്ഷേത്രത്തിൽ വരുന്ന പുരുഷാരാധകരുമായി ലൈംഗിക വേഴ്ച്ച നടത്തുമായിരുന്നു. കൊരിന്ത്യാ സഭയിൽ നടന്നിരുന്നതുപേ ാലെ, തെസ്സലൊനിക്യാ സഭയിൽ അത്തരം ലൈംഗിക വേഴ്ച്ച നടന്നിരുന്നതിന് യാതൊരു തെളിവുമില്ല (1 കൊ. 5), എന്നാൽ ഇത്തതരം സ്വഭാവം ഒന്നാം നൂറ്റാണ്ടിൽ പല കുഴപ്പങ്ങൾക്കും വഴി തെളിച്ചു. അത്തരം അപകടത്തെ ആണ് പൗലൊസ് ഇവിടെ സംബോധന ചെയ്യുന്നത്.

**വാക്യം 4. താന്താന്റെ പാത്രം** എന്നത്, ഗ്രീക്ക് വാക്ക് ἑαυτοῦ σκεῦος (*ഹേയുടൗ സ്കെയുവോസ്*) അക്ഷരികമായി തർജിമ ചെയ്തതാണ്, അർത്ഥമാക്കുന്നത് "തന്റെ ശരീരം താൻ തന്നെ നിയന്ത്രിക്കണം," "തനിക്ക് തന്നെ ഒരു ഭാര്യയെ എടുക്കുക" (ആർഎസ്വി) എന്നിവ ഭാഗിക വ്യാഖ്യാന മാണ്, എന്നാൽ അവ രണ്ടും "താന്താന്റെ പാത്രം" എന്നത് മനസിലാക്കുവാൻ സഹായിക്കുന്നവയാണ്. ആ രണു തിരഞ്ഞെടുപ്പുകളുടേയും മദ്ധ്യത്തിലുള്ളത് സ്വീകരിക്കുകയാണെങ്കിൽ, ഇവിടെ അല്ലാതെ ബൈബിളിൽ മറ്റൊരിടത്തും *സ്കേയുവോസ്* അഥവാ "പാത്രം" എന്ന് ഒരാളുടെ ഭാര്യയെ പറഞ്ഞിട്ടില്ല. പക്ഷെ മനുഷ്യ ശരീരത്തെ മറ്റൊരു ഭാഗങ്ങളിൽ "പാത്രം" അല്ലെങ്കിൽ "ഉപ കരണം" എന്ന് പറഞ്ഞിട്ടുണ്ട് (1 ശമു. 21:5; പ്രവൃ. 9:15; റോമ. 9:21–23; 2 കൊ. 4:7; 2 തിമൊ. 2:21). ഓരോ ക്രിസ്ത്യാനിയും താന്താന്റെ പാത്രത്തെ **നേടണം** എന്നു പൗലൊസ് പറയുമ്പോൾ, ഒരുപക്ഷെ അവൻ അർത്ഥമാക്കുന്നത്, അവനവൻ തന്റെ ശരീരത്തെ **വിശുദ്ധീകരണത്തിലും ബഹുമാനത്തിലും നിയന്ത്രിക്കണം** എന്നായിരിക്കാം. "ഒരർത്ഥത്തിൽ നാം വിശുദ്ധരും ബഹുമാന്യരും" ആയിരിക്കണം (എൻഐവി). അങ്ങനെ വ്യാഖ്യാനിക്കുമ്പോൾ, ക്രിയ റോമർ 6:19 മായി സമാന്തരമാകുന്നു. "ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ

വിശുദ്ധീകരണത്തിനായി നീതിക്ക് അടിമകളാക്കി സമർപ്പിപ്പിൻ.”

ഈ വ്യാഖ്യാനത്തിൽ വരുന്ന ഏറ്റവും വലിയ പ്രശ്നം ഗ്രീക്ക് വാക്ക് κτάομαι (*ക്ടാവോമായി*) കൊടുത്തിരിക്കുന്നത് “പൊസ്സസ്” എന്നാണ്. പല പ്രാവശ്യം അത് തർജിമ ചെയ്തിരിക്കുന്നത് “നേടുക” അല്ലെങ്കിൽ അതുപേ ാലെയുള്ള വാക്ക് ആണ്. ഈ പ്രത്യേക വേദഭാഗത്ത് ഏറ്റവും നല്ല തർജിമ “നേടുക” എന്നാണെന്ന് ജെയിംസ് ഹോപ് മൗൾട്ടനും ജോർജ് മില്ലിഗനും അഭിപ്രായപ്പെടുന്നു. “1 തെസ്സലൊനികൃർ 4:4 ൽ പറയുന്നത് ക്രമേണ നമ്മുടെ ശരീരത്തെ വരുതിയിൽ വരുത്തുന്നതിനെ സംബന്ധിച്ചായിരിക്കാം” എന്നാണ് അവരുടെ പക്ഷം.[3]

**വാക്യം 5**. മോഹേഛകൾ പ്രവർത്തിക്കാതെ ഒരാൾ തന്റെ സ്വന്ത ശരീരത്തെ നിയന്ത്രിക്കണം (“മോഹേച്ഛകൾ”; എൻഐവി). ഇവിടെ, “പാഷൻ” തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് πάθος (*പാതോസ്*) അർത്ഥം, അന ിയന്ത്രിതമായ എല്ലാ ബന്ധങ്ങളും പ്രത്യേകിച്ച് ധമുൻപറഞ്ഞപ “ലൈംഗികമ ായ ദർന്നടപ്പ്”[4] “മോഹം” തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് ἐπιθυμία (*എപിതുമിയ*) ശക്തമായ എല്ലാ ആഗ്രഹങ്ങളെയും ഉൾപ്പെടുത്തിയതാണ്-പെ ാതുവിൽ മോശമായവയും ചിലപ്പോൾ നല്ലതുമാണ് (2:17).

**ദൈവത്തെ അറിഞ്ഞിധട്ടില്ലാപത്ത ജാതികളായുള്ളവരുടെ പ്ര വൃത്തികളിൽ** നിന്നും വ്യത്യസ്തമാണ്, ഇവിടെ പറയുന്ന ഒരാൾ തന്റെ സ്വന്ത ശരീരത്തെ നിയന്ത്രിക്കണം എന്നത്. ചാൾസ് വേർഡ്സ്വർത്തിന്റെ താഴെ കൊടുത്തിരിക്കുന്ന കുറിപ്പിൽ ചിത്രീകരിച്ചിരിക്കുന്ന അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ‘‘ജാതികളുടെ’’ ലൈംഗിക വേഴ്ച്ചകളെയാണ് സൂചിപ്പിക്കുന്നത്: “ഇവിടെ പ്രതിപാദിച്ചിരിക്കുന്ന മാരകമായ പാപം ... രക്ഷകർത്താക്കളിൽ ഒഴിച്ചു നിർത്തിയിരുന്നു (*ടെറെന്റ്*, അഡെൽഫ്, I. ii. 21). *കമെന്റഡ്* ബൈ മോറലിസ്റ്റ്സ് (*ഹോരാട്*. I സാറ്റ്. ii. 32; സിപി. *സിസേറോ* പ്രോ സീലിസ് 48), ജാതികളുടെ മതം പരിശീലിച്ചു വന്നത്, പ്രത്യേകിച്ച് ഗ്രീസിലും, വിശേഷിച്ച് പൗലൊസ് പ്രവർത്തിച്ച *കൊരിന്തിലും*. ...”[5]

“ജാതികൾ” എന്നത് അക്ഷരികമായി “ദേശങ്ങളെ” ആണ് സൂചിപ്പിക്കുന്നത്. യെഹൂദർ-അല്ലാത്ത ദേശക്കാർ ജാതികൾ ആയിരുന്നതിനാൽ, ‘‘ദൈവത്തെ അറിയാതിരുന്നു,” അതിനാൽ അവർക്ക് അവരുടെ ശരീരങ്ങളെ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ല. ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ മന സില്ലാതിരുന്നതിനാൽ അവൻ ജാതികളെ ഉപേക്ഷിച്ചു എന്ന് പൗലൊസ് മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നു (റോമ. 1:26-28). മുഖവുരയിൽ നാം ശ്രദ്ധിച്ചതുപോലെ, തെസ്സലൊനികൃയിലെ അംഗങ്ങളിൽ ഭൂരിഭാഗം പേരും ആരംഭത്തിൽ ജാതികളായിരുന്നു, എന്നാൽ അവർ ദൈവത്തെ അന ുസരിച്ചതിനാൽ, ആത്മിയ അർത്ഥത്തിൽ യെഹൂദന്മാരായി തീർന്നു (റോമ. 2:28, 29 നോക്കുക).

**വാക്യം 6**. അതിർ കടന്ന് തന്റെ **സഹോദരനെ ചതിക്കുന്നതി**ധനേക്കാൾപ ഉചിതം ശാരീരിക മോഹങ്ങളെ ഓരോരുത്തൻ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയാണ് സന്ദർഭം ഊന്നി **പറയുന്നത്** എന്നു വ്യക്തം. ഒരാളുടെ അധാർമ്മികത്വം എങ്ങനെയാണ് **സഹോദരനെ** ചതിക്കുന്നതായി തീരുന്നത്? ഒരുപക്ഷെ സഹോദരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നതിനെ കുറിച്ചായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത് (പുറ. 20:17 നോക്കുക), അല്ലെങ്കിൽ, ഒരു സഹോദരൻ വിവാഹം കഴിക്കുവാൻ പോകുന്ന സ്ത്രീയുമായി അവിഹിത

ബന്ധം പുലർത്തുന്നതിനെയുമാകാം ഉദ്ദേശിച്ചത്, ഇത് രണ്ടും ചതിയാണ്. തെസ്സലൊനിക്യക്കാരോടും നമ്മുടെ ഇന്നത്തെ സമൂഹത്തതോടും പൗലൊസ് നൽകുന്ന സന്ദേശം എന്തെന്നാൽ ദുർന്നടപ്പ് വിട്ട് അകലുക എന്നാണ്, കാരണം ഇത്തരം പാപങ്ങൾക്ക് **പകരം നൽകുന്നവൻ കർത്താവാണ്**, ("അത്തരം പാപങ്ങളെ കർത്താവ് ശിക്ഷിക്കാതിരിക്കയില്ല"; എൻഐവി). "പ്രതികാരകൻ" എന്നതിന്റെ ഗ്രീക്ക് വാക്ക് ἔκδικος (എക്ഡികോസ്), "ശിക്ഷിക്കുക" എന്ന അർത്ഥമല്ല, മറിച്ച്നീതിന്യായ നിർവ്വഹണം ആണ്. പുതിയ നിയമത്തില മറൊരു ഭാഗത്ത് ഇത് കാണുന്നത് റോമർ 13:4 ലാണ്, അവിടെ ഇത് ആഭ്യന്തര അധികാരത്തെയാണ് വ്യക്തമാക്കുന്നത്. ദൈവം നമ്മെ അധികമായും ശിക്ഷിക്കുവാനാണ് നോക്കുന്നത് എന്ന അഭിപ്രായക്കാരാണ് പലരും, പക്ഷെ പൗലൊസിന് അതിനോട് യോജിക്കുവാൻ കഴിയുന്നില്ല. കൂടാതെ, താൻ അവരോടുകൂടെ ആയിരുന്നപ്പോൾ ഇത് **മുന്നറിയിച്ചിരുന്നു** എന്നാണ് പൗലൊസ് പറഞ്ഞത്.

**വാക്യം 7**. ആളുകൾ ക്രിസ്ത്യാനികളാകുന്നതിന് സുവിശേഷത്താൽ രക്ഷക്ക് വിളിക്കുന്നതാണ് ദൈവത്തിന്റെ രീതി (2 തെസ്സ. 2:14). **ആ വിളി അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനാണ്** എന്നത്രെ പൗലൊസ് പറഞ്ഞത്. മുമ്പിലത്തെ പോലെ പാപജീവിതം നയിക്കുവാനുള്ളതല്ല അത് പിന്നീട്, മറിച്ച് ദൈവ സഹായത്തോടെ ക്രമേണ പാപത്തെ അതിജീവിക്കുന്ന ഒന്നാണ്. അശുദ്ധിയും വിശുദ്ധിയും തമ്മിലുള്ള വ്യത്യാസം കൂടുതൽ വ്യക്തമാക്കുന്നത് പ്രിപൊസിഷൻസ് ആണ് [ἐπὶ] *എപി* എന്നതും [ἐν] *എൻ* എന്നതും (ഇൻ ദ സ്ഫിയർ ഓഫ്)[6] പാപമുള്ള അവസ്ഥയും പാപം ഇല്ലാത്ത അവസ്ഥയും തമ്മിലുള്ള വ്യത്യാസം മനസിലാക്കി പാപം ഒഴിവാക്കി ജീവിക്കുവാൻ കഴിയുന്നവരല്ലേ നാം?

**വാക്യം 8**. ഈ കൽപന **തള്ളിക്കളയുന്ന** ക്രിസ്ത്യാനി വിശുദ്ധ ജീവിതം നയിക്കണമെന്ന് പറയുമ്പോൾ **അയാൾ മനുഷ്യരെയല്ല ദൈവത്തെ ... തന്നെയാണ്** തള്ളിക്കളയുന്നത്. "തള്ളിക്കളയുന്നു" എന്നതിന്റെ ഗ്രീക്ക് ക്രിയ ἀθετέω (*അതെറ്റെയോ*), "ഒരു ഒസ്യത്ത് അസാധുവാക്കൽ (ഗലാ. 3:15), അല്ലെങ്കിൽ അതുപോലെയുള്ള രേഖ."[7]

ക്രിസ്ത്യാനികൾ അത്തരത്തിൽ പ്രവർത്തിക്കുന്നതിന് മുമ്പ്, അവൻ നമുക്ക് **തന്റെ പരിശുദ്ധാത്മാവിന** തന്നതാണ് എന്ന് ഓർക്കണം. നാം സ്നാനം ഏറ്റപ്പോൾ പരിശുദ്ധാത്മാവിനെ നമുക്ക് നൽകിയതാണ് (പ്രവൃ. 2:38), തുടർന്ന് തന്നുകൊണ്ടിരിക്കുന്നു, അല്ലെങ്കിൽ അവന്റെ ആത്മാവ് നമ്മിൽ വസിക്കുവാൻ അനുവദിക്കുന്നു (1 കൊ. 6:11; 18–20). ദൈവം തന്ന പരിശുദ്ധാത്മാവ് നമ്മിലുള്ളപ്പോൾ, പാപത്തിൽ ജീവിക്കുന്നത് എത്ര വിരോധാഭാസമാണെന്നാണ് പൗലൊസ് സ്പഷ്ടമാക്കുന്നത്. "പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതിരിപ്പാൻ" നാം സൂക്ഷികകണം (എഫെ. 4:30). ആ ഭീകരമായ കുറ്റം നമ്മിൽ ഉണ്ടാകുമോ?

## സഹോദരപ്രീതിക്കായുള്ള പ്രബോധനം (4:9-12)

**[9]സഹോദരപ്രീതിയെ കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ ആവശ്യമില്ല. അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾക്ക് ദൈവത്താൽ ഉപദേശം പ്രാപിച്ചതല്ലാതെ [10]മക്കെദോന്യയിൽ എങ്ങുമുള്ള സഹോദരന്മാരോടൊക്കെയും അങ്ങനെ ആചരിച്ചും പോരുന്നുവല്ലോ. എന്നാൽ സഹോദരന്മാരേ, അതിൽ**

**നിങ്ങൾ അധികമായി വർദ്ധിച്ചു വരേണമെന്നും [11]പുറത്തുള്ളവരോട് മര്യാദയായി നടപ്പാനും ഒന്നിനും മുട്ടില്ലാതിരിപ്പാനും വേണ്ടി [12]ഞങ്ങൾ നിങ്ങളോട് ആജ്ഞാപിച്ചതുപോലെ, അടങ്ങി പാർക്കുവാനും സ്വന്തകാര്യം നോക്കുവാനും, സ്വന്ത കൈകൊണ്ട് വേല ചെയ്‌വാനും, അഭിമാനം തോന്നേണം എന്നും നിങ്ങളെ പ്രബോധിപ്പിക്കുന്നു.**

**വാക്യം 9.** സഹോദരപ്രീതി എന്നതിനുള്ള ഗ്രീക്ക് വാക്ക് φιλαδελφία (*ഫിലദെൽഫിയ*), അത് വായിക്കുമ്പോൾ തന്നെ ''സഹോദരപ്രീതി'' എന്നർത്ഥമുള്ള ഫിലദെൽഫിയ പട്ടണമാണ് ഓർമ്മയിൽ വരുന്നത്, ഇതേ രീതിയിലുള്ള വൈകാരിക സ്നേഹത്തെ ഗ്രീക്കിൽ നമുക്ക് തിരിച്ചറിയവാൻ കഴിയും. സ്വന്ത കുടുംബത്തിലെ അംഗങ്ങളോട് തോന്നുന്ന വൈകാരിക സ്നേഹമാണ് അത്, പൊതുവിൽ ആ വികാരം ഉടൻ വരുന്നതാണ്. ഇത്തരം വികാരത്തിൽ അന്യോന്യമുള്ള ധ്യാനം ഉൾപ്പെടുന്നു (റോമ. 12:10; എബ്രാ. 13:1 താരതമ്യം ചെയ്യുക). സഹോദരപ്രീതിയെ കുറിച്ച് തെസ്സലൊനികൃരെ ധഅവൻപ എഴുതി അറിയിക്കേണ്ട **ആവശ്യമില്ല** എന്നാണ് പൗലൊസ് പറഞ്ഞത്, കാരണം ആ വിഷയത്തെ കുറിച്ച് അവർക്ക് **ദൈവത്താൽ ഉപദേശം** ലഭിച്ചതാണ്. ഇവിടെ "എഴുതി" എന്ന വാക്കിന് ഊന്നൽ കൊടുത്ത് ഉറപ്പിച്ചിരിക്കുന്നു. ദൈവം അവർക്ക് നേരിട്ടു വെളിപ്പെടുത്തി കൊടുത്തു എന്നല്ല പൗലൊസ് പറഞ്ഞതിന്റെ അർത്ഥം, അവൻ (പൗലൊസ്) തെസ്സലൊനിക്യയിലായിരുന്നപ്പോൾ ദൈവത്തിനു വേണ്ടിയായിരുന്നു ഉപദേശിച്ചതെല്ലാം അവർ പഠിച്ചതെല്ലാം, ഒരർത്ഥത്തിൽ ദൈവത്താലുള്ള ഉപദേശമായിരുന്നു. ദൈവശ്വാസിയ മനുഷ്യർ സംസാരിക്കുമ്പോൾ, അത് മനുഷ്യരുടെ ഉപദേശമല്ല, ദൈവത്തിന്റെ വചനം ആണ് (2:13). ദൈവശ്വാസിയ മനുഷ്യർ സംസാരിക്കുന്നതും, ദൈവശ്വാസിയരല്ലാത്തവർ സംസാരിക്കുന്നതു തമ്മിൽ വ്യത്യാസം വരുത്തുന്നത് തിരുവെഴുത്തുകാളാണ്. മതലോകത്തുള്ള പലരും ഈ വ്യത്യാസത്തെ ആവശ്യമെന്ന വിധത്തിൽ കാര്യമായി എടുക്കുന്നില്ല. ലിയോൺ മോറിസ് വിശ്വസിക്കുന്നത് അവരിലെ ആത്മാവ് അവരോട് നേരിട്ടു സംസാരിക്കുന്നു എന്നാണ്,[8] പക്ഷെ അങ്ങനെ വരുമ്പോൾ അപ്പൊസ്തൊലിക ലേഖനങ്ങൾ അനാവശ്യമായി വരുന്നു!

**വാക്യം 10.** അവരുടെ സ്നേഹത്തെ കുറിച്ച് പൗലൊസ് കേട്ടത് തിമൊഥെയൊസിൽ കൂടെയാണ് (3:6). തെസ്സലൊനിക്യ സ്ഥിതി ചെയ്തിരുന്നത് **മക്കെദൊന്യയിൽ** ആയിരുന്നു, അതിൽ ഉൾപ്പെട്ട പട്ടണങ്ങളായിരുന്നു ഫിലിപ്പിയ, ബെരോവ എന്നിവ, പൗലൊസ് ആ പട്ടണങ്ങളിൽ ഇടവകകൾ ആരംഭിക്കുകയും, തെസ്സലൊനിക്യയിലുള്ളവർ അവരുമായി ബന്ധം പുലർത്തുകയും ചെയ്തിരുന്നു. അവർ വിദ്യാഭ്യാസമുള്ളവരായാലും അല്ലെങ്കിലും, പണക്കാരായാലും അല്ലെങ്കിലും, മറ്റൊരു തരത്തിലുള്ള വ്യത്യാസവും കണക്കിലെടുക്കാതെ, തെസ്സലൊനിക്യയിലുള്ളവർ **എല്ലാ സഹോദരന്മാരേയും** ഒരേ രീതിയിൽ സ്നേഹിച്ചിരുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ് (ഗലാ. 3:28 താരതമ്യം ചെയ്യുക). അത് വാസ്തവമാണെങ്കിലും, അവർ സ്നേഹത്തിൽ **വർദ്ധിച്ചു** വരുവാനായിരുന്നു അപ്പോഴും പൗലൊസ് അവരോട് **അപേക്ഷിച്ചത്**. "അപേക്ഷിക്കുക" എന്ന വാക്ക് വന്നിരിക്കുന്നത് παρακαλέω (*പാരാകലെയോ*). (3:7 ചർച്ച ചെയ്തിരിക്കുന്നത് നോക്കുക.)

ഇന്ന് നാം നമ്മുടെ സഹോദരന്മാരെ എത്രത്തോളം സ്നേഹിക്കണം?

നാം ഇനിയും സ്നേഹത്തിൽ "വർദ്ധിച്ചുവരണം," കാരണം നമ്മുടെ പിതാവ് നമ്മെ സ്നേഹിച്ചത്രയും നാം സ്നേഹിച്ചിട്ടില്ല, അവനാണ് നമ്മുടെ സ്നേഹ നിലവാരം (മത്താ. 5:48). സ്നേഹത്തിൽ "വർദ്ധിച്ചു വരണം" എന്ന പ്രബോധനം വാക്യം 1 ലെ "ഇനിയും അധികം വർദ്ധിച്ചു വരേണം" എന്നതിന് സമാന്തരമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട പൗലൊസ്, ക്രിസ്ത്യാനികൾ ആത്മിയമായി വളരുന്നതിൽ ശ്രദ്ധിച്ചിരുന്നു.

**വാക്യം 11.** തെസ്സലൊനിക്യ സമൂഹത്തിന് ആവശ്യമായ അപ്പൊസ്തൊലിക നിർദ്ദേശങ്ങളുടെ മൂന്നു മൂലകങ്ങൾ ഈ വാക്യത്തിൽ കാണാം. തെസ്സലൊനിക്യർ വെപ്രാളപ്പെടുന്നവരും, ലോലഹൃദയരും, വികാരക്ഷുഭിതരുമായിരുന്നു എന്ന് ലൗകിക തെളിവുകൾ സൂചിപ്പിക്കുന്നു. ആ സ്വഭാവങ്ങൾ അവരുടെ ജോലി നഷ്ടമാകുവാനും, παρουσία (*പരൗസിയാ*) രണാം വരവിനായി കാത്തിരിപ്പാനും ഇടയാക്കി (2 തെസ്സ. 3:1–15 ലേതുപോലെ).

ഒന്ന്, ലോകപ്രകാരമുള്ള ജീവിതത്തിൽനിന്നു വ്യത്യസ്തമായി, അവർ **മര്യാദയായി നടക്കുവാനാണ്** തീരുമാനം എടുക്കേണ്ടത് എന്നാണ് പൗലൊസ് അവരോട് പറഞ്ഞത്. ആ വാക്കുകൾ കൂടുതൽ അക്ഷരികമായി തർജിമ ചെയ്താൽ, "വെപ്രാളപ്പെടാതെ മര്യാദയായി നടക്കുക." അവർ എതിർപ്പ് പ്രകടിപ്പിച്ച് നടക്കാതെ "ശാന്തമായിട്ടാണ് നടക്കേണ്ടത്" എന്നാണ് എൻഈബിയിൽ കൊടുത്തിരിക്കുന്നത് (ഫിലി. 4:4–7 നോക്കുക). രണ്ട്, **സ്വന്തം കാര്യം നോക്കി** നടക്കുവാനാണ് അവരോട് പറഞ്ഞത്. (മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുന്നതിന് പകരം, അവരുടെ സ്വന്തം കാര്യം മാത്രം നോക്കുക; എൻഐവി) (1 പത്രൊ. 4:15 താരതമ്യം ചെയ്യുക). മൂന്ന്, സ്വന്ത കാര്യം നോക്കുന്ന ഒരു വ്യക്തി മറ്റു കാര്യങ്ങളിൽ തിരക്കുള്ളവനായിരിക്കുകയില്ല, അവൻ ശാരീരികമായി അവരുടെ ഇടയിൽ ആയിരുന്നപ്പോൾ ധഅവരുടെപ **സ്വന്ത കൈകൊണ്ട് വേല** ചെയ്യുന്നതിൽ അഭിമാനം തോന്നേണം എന്ന് **കൽപിച്ചിരുന്നു**. ഒരു ക്രിസ്ത്യാനി ആവശ്യമുള്ളവരെ സഹായിക്കുവാനായി സ്വന്ത കൈകൊണ് അദ്ധ്വാനിക്കുവാൻ തയ്യാറാകണം എന്നാണ് അപ്പൊസ്തലൻ സ്പഷ്ടമാക്കിയിരിക്കുന്നത്. ഒരാൾ തന്റെ സ്വന്ത കാര്യം ശരിയായി നോക്കി നടത്തുവാൻ ശ്രമിക്കുമ്പോൾ, മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുകയില്ല.

മുൻപ് നാം ശ്രദ്ധിച്ചതുപോലെ, ഈ സത്യം പൗലൊസ് അവിടെ ആയിരുന്നപ്പോൾ പഠിപ്പിച്ചതാണെങ്കിലും, ചിലർ അതു പരിശീലിക്കാതിരുന്നു എന്നത് പരമാർത്ഥമാണ്. പിന്നീട്, അവരിൽ ചിലർ പൗലൊസിന്റെ ഉപദേശത്തെ തെറ്റിദ്ധരിക്കുകയും, ക്രിസ്തു അവരുടെ തലമുറയിൽ തന്നെ വരുമെന്ന് വിശ്വസിക്കുകയും ചെയ്തു. അതുകൊണ്ട്, അവർ വേല ചെയ്യാതെ മറ്റുള്ളവരെ പിഴിയുവാൻ തുടങ്ങി (2 തെസ്സ. 3:6–12). ജീവിതത്തോടുള്ള അത്തരം സമീപനം രണ്ട് കാരണങ്ങൾ നിമിത്തം തെറ്റാണ്. നമുക്ക് ജോലി ചെയ്യുവാൻ ആരോഗ്യമുള്ളപ്പോൾ മറ്റുള്ളവരെ ആശ്രയിക്കരുത് (2 തെസ്സ. 3:10). പരക്കാര്യം നോക്കി നടക്കുന്നനത് തെറ്റാണ് (2 തെസ്സ. 3:11). വ്യക്തികളായും ഇടവകകളായും നാം ഈ അടിസ്ഥാന തത്വം ജീവിതത്തിൽ പാലിക്കുവാൻ നാം എല്ലാവരേയും ഉൽസാഹിപ്പിക്കണം. അതിനർത്ഥം ക്രിസ്ത്യാനികൾ ദരിദ്രരെയും, രോഗികളെയും മറ്റുള്ളവരെയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കേണ്ട എന്ന് വിചാരിക്കരുത് (യാക്കൊ. 2:14–17 താരതമ്യം ചെയ്യുക).

**വാക്യം 12. പുറത്തുള്ളവരോട് മര്യാദയായി നടക്കുന്നതിന്** ക്രിസ്ത്യാന

ികൾ ഇത്തരം ക്രമമുള്ള ജീവിത ശൈലി സ്വീകരിക്കണം. "ശരിയായി" എന്ന "പഴയ ആഡൌർബ് വന്നിരിക്കുന്നത് [εὐσχήμων] *ഇയിസ്കേമോൻ*, (*എയു സ്കേമാ*, ലാറ്റിൻ *ഹാബിറ്റസ്*, ഗ്രെയിസ്ഫുൾ ഫിഗർ), ഡീസന്റായി തീരൽ."[9]

നാം മര്യാദയായി നടക്കുന്നത് അ-ക്രൈസ്തവർ കാണുമ്പോൾ നാം അവരുടെ ബഹുമാനം നേടുകയാണ്. "മറ്റുള്ളവർ എന്തു കരുതുമെന്നത് എനിക്ക് പ്രശ്നമല്ല" എന്നു പറയുന്നവർ ക്രിസ്തുവിന്റെ ആത്മാവില്ലാത്തവരാണ്. മറ്റുള്ളവരുടെ ബഹുമാനം കൈവരിക്കുവാനും, അവസാനം അവരിൽ ചിലരെയെങ്കിലും ക്രിസ്തുവിലേക്ക് നേടുവാനുമായി നാം മറ്റുള്ളവർ എന്തു വിചാരിക്കുമെന്ന് കരുതുക തന്നെ വേണം. "ചിലർ രക്ഷിക്കപ്പെടേണ്ടതിന് ഞാൻ എല്ലാവരേയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കുന്നു" എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊ. 9:22). ആത്മാക്കളെ ദൈവത്തിങ്കലേക്ക് മടക്കി കൊണ്ടു വരുന്നതിലധികമായി മറ്റൊന്നും പക്വതയെത്തിവരിൽ നിന്നു അവൻ പ്രതീക്ഷിക്കുന്നില്ല. സൃഷ്ടിത്വാവകാശപ്രകാരം എല്ലാവരും ദൈവത്തിന ുള്ളവരാണ്.

ക്രിസ്ത്യാനികൾ ജോലി ചെയ്യേണ്ടതിന്റെ മറ്റൊരു കാരണം (വാ. 11), **വേറൊരു ആവശ്യവും അവരെ ബാധിക്കാതിരിക്കേണ്ടതിനാണ്.** (വാ. 11 ന്റെ ചർച്ച നോക്കുക.)

## ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച ഉപദേശം (4:13-18)

**13 സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെ പേ ാലെ ദുഃഖിക്കാതിരിക്കേണ്ടതിന്ന് നിദ്ര കൊള്ളുന്നവരെ കുറിച്ച് അറിവില്ലാതിരിക്കരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. 14 യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്ര കൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. 15 കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനേ ാടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്ക് മുമ്പാകയില്ല എന്ന് ഞങ്ങൾ കർത്താവിന്റെ വചനത്താൽ, നിങ്ങളോട് പറയുന്നു. 16 കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗത്തിൽ നിന്നും ഇറങ്ങി വരികയും ക്രിസ്തുവ ിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. 17 പിന്നെ ജീവനേ ാടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. 18 ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.**

**വാക്യം 13.** ''അറിയാത്തതിന്'' പൗലൊസ് അവരെ കുറ്റപ്പെടുത്തുകയായിരുന്നില്ല (കെജെവി). **അറിയക്കപ്പെട്ടിരുന്നില്ല** എന്നതാണ് നല്ല തർജിമ. അതുകൊണ്ട് ഈ ലേഖനത്തിൽ അവൻ അവർക്ക് ആവശ ്യമുള്ള വിവരം നൽകുകയായിരുന്നു-ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള വിവരങ്ങൾ. കൂടുതൽ പ്രത്യേകമായി, **നിദ്രകൊണ്ടവരെ** കുറിച്ചു തെസ്സലൊനിക്യർ മനസിലാക്കുവാനായിരുന്നു പൗലൊസ് താൽപര്യപ്പെട്ടത്. "നിദ്രകൊണ്ടവർ" എന്നത് മരണത്തിനുള്ള മറ്റൊരു പദമാണ്.

അവരുടെ പ്രിയപ്പെട്ടവരിൽ ചിലർ മരിച്ചുകഴിഞ്ഞിരുന്നു. ആ നഷ്ടം നിമിത്തം മാത്രമായിരുന്നില്ല അവർ ദുഃഖിച്ചത്, പിന്നെയോ, പൗലൊസ് തെസ്സലൊനിക്യയിൽ ആയിരുന്നപ്പോൾ പഠിപ്പിച്ച ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച് ചില തെറ്റിദ്ധാരണയും ഉള്ളതിനാലായിരുന്നു. ക്രിസ്തു മഹത്വകരമായി മടങ്ങിവരുമ്പോൾ, വിശ്വസ്തരായ ക്രിസ്ത്യാനികൾ അവനേ ാടുകൂടെ എടുക്കപ്പെടും എന്ന് അവർ വ്യക്തമായി മനസിലാക്കിയിരുന്നു. എങ്ങനെയായാലും, അവരിൽ ആരും മരിക്കുന്നതിനു മുമ്പ്, ഉടനെ ഇതെല്ലാം സംഭവിക്കുമെന്ന് അവർ തെറ്റായി മനസിലാക്കിയിരുന്നു. പക്ഷെ പൗലൊസ് അവരെ വിട്ടുപോയി, ക്രിസ്തു മടങ്ങി വന്നില്ല, അവരുടെ പ്രിയപ്പെട്ടവർ ചിലർ മരിക്കുകയും ചെയ്തു. ക്രിസ്തു തേജസോടെ മടങ്ങിവരുമ്പോൾ, മരിച്ചുപേ ായ അവരുടെ പ്രിയപ്പെട്ടവർക്ക് അതിൽ പങ്കു ചേരുവാൻ കഴിയുകയില്ലല്ലോ എന്ന് അവർ ഭയപ്പെട്ടു. പൗലൊസ് തെസ്സലൊനിക്യരെ കുറിച്ച് പൗലൊസിന് കൊണ്ടുവന്ന വിവരമനുസരിച്ച്, ആകയാൽ ആ മരിച്ചുപോയവരെ കുറിച്ച് ഓർത്ത് അവർ അതീത ദുഃഖിതരായിരുന്നു (3:6).

പൗലൊസ് അവരോട് **ദുഃഖിക്കരുത്** എന്നു പറഞ്ഞു. "ദുഃഖിക്കരുത്" എന്നത് വന്നിരിക്കുന്ന ഗ്രീക്കു വാക്ക് λυπῆσθε (*ലുപേസ്തേ*), λυπέω (*ലുപെയോ*) എന്ന ക്രിയയുടെ പ്രെസന്റ് സബ്ജങ്റ്റിവ് ഫോം ആണ്, "തുടർച്ചയായ ദുഃഖത്തെ" സൂചിപ്പിക്കുന്നു. അത്തരം ദുഃഖം **ശേഷിച്ച പ്ര ത്യാശയില്ലാത്തവർക്കുള്ളതാണ്**. "പുറത്തുള്ളവരായ," അവിശ്വാസികൾ" "പുറത്തുള്ളവർ" (4:12) ആയതിനാൽ, അവർക്ക് പാപമോചനം ലഭിക്കായ്കയാൽ, നിത്യജീവന്റെ പ്രത്യാശയില്ലായിരുന്നു (റോമ. 8:21; എഫെ. 2:12 ഒത്തു നോക്കുക). ഈ പ്രസ്താവനയാൽ പൗലൊസ് എല്ലാ ദിഃഖത്തെയും വിലക്കിയിട്ടില്ല, എങ്ങനെയായാലും, "പ്രത്യാശയില്ലാത്തവരെ പോലെ" വിശ്വാസികൾ വിലപിക്കുന്നത് നിരർത്ഥകമാണ്. അവിശ്വാസികൾക്ക് അത് ഉചിതവുമാണ്.

**വാക്യം 14. ക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ** എന്ന പ്രസ്താവന യേശുവിന്റെ മരണത്തെയോ ഉയർത്തെഴുന്നേലവ്പിനെ സംശയം ഉളവാക്കുന്നതല്ല, "എങ്കിൽ" എന്ന വാക്ക് ചിലപ്പോൾ "ആകയാൽ" എന്നാണ് അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ മരണത്തിലും ഉയർപ്പിലും നാം വിശ്വസിക്കുന്നതിനാൽ, ഇപ്പോൾ **യേശുവിൽ നിദ്ര കൊള്ളുകയാണ്**. ക്രിസ്തു, മാത്രമാണ് പുനരുത്ഥാനത്തിന്റെ ആദ്യഫലം എന്ന് മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നു (1 കൊ. 15:23). "ആദ്യഫലം" എന്നതിൽ പുന രുത്ഥരിക്കുവാനുള്ള മറ്റുള്ളവരും ഉൾപ്പെടുന്നു, അതായത്, "ക്രിസ്തുവിന ുള്ളവരും" (1 കൊ. 15:23).[10]

ഉയിർത്തെഴുന്നേൽക്കുവാനിരിക്കുന്ന ക്രിസ്ത്യാനികൾ പുന രുത്ഥരിക്കപ്പെടുവാൻ ക്രിസ്തുവിനെ ഉയിർപ്പിച്ച **ദൈവം** തന്നെയാണ് ധഉയിർത്തെഴുന്നേൽക്കുന്ന ക്രിസ്ത്യാനികൾപ **ക്രിസ്തുവിനോടു കൂടെ ആകേണ്ടതിന്ന്** പ്രവർത്തിക്കുന്നത് എന്നാണ് പൗലൊസ് പ്രസ്താവിച്ചത്. "അവൻ വീണ്ടും വന്ന് *സ്വർഗത്തിലേക്ക്* പോകുമ്പോൾ അവരും 'അവനേ ാടു കൂടെ' പോകുമോ?" അല്ലെങ്കിൽ, "അവൻ *സ്വർഗത്തിൽ* നിന്ന് താഴേക്ക് വരുമ്പോൾ, അവർ 'അവനോടു കൂടെ' ഉണ്ടായിരിക്കുമോ?"എന്ന് ഒരാൾ ചോദിച്ചേക്കാം. ക്രിസ്തു വീണ്ടും വരുമ്പോൾ അവനോടുകൂടെ ക്രിസ്ത്യാന ികൾ ഉണ്ടായിരിക്കും, അല്ലെങ്കിൽ അവർക്ക് *പരൗസിയ* നഷ്ടമാകും എന്ന

കാരണമാണ് മോറിസ് പറഞ്ഞത്.[11]

ആ ചോദ്യത്തിനുള്ള ഉത്തരം പൗലൊസ് 1 കൊരിന്ത്യർ 15:22-24 ൽ നൽകിയിരിക്കുന്നു: "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തരും താന്താന്റെ നിരയിൽ. ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ, അവന്റെ വരവിൽ പിന്നെ അവസാനം; അന്ന് അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തീട്ട് രാജ്യം പിതാവായ ദൈവത്തിന് ഏൽപിക്കും ..."

*പരൗസിയയിൽ* പങ്കു ചേരുന്നനതിനാണ് അവനോടുകൂടെ ഉയിർത്തെഴുന്നേൽക്കുന്നതും "അവനോടു കൂടെ" *സ്വർഗത്തിലേക്ക് പോകുന്നതും. പരൗസിയ* എന്നു പറയുന്നത് "വരവ്" അല്ലെങ്കിൽ "എത്തിച്ചേരൽ" മാത്രമല്ല എന്നു തിരിച്ചറിയുമ്പോഴാണ് അത് മനസിലാക്കുവാൻ കഴിയുന്നത്. "അന്ന്" മറ്റു സംഭവങ്ങളും നടക്കും (5:2), ഉദാഹരണത്തിന് പുനരുത്ഥാനവും, സ്വർഗത്തിലേക്കുള്ള മടങ്ങലും മുതലായവ. വാസ്തവത്തിൽ, പരൗസയ എന്നാൽ ചിലത് സംഭവിക്കുവാനുള്ള "സാന്നിധ്യം" ആണ്, ഉദാഹരണത്തിന് പുനരുത്ഥാനവും ന്യായവിധിയും.[12]

അവൻ വീണ്ടും വരുമ്പോൾ. മരിച്ചവരായ "ക്രിസ്തുവിന്റെ ആളുകൾ ... ജീവിപ്പിക്കപ്പെടും" എന്ന് പൗലൊസ് 1 കൊരിന്ത്യർക്ക് ലേഖനം എഴുമ്പോൾ പറഞ്ഞു (1 കൊ. 15:22, 23). അവന്റെ വരവിന് മുമ്പ്, അവനോടുകൂടെ സ്വാർഗത്തിലേക്ക് പോകുവാൻ ആരും മരിക്കുകയും "അവനോടു കൂടെ" ജീവിപ്പിക്കപ്പെടുകയുമില്ല. ക്രിസ്തു തന്റെ രാജ്യം പിതാവിന് ഏൽപിച്ചു കൊടുക്കുന്നത് എല്ലാറ്റിന്റേയും "അവസാനം" ആയിരിക്കും. രണാം വരവ് എന്ന മഹാ സംഭവത്തിൽ നടക്കുന്ന കാര്യങ്ങളെല്ലാം വ്യക്തമാക്കുന്നത്, ഉയർത്തെഴുന്നേൽക്കപ്പെടുന്ന വിശുദ്ധന്മാരെല്ലാവരും ക്രിസ്തുവിനോടു "കൂടെ" *തിരിച്ച് ഉയരത്തിൽ സ്വർഗത്തിലേക്കു* പോകും എന്നാണ്. ഈ വേദഭാഗത്ത് പ്രതിപാദിക്കുന്ന ജീവിക്കുന്ന വിശ്വാസികൾക്കും അവിശ്വാസികൾക്കുമിടയിൽ "റാപ്ച്ചറിസ്റ്റ്" കാഴ്ച്ചപ്പാട് വചനപ്രകാരമുള്ളതല്ല. മറിച്ച്, ക്രിസ്തുവിന്റെ മടങ്ങി വരവിനു മുൻപ് വിശ്വസിച്ചു മരിച്ചവരും ("യേശുവിൽ നിദ്രകൊണ്ടവർ") തെസ്സസലൊനിക്യയിൽ അപ്പോൾ ജീവനോടെ ഇരിക്കുന്നവരും തമ്മിലുള്ള വ്യത്യാസമാണ് ബോധ്യമാക്കുന്നത്. (1 തെസ്സ. 4:14 ന്റെ താഴെ കൊടുത്ത ചാർട്ട് നോക്കുക.)

ഈ വാക്യത്തെ കുറിച്ച് ജെ.ഡബ്ലിയു. മെക്കാർവേയും ഫിലിപ് വൈ പെന്റൽടണും എഴുതി:

> "അവനോടു കൂടെ" എന്നു ഇവിടെ പറയുന്നതിന്റെ അർത്ഥം, ശരീരം വിട്ട ആത്മാക്കളെ യേശു വരുമ്പോൾ *സ്വർഗത്തിൽ നിന്നു* കൊണ്ടുവരും *എന്നല്ല,* മറിച്ച് *കല്ലറയിൽ നിന്നു* യേശുവിനെ ഉയർപ്പിച്ചവൻ അവരെയും, *കല്ലറയിൽ നിന്നു* പുനരുത്ഥാനത്തിൽ അവനോടുകൂടെ ആകുവാൻ കൊണ്ടുവരും എന്നാണ്. യേശുവിൽ മരിച്ചവരെല്ലാവരും യേശുവിനോടുകൂടെ ആത്മിയമായി ചേരുവാൻ ആണ് അപ്രകാരം ആകുന്നത് (എംഫസിസ് ആഡഡ്).[13]

ഡേവിഡ് ജെ. വില്യംസും പറഞ്ഞു, "അതുകൊണ്ട് വിശ്വാസികളുടെ പുനരുത്ഥാനം വേറിട്ട സംഭവമായിട്ടല്ല നടക്കുന്നത്, അവർ യേശുവിന്റെ

പുനരുത്ഥാനത്തിൽ പങ്കു ചേരുകയാണ്: അവർ യേശുവിനോടു കൂടെ ഉയർക്കപ്പെടും"[14] ഈ രീതിയിൽ തർജിമ ചെയ്യുമ്പോൾ, ആ വേദഭാഗം 2 കൊരിന്ത്യർ 4:14 ന് സമാന്തരമാകുന്നു: "കർത്താവായ യേശുവിനെ ഉയർപ്പിച്ചവൻ ഞങ്ങളെയും *യേശുവിൽ* നിങ്ങളോടു കൂടെ ഉയർപ്പിച്ചു നിറുത്തും."

അതുകൊണ്ട്, വാക്യം 14 രഹസ്യ റാപ്ച്ചറിനെ കുറിച്ച് (മാറ്റപ്പെടുക അല്ലെങ്കിൽ ഉയർത്തപ്പെടുക) പറയുന്നില്ല, അതായത് ലോകവസാനത്തിന് മുൻപ് ചില ക്രിസ്ത്യാനികളെ ഉയർത്തുമെന്ന ചിന്താഗതി, വാസ്തവമല്ല. ലോകാവസാനം എല്ലാ ക്രിസ്ത്യാനികളെയും പരസ്യമായിട്ടായിരിക്കും എടുക്കുക (വാ. 17 നോക്കുക).

വാക്യത്തിന്റെ അവസാനം, **യേശുവിൽ** എന്ന പ്രയോഗത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, ഒരിക്കൽ കൂടെ നാം സ്നാനപ്പെട്ടത് യേശുവി "നോട്" ചേരുവാനാണ് എന്നു ബോധ്യമാക്കുന്നു (റോമ. 6:3, 4).

**വാക്യം 15. കർത്താവിന്റെ വചനത്താൽ ഞങ്ങൾ നിങ്ങളോട് പരയുന്നു** എന്നത് സൂചിപ്പിക്കുന്നത്, കർത്താവ് വ്യക്തിപരമായി ഭൂമിയിലായിരുന്നപ്പോൾ നൽകിയിരുന്നതാകാം (1 കൊ. 7:10 താരതമ്യം ചെയ്യുക), അല്ലെങ്കിൽ കർത്താവ് പരോക്ഷമായി തന്റെ അപ്പൊസ്തലന്മാരോടു പറഞ്ഞതാകാനും സാധ്യതയുണ്ട് (2:13 ന്റ ചർച്ച നോക്കുക). സുവിശേഷങ്ങളിൽ പ്രതിപാദിക്കാത്തവയാണ് യേശുവിന്റെ പ്രസ്താവനകൾ എന്ന് മോറിസ് കരുതുന്നു, ഉദാഹരണമായി പ്രവൃത്തികൾ 20:35.[15]

**1 തെസ്സ. 4:14 ല വലിയ ചോദ്യം:**
**"അവനോടു കൂടെ" എപ്പോൾ?**

| | | | | |
|---|---|---|---|---|
| ↓<br>↓<br>↓<br>↓<br>↓<br>↓ | എ) രഹസ്യമായി വരുന്ന (ആദ്യത്തെ) റാപ്ച്ചറിന് ശേഷം *ഭൂമിയിലേക്ക് വരുന്നു*-എന്നാണ് റാപ്ച്ചർ കാരുടെ വാദം. | അല്ലെങ്കിൽ | ↑<br>↑<br>↑<br>↑<br>↑<br>↑ | ബി) *എഡ്വേർഡ്സും (മറ്റുള്ളവരും)*- അവന്റെ വരവിൽ ഉയർപ്പിച്ചവരും "അവനോടു കൂടെ" *സ്വർഗത്തിലേക്ക് മടങ്ങി പേ ാകുന്നു.* |

അതിന് സമാന്തരമായ വേദഭാഗമാണ് 2 കൊ. 4:14: "*കർത്താവായ യേശുവിനെ ഉയർപ്പിച്ചവൻ* ഞങ്ങളെയും യേശുവോടുകൂടെ ഇയിർപ്പിച്ച് നിങ്ങളോടു കൂടെ തിരുസന്നിധിയിൽ നിറുത്തും'' (എംഫസിസ് ആഡഡ്).

കുറിപ്പ്: "യോശുവോടു കൂടെ" എന്നാൽ

1) ഒരേ സമയത്ത് അല്ല ("അവൻ" ഭൂതകാലത്തിൽ "നാം" ഭാവി യിൽ); എന്നാൽ,

2) ഒരേ അവസ്ഥയിൽ (ഉയിർത്തെഴുന്നേറ്റ).

കൂടാതെ 1 കൊ. 6:14 താരതമ്യം ചെയ്യുക.

**കർത്താവിന്റെ** വരവ് ധ*പരൗസിയാ*പ, മുൻപ് ഇവിടെ പറയുന്നത് അവന്റെ രണ്ടാം വരവാണ് (വാ. 16, 17; 1 കൊ. 15:22–24). കർത്താവ് മടങ്ങി **വരുന്നതുവരെ ജീവനോടെ ഇരിക്കുന്നവർ** ക്രിസ്തുവിൽ മരിച്ച അവരുടെ പ്രിയപ്പെട്ടവരായിരുന്ന ക്രിസ്ത്യാനികൾക്ക് **മുൻപാകയില്ല** എന്ന ഉറപ്പാണ് പൗലൊസ് തെസ്സലൊനിക്യർക്ക് നൽകിയത്. "നിദ്രകൊണവർ," അല്ലെങ്കിൽ മരിച്ചവർ, എന്നാണ്, മരിച്ചവർക്ക് "മുൻപാകയില്ല" ജീവിച്ചിരിക്കുന്നവർ. ഇവ ഉപയോഗിച്ചിരിക്കുന്നത്, സെക്കന്റ് അയോറിസ്റ്റ് സബ്ജങ്റ്റിവ് ഓഫ് [φθάνω] *ഫ്തനോ*, അർത്ഥം, "പ്രതീക്ഷിക്കുന്നതിന് മുൻപ് വരിക."[16]

"ഞങ്ങൾ" എന്ന വാക്ക് ഉപയോഗിച്ചതിൽനിന്നും പൗലൊസ് ഉദ്ദേശിച്ചത് കർത്താവിന്റെ വരവ് വരെ ജീവനോടെ ശേഷിക്കുന്നവരെയാണോ? അല്ല എന്നു തോന്നുന്നു. ഐ. ഹോവാർഡ് മാർഷൽ ശരിയായി പറഞ്ഞു, "കർത്താവിന്റെ *പരൗസിയാ* വരെ അവൻ ജീവനോടെ ഇരിക്കുമെന്ന പണ്ഡിതന്മാരുടെ വ്യാഖ്യാനം തെറ്റായതാണെന്ന് പൗലൊസിന്റെ വാക്കുകൾ തെളിയിക്കുന്നു."[17] മറ്റൊരു ഭാഗത്ത്, തന്നെയും കൂടെ ഉൾപ്പെടുത്തി പൗലൊസ് പറയുന്നു "ദൈവം ഉയർപ്പിക്കും" എന്ന് (1 കൊ. 6:14; 2 കൊ. 4:14 നോക്കുക). എങ്ങനെയായാലും, രണ്ടിലും, ആ സമയത്ത് അവൻ പറയുന്ന സംഘത്തിൽ അവനെയും ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം, എന്നാൽ മറ്റൊരു സന്ദർഭത്തിൽ, ക്രിസ്തു മടങ്ങി വരുമ്പോൾ, ജീവനോടെ ഇരിക്കുമോ നിദ്രകൊള്ളുമോ എന്ന് അറിയേണ ആവശ്യമില്ലെന്ന് തോന്നുന്ന വിധത്തിലാണ് പ്രസ്താവിച്ചിരിക്കുന്നത് (1 തെസ്സ. 5:1, 2, 10). ക്രിസ്തു എപ്പോൾ വരും എന്നതല്ല വാക്യം 15 ലെ പൗലൊസിന്റെ മുഖ്യ വിഷയം, മറിച്ച്, മരിച്ചുപേ ായവരേക്കാൾ അന്ന് ജീവനോടെ ഇരിക്കുന്നവർക്ക് വലിയ നേട്ടമൊന്നും ഇല്ല എന്നാണ് പറയുന്നത്.[18]

**വാക്യം 16.** മരിച്ചു പോയവരേക്കാൾ അന്ന് ജീവനോടെ ഇരിക്കുന്നവർക്ക് എന്തുകൊണ്ടാണ് നേട്ടമില്ലാത്തത്? കാരഹണം കർത്താവ് വരുമ്പോൾ, അവൻ **ആദ്യം ക്രിസ്തുവിൽ മരിച്ചവരെ** ഉയർപ്പിധക്കുംപ. **കർത്താവ് സ്വർഗത്തിൽ നിന്നും ... ഇറങ്ങി** വരുമ്പോധൾപ തന്നെ മരിച്ചുപോയ ക്രിസ്ത്യാനികൾ ഉയർത്തെഴുന്നേൽക്കും.

അവന്റെ വരവ് വലിയ ശബ്ദത്തോടു കൂടെ ആയിരിക്കും (κέλευσμα, *കെലെയുസ്മാ*), അല്ലെങ്കിൽ "ഉച്ചത്തിലുള്ള ആജ്ഞയോടെ" (എൻഐവി).[19] "കാഹളനാദം" ഒരുപക്ഷെ കല്ലറയുള്ളവരെ ക്രിസ്തു വിളിക്കുന്നതാകാം (യോഹ. 5:28 താരതമ്യം ചെയ്യുക). അതിനു പുറമെ മനുഷ്യർ **പ്രധാന ദൂതന്റെ ശബ്ദവും** കേൾക്കും ഈ ദൂതൻ ഗബ്രിയേൽ ആയിരിക്കുവാൻ സാധ്യതയില്ല, ബൈബിളിൽ "പ്രധാന ദൂതനായി" വിശേഷിപ്പിച്ചിരിക്കുന്നത് മിഖായേലിനെ ആണ് (യൂദാ 9; വെളി. 12:1–9). "അവൻ തിരഞ്ഞെടുത്തവരെ കൂട്ടിച്ചേർക്കുന്നതിന്" മറ്റു ദൂതന്മാരെ വിളിക്കുന്നതാകാം പ്രധാന ദൂതന്റെ ശബ്ദം (മത്താ. 24:31). പ്രധാന ദൂതന്റെ ശബ്ദത്തോടൊപ്പം **ദൈവത്തിന്റെ കാഹള നാദവും** കേൾക്കാം. ഈ "കാഹളം" 1 കൊരിന്ത്യർ 15:52 ലെ അവസാന കാഹളമാണ്. അത് "ദൈവത്തിന്റെ" കാഹളമാണ്, കാരണം അത് ദൈവമായ, ക്രിസ്തുവിന്റെ വരവാണ്. സിയോൻ പരവ്വതത്തിൽ തങ്ങളുടെ ദൈവത്തെ കാണുവാൻ വരേണതിന് വിളിച്ചതും കാഹളശബ്ദത്താലായിരുന്നു (പുറ. 19:17–19). ചരിത്രത്തിൽ മനുഷ്യരെ "ഉണർത്തുവാൻ" ഇടക്കിടക്ക് കാഹളം ഉപയോഗിച്ചിരുന്നു. ഇവിടെ, വിശ്വാസികളെ മരണമെന്ന "നിദ്രയിൽ" നിന്നും

ഉണർത്തുവാനുള്ള കാഹളനാദമാണ്.

ഈ വേദഭാഗത്ത്, അനുസരിച്ചവരുടെ ഉയർത്തെഴുന്നേൽപിനെ കുറിച്ചാണ് പൗലൊസ് ചർച്ച ചെയ്യുന്നത്, കാരണംതന്റെ ഉദ്ദേശ നിവർത്തീകരണത്തിന് അതാണ് ആവശ്യം. എങ്ങനെയായാലും, അനുസരിക്കാതിരുന്നവരും അതേ സമയത്തു തന്നെ ഉയിർത്തെഴുന്നേൽക്കും, അത് ക്രിസ്തുവും പൗലൊസ് അപ്പൊസ്തലനും തിരുവെഴുത്തിൽ പഠിപ്പിച്ചിരുന്നു (പ്രവൃ. 24:15; യോഹ. 5:28, 29). തെസ്സലൊനിക്യർക്കുള്ള മുഖ്യ വിഷയം, ദൈവം, മരിച്ചവരായ അവരുടെ പ്രിയപ്പെട്ടവരെ ഉപേക്ഷിച്ചിട്ടില്ല. അവർ "ആദ്യം" ഉയിർത്തെഴുന്നേൽക്കും.

**വാക്യം 17.** കർത്താവ് വീണ്ടും വരുമ്പോൾ, ജീവനോടെ ഇരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ട് **മേഘങ്ങളിൽ അവനോടു കൂടെ എടുക്കപ്പെടും** [ἁρπάζω, *ഹാർപസോ*] എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. "അവർ" എന്നു പ രഞ്ഞിരിക്കുന്നത്, ജീവിച്ചിരിക്കുന്നവർ അവരുടെ മരിച്ചവരായ പ്രിയപ്പെട്ടവരും ഉയർത്തെഴുന്നേറ്റു ചേരും എന്നത് വാക്യം 14 ൽ ചർച്ച ചെയ്തിരിക്കുന്നു. ("എടുക്കപ്പെടും" എന്ന താഴെ കൊടുത്തിരിക്കുന്ന "തിരുവെഴുത്തിലെ റാപ്ച്ചർ"- 1 തെസ്സ. 4:17 എന്ന ചാർട്ട് നോക്കുക.) "നാം" എന്നു പറയുന്നവരും "അവർ" എന്നു പറയുന്നവരം **കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ** എടുക്കപ്പെടും. "മേഘങ്ങളിൽ" എന്നു പറഞ്ഞിരിക്കുന്നത് സൂചിപ്പിക്കുന്നത് ഒരുപക്ഷെ സാത്താന്മേലുള്ള പൂർണ്ണമായ ജയമായിരിക്കാം, ആകാശത്തിലെ അധികാരം എന്നാണ് പൗലൊസ് വേറൊരു ഭാഗത്ത് പറയുന്നത് (എഫെ. 2:2). ക്രിസ്തുവിന്റെ രണ്ടാം വരവിൽ, അവന്റെ വാഴ്ച്ച "മേഘങ്ങളിലേക്ക്" വ്യാപ ിക്കുന്നതിന്റെ അർത്ഥം സാത്താനെ അവൻ പൂർണ്ണമായും പരാജയപ്പെടുത്തി എന്നാണ്.

യേശു മടങ്ങി വന്ന് ഭൂമിയിൽ ആയിരാ-മാണ്ട് വാഴ്ച്ച നടത്തുമെന്ന ആശയം ഇല്ലാതാക്കുന്നതാണ് ഈ വേദഭാഗം. അവൻ വീണ്ടും ഭൂമിയിൽ കാൽ കുത്തുമെന്ന് തിരുവെഴുത്തിൽ സൂചിപ്പിക്കുന്നില്ല. പകരം, അവൻ "വന്ന്" ഭൂമിയിലുള്ളവരെ മേഘങ്ങളിലേക്ക് എടുക്കപ്പെട്ട് "**എന്നേക്കും**" സ്വർഗത്തിൽ അവനോടു കൂടെ ആയിരിക്കും (എൻഐവി). ഇവിടെ പറയുന്നത് റാപ്ച്ചറാണെന്ന ആശയത്തെ എതിർത്ത് മോറിസ് പറയുന്നു, "ഇത് രഹസ്യ റാപ്ച്ചറാണ് എന്നു വ്യാഖ്യാനിക്കുന്നതിനോട് ഒരിക്കലും യോജിക്കുവാൻ കഴിയുന്നില്ല."[20] മറ്റൊരു ഭാഗത്ത് (1 കൊ. 15:48-52) മാംസ-രക്തങ്ങൾക്ക് ദൈവ

<table>
<tr><th colspan="2">തിരുവെഴുത്തിലെ "റാപ്ച്ചറിങ്ങ്"<br>1 തെസ്സ. 4:17:<br>"എടുക്കപ്പെടും"</th></tr>
<tr><td>ശരിയല്ല:<br>അവസാനം അവൻ മടങ്ങി വരുന്നതിനു വർഷങ്ങൾക്ക് മുൻപ് രഹസ്യമായി വന്ന് ചില വിശ്വാസികളോടുകൂടെ റാപ്ച്ചറിങ്ങ് നടത്തുമെന്ന ചിലരുടെ വിശ്വാസം</td><td>ശരി:<br>അവസാനം അവൻ മടങ്ങി വരുമ്പോൾ "അവനോടു കൂടെ" എല്ലാ വിശ്വാസികളും സ്വർഗത്തിലേക്ക് പോകും</td></tr>
</table>

രാജ്യം അവകാശമാക്കുവാൻ സാധ്യല്ല "അക്ഷയമായ" അവസ്ഥയിലേക്ക് നാം "മാറ്റപ്പെടണം."

**വാക്യം 18.** മരിച്ചവരായ തങ്ങളുടെ പ്രിയപ്പെട്ടവരെ ഓർത്ത് തെസ്സലൊനിക്യർക്ക് **അന്യോന്യം ആശ്വാസിച്ചു കൊള്ളുവാൻ** ഉപകാരപ്പെടുന്നതായിരുന്നു പൗലൊസിന്റെ **വാക്കുകൾ**. വേർപിരിഞ്ഞു പോയ അവരുടെ പ്രിയപ്പെട്ടവർ ക്രിസ്തുവിന്റെ രണ്ടാം വരവ് എന്ന മഹാ ദിനത്തിൽ കാണാതെ പോകുകയില്ല, എന്നാണ് അവൻ പറഞ്ഞത്. വീണ്ടും, "ആശ്വാസം" എന്നതിന്റെ ഗ്രീക്ക് വാക്ക് *പാരാകലെയോ*, അർത്ഥം, "പ്രോൽസാഹിപ്പിക്കുക," "ആശ്വസിപ്പിക്കുക," "സമാശ്വസിപ്പിക്കുക" (3:7 നോക്കുക).

## പ്രായോഗികത

ഈ സമയത്ത്, പൗലൊസ് തന്റെ ലേഖനത്തിന്റെ പ്രായോഗിക തലത്തിലേക്ക് നീങ്ങുകയാണ്. തെസ്സലൊനിക്യർക്ക് ആവശ്യമായ ഉപദേശങ്ങൾ ആദ്യം നൽകി, ഇപ്പോൾ അവൻ അവരുടെ കടമകളിലേക്ക് പ്രവേശിക്കുകയാണ്. അവൻ ഉപദേശത്തിൽനിന്നു കടമയിലേക്കും, വഴിയിൽ നിന്നും പരിശീലനത്തിലേക്കും പ്രവേശിക്കുകയാണ്.

### ക്രിസ്ത്യാനികൾ എങ്ങനെയാണ് നടക്കേണത്? (4:1, 2)

1 തെസ്സലൊനിക്യ ലേഖനത്തിലെ പ്രധാനപ്പെട്ട ഊന്നൽ യേശുവിന്റെ രണ്ടാം വരവാണ്. മണവാട്ടിയായ സഭയുടെ മണവാളനാണ് ക്രിസ്തു (2 കൊ. 11:2), അവൻ വരുന്നത് അവളെ തനിക്കായി എടുക്കുന്നതിനാണ് (യോഹ. 14:3). "കുഞ്ഞാടിൻെറ കല്യാണ വിരുന്ന്" എന്ന് വിളിക്കുന്ന വലിയ ഉൽസവത്തോടുകൂടിയാണ് സഭ അവനോടൊപ്പം ചേരുന്നത് (വെളി. 19:9). നാം ദൂരെ ആയികിക്കുമ്പോൾ ക്രിസ്തു നമ്മുടെ ജീവിതത്തിനായി രൂപപ്പെടുത്തിയിരിക്കുന്നത് പിൻപറ്റുകയല്ലേ?

അവൻ മടങ്ങി വരുന്നതു വരെ എങ്ങനെയാണ് നാം നടക്കേണ്ടത് അഥവാ ജീവിക്കേണ്ടത്? പൗലൊസ് പറഞ്ഞു, "... ദൈവപ്രസാദം ലഭിപ്പാന്തക്കവണ്ണം നിങ്ങൾ എങ്ങനെ നടക്കേണം എന്നു ഞങ്ങളോട് ഗ്രഹിച്ചതുപോലെ" (വാ. 1). ക്രിസ്തീയ ജീവിതത്തെ നടപ്പായി ചിത്രീകരിക്കുമ്പോൾ അത് ഒരു തീർത്ഥാടനത്തെ ഓർപ്പിക്കുന്നു (2:12 നോക്കുക). അതേ ഭാവന ഉപയോഗിച്ച് യേശു ഒരിക്കൽ പറഞ്ഞു, "നിത്യജീവങ്കലേക്കുള്ള വഴി ഇടുക്കമുള്ളത്" (മത്താ. 7:14).

പൗലൊസ് പറഞ്ഞതനുസരിച്ച്, "കൽപ്പനകളെ" അനുസരിച്ച് ദൈവത്തെ "പ്രസാദിപ്പിക്കുവാനായിരിക്കണം" ക്രിസ്ത്യാനി നടക്കുവാൻ (വാ. 1, 2). നമ്മുടെ മണവാളനായ കർത്താവായ യേശുവിന്റെ നിയമങ്ങളെ അനുസരിച്ച് വേണം നാം ദൈവത്തെ സേവിക്കുവാൻ. ഈഈ

### വിശ്വാസത്തിൽ തുടരൽ (4:1, 2)

താൻ പ്രവേശിക്കുന്നത് ലേഖനത്തിന്റെ പ്രായോഗികതലത്തിലേക്കാണ് പ്രവേശിക്കുന്നതെന്ന് അപ്പൊസ്തലൻ "അവസാനം," "പിന്നീട്" എന്നീ വാക്കുകൾ ഉപയോഗിച്ച് വ്യക്തമാക്കുകയാണ്, അല്ലാതെ അവയുടെ അർത്ഥം, "ഉപസംഹാരം" അല്ലെങ്കിൽ "ശേഷിക്കുന്നത്" എന്നോ അർത്ഥം ആകുന്നില്ല. അവൻ തെസ്സലൊനിക്യരെ മൃദുവായി സഹോദരന്മാരേ എന്നാണ് സംബോധന ചെയ്തത്, അവരുടെ പ്രിയപ്പെട്ടവരെ ദൈവം ഉപേക്ഷിച്ചിട്ടില്ലാത്തതിനാൽ അവർ

കർത്താവായ യേശു മുഖാന്തരം ലഭിച്ച സന്ദേശപ്രകാരം ജീവിക്കണം. പുതിയ പരിവർത്തകർ അന്നും ഇന്നും എങ്ങനെ ജീവിക്കണം എന്നു ചിത്രീകരിക്കുന്നതാണ് അവന്റെ പ്രബോധനം.

*അവർ തങ്ങൾക്ക് പ്രാപിച്ചതനുസരിച്ച് നടക്കേണം.* സുവിശേഷ ജീവിതവും അതിന്റെ സൂചനകളുമാണ് പൗലൊസും, തിമൊഥെയൊസും, ശിലാസും തെസ്സലൊനിക്യരെ പഠിപ്പിച്ചത്. അവർ എങ്ങനെ ജീവിക്കണം എന്ന് അവരെ പഠിപ്പിച്ചിരുന്നു. ജീവിക്കുക എന്നതിന് പകരമുള്ള വാക്കാണ് "നടക്കുക" എന്നത്. ക്രിസ്തീയ ജീവിതം എന്നത് ഒരു പടി അല്ല, അത് ഒരു നടപ്പ് ആണ്. അതിനെ കാലത്തിലെ ഒരു പ്രത്യേക സംഭവമായി ചുരുക്കാവുന്നതല്ല, മറിച്ച് തടസം കൂടാതെ വിശ്വസ്തമായി തുടർച്ചയായി ജീവിക്കേണ്ടതാണ്.

*ക്രിസ്തുവിന്റെ ഉപദേശത്തിൽ അവർ ഉയരേണം.* ഒരേ നിലയിൽ നിൽക്കേണ്ടവരല്ല ക്രിസ്ത്യാനികൾ; അവർ ക്രിസ്തുവിന്റെ ഉപദേശങ്ങൾ പ്രാവർത്തികമാക്കി, വിശ്വാസത്തിൽ ആത്മിയ പക്വതയിലേക്ക് വളരേണം.

*അവർക്ക് ലഭിച്ചിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കണം.* സുവിശേഷ സന്ദേശം ഹൃദയത്തിൽ സൂക്ഷിച്ച് വിശ്വസ്തതയോടെ ജീവിക്കുവാനാണ് പൗലൊസ് അവരോട് ആവശ്യപ്പെട്ടത്. അവർ തെസ്സലൊനിക്യയിലെ സഭയായി നിലകൊള്ളുവാനായിരുന്നു അപ്പൊസ്തലൻ അവരോട് ആവശ്യപ്പെട്ടത്.

മൂന്നു വാക്കുകളിൽ ചുറ്റിപ്പറ്റിയായിരുന്നു ആ പുതിയ പരിവർത്തകരോട് അവൻ പ്രബോധിപ്പിച്ചത്: ''നയപ്പ്,'' ''വർദ്ധിക്കുക,'' ''സൂക്ഷിക്കുക.'' ചുരുക്കമായിട്ടാണെങ്കിലും പ്രായോഗികമായിട്ടാണ് അവൻ ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വത്തെ ബോധ്യപ്പെടുത്തിയത്. ഈസി

**ലൈംഗിക അശുദ്ധി (4:3-8)**

ആ വാക്കുകളാൽ പൗലൊസ് പൊതുവായ കാര്യങ്ങളിൽനിന്ന് പ്രത്യേകമായവയിലേക്ക് കടക്കുമ്പോൾ, വിഷയം ഉപദേശപരമായ സന്ദേശത്തിൽനിന്ന് ക്രിസ്തീയ ശുദ്ധിയിലേക്ക് നീങ്ങുന്നു. ജാതികളുടെ ആചാരാനുഷ്ഠാനങ്ങളിലും ജീവിത ശൈലിയിലും ഒരു ഭാഗമായിരുന്നു ദുർന്നടപ്പ്. മുൻപ് ഇവരുടെ ജീവിതത്തിലും ദുർന്നടപ്പ് ശീലമായിരുന്നു. അതുകൊണ്ട് ക്രിസ്തീയ ജീവിതത്തിൽ എന്തുകൊണ്ട് ദുർന്നടപ്പ് പാടില്ല എന്ന് വിശദ്മാക്കേണ്ടത് അനിവാര്യമായിരുന്നു.

*ദുർന്നടപ്പ് ഒഴിവാക്കുന്നത് ദൈവഹിതമാണ്* (വാ. 3). തിരുവെഴുത്തിൽ ഇവിടെ മാത്രമാണ് ബ്ലാങ്ക് സ്റ്റെയിറ്റ്മെന്റായി ഒരു പോയിന്റ് വ്യക്തമാക്കുന്നത്. നമുക്ക് ചോദിക്കാം ''എന്താണ് ദൈവഹിതം?'' തത്വത്തിൽ പൗലൊസ് നമ്മോട് പറയുന്നു, "ദൈവം ദുർന്നടപ്പ് ആചരിക്കൽ ആഗ്രഹിക്കുന്നില്ല എന്നു തീർച്ചയാക്കാം."

*അത് മറ്റുള്ളവരിൽ നിന്നു കവരുന്നതോ മോഷ്ടിക്കുന്നതോ ആണ്* (വാ. 6). ഓരോ ക്രിസ്ത്യാനിക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാന ആത്മാർത്ഥത നഷ്ടപ്പെടുത്തുന്നതാണ് ദുർന്നടപ്പ്. ഓരോരുത്തരും തന്റെ പങ്കാളിയോട് പുലർത്തേണ വിശുദ്ധിയെ ക്രിസ്ത്യാനിയിൽനിന്നും അത് കവർന്നെടുക്കുന്നു.

*അതിന് ദൈവത്തിൽ നിന്നു ശിക്ഷ ലഭിക്കും* (വാ. 6). തിന്മക്ക് പകരം കൊടുക്കുന്നത് ദൈവം ആണ്. എല്ലാ പാപത്തെയും പോലെയാണ് അവൻ അതിനേയും കാണുന്നത്-ശരിയായി പകരം ചെയ്യും. ഒരു പാപവും അവന്റെ കണ്ണുകൾ-കാണാതിരിക്കുകയില്ല.

*ദുർന്നടപ്പ് പരിശുദ്ധാത്മാവിന് എതിരായ പാപം ആണ്* (വാ. 8). പൗലൊസ് പറയുന്നതനുസരിച്ച് ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരമാണ് (1 കൊ. 6:19, 20). തൽഫലമായി, ഒരു ക്രിസ്ത്യാനി ദൈവത്തിന്റെ മന്ദിരമായി തീരുന്നു, അപ്പോൾ നീതിമാനായ ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന ശരീരം ദുർന്നടപ്പിനിരയായി അശുദ്ധമാക്കാവുന്നതല്ല.

ഈ കാരണങ്ങൾ ഗൗരവമായി പരിഗണിക്കുന്ന ഒരാൾക്ക്, അപകകരമായ ദുർന്നടപ്പ് ആചരിക്കുവാൻ കഴിയുകയില്ല. ഒരു ക്രരിസ്ത്യാനിക്കും അതിനെ പ്രതിരോധിക്കയോ, അതിൽ ഏർപ്പെടുകയോ, അത് വാഞ്ഛിക്കുകയോ ചെയ്യില്ല.

ഈസി

**വിശുദ്ധീകരണത്തിൽ നടക്കുക (4:3-8)**

പൗലൊസ് എഴുതി, "ദൈവത്തിന്റെ ഇഷ്ടമോ, നിങ്ങളുടെ വിശുദ്ധീകരണം തന്നെ" (വാ. 3). ക്രിസ്തീയ നടപ്പ് ആരംഭിക്കുന്നതിന് മുൻപ് ക്രിസ്ത്യാനിയുടെ "പാപങ്ങൾ കഴുകപ്പെട്ടതാണ്" (പ്രവൃ. 22:16), അവരുടെ ക്രിസ്തീയ നടപ്പിൽ സംഭവിക്കുന്ന മാനസാന്തരപ്പെട്ട് പാപങ്ങൾ ഏറ്റു പറയുന്നതിനാൽ ക്ഷമിക്കപ്പെടുകയും ചെയ്യുന്നു (1 യോഹ. 1:7–10). ലൈംഗിക പരീക്ഷണത്തെ അതിജീവിച്ച് എങ്ങനെ വിശുദ്ധീകരണ ജീവിതം നയിക്കാമെന്ന് പൗലൊസ് തെസ്സലൊനിക്യരെ ബോധ്യപ്പെടുത്തി.

*ദുർന്നടപ്പ് വിട്ടൊഴിയുക* (വാ. 3). ഇത് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന പട്ടണങ്ങളിലെല്ലാം ദുർന്നടപ്പ് എന്ന അപകടമുണ്ടായിരുന്നു, അവിടെയെല്ലാം വ്യഭിചാരം വ്യാപകമായിരുന്നു.

"*വിശുദ്ധീകരണത്തിലും മാനത്തിലും ധതാന്താന്റെപ പാത്രധത്തെപ നേടുക*" (വാ. 4). "പാത്രം" എന്ന വാക്കിന്റെ അർത്ഥത്തെ കുറിച്ച് തർക്കം നിലവിലുണ്ട്. ആർഎസ്‌വിയിൽ "ഭാര്യ" എന്നാണ് ("അവന്റേതായി ഒരു ഭാര്യയെ എടുക്കുക") എങ്കിലും, ഇത്തരത്തിൽ ബൈബിളിൽ മറ്റൊരിടത്തും ഭാര്യയെ പറഞ്ഞിട്ടില്ല. പാത്രം എന്നത് "ശരീരം" എന്നു തർജിമ ചെയ്യുന്നതാകാം നല്ലത് (എൻഐവി). ക്രിയാത്മകമായി പറഞ്ഞാൽ, ക്രിസ്ത്യാനികൾ തങ്ങളുടെ ശരീരങ്ങളെ "വിശുദ്ധീകരണത്തിലും മാനത്തിലും" സൂക്ഷിക്കണം (വാ. 4; റോമ. 6:19 നോക്കുക). നിഷേധ രൂപത്തിൽ പറഞ്ഞാൽ, ക്രിസ്ത്യാനികൾ തങ്ങളുടെ ശരീരങ്ങളെ "മോഹേഛകൾക്കായി" ഉപയോഗിക്കരുത് (വാ. 5).

*ശരീരത്തിന്റെ ഇഛകൾ നിയന്ത്രിക്കുന്ന കാര്യത്തിൽ ആരും ധന ിങ്ങളുടെപ "സഹോദരനെ ചതിക്കരുത്"* (വാ. 6). മറ്റൊരാളുടെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നത് ആ ഭർത്താവിനെ ചതിക്കലാണ്. ഒരാൾ വിവാഹം കഴിക്കാത്ത ഒരാളുമായി വ്യഭിചാരം ചെയ്യുന്നത്, ആ വ്യക്തിയെ ഭാവിയിൽ വിവാഹം കഴിക്കുവാൻ പോകുന്ന ആളെ ചതിക്കുന്നതായി തീരുന്നു.

*ഈ വകയിൽ ഒക്കെയും പ്രതികാരം ചെയ്യുന്നവൻ കർത്താവല്ലൊ* (വാ. 6). ഇവിടെ "പ്രതികാരം" എന്നു പറയുന്നത് ശിക്ഷിക്കലിനെയല്ല, പിന്നെയോ, നീതിനിർവ്വഹണത്തെയാണ് സൂചിപ്പിക്കുന്നത്. താൻ അവിടെയായിരുന്നപ്പോൾ പൗലൊസ് ഇത് തെസ്സലൊനിക്യരെ മുന്നറിയിച്ചിരുന്നു, അവൻ അത് ഗൗരവമായി എടുത്തിരുന്നു. "ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രെ വിളിച്ചത്" (വാ. 7).

*ഈ കാര്യത്തെ തുഛീകരിക്കുന്നവൻ മനുഷ്യരെ അല്ല, ദൈവത്തെ തന്നെയാണ് തുഛീകരിക്കുന്നത്* (വാ. 8). ദൈവം നമ്മുടെ സൃഷ്ടികർത്താവാണ്.

നാം സ്നാനം ഏൽക്കുമ്പോൾ, അവനാണ് തന്റെ പരിശുദ്ധാത്മാവിനെ നമ്മിലേക്ക് പകരുന്നത് (വാ. 8; പ്രവൃ. 2:38; 5:32), തന്റെ ആത്മാവിനെ നമ്മിൽ തുടരച്ചയായി വസിപ്പാനും അവൻ അനുവദിക്കുന്നു (1 കൊ. 6:19, 20). അശുദ്ധമായ ജീവിതം നയിക്കുമ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ കഴിയുമെന്ന അവകാശം തെറ്റാണ്. ആ സ്വഭാവം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന ധതുംപ (എഫെ. 4:30) പിതാവിനേയും മണവാളനേയും പ്രസാദിപ്പിക്കാത്തതുമാണ്.

ക്രിസ്തീയ നടപ്പിന് അത്തരം അശുദ്ധി നാം ഒഴിവാക്കണം. നാം എല്ലാ തരത്തിലുമുള്ള അശുദ്ധിയും ഒഴിവാക്കണമെന്നാണ് നമ്മുടെ മണവാളൻ ആഗ്രഹിക്കുന്നത്: വിവാഹത്തിനു പുറത്തുള്ള എല്ലാ ലൈംഗിക വേഴ്ച്ചയും അവിവാഹിതരായ സ്ത്രീപുരുഷന്മാർ തമ്മിൽ ലൈംഗികേഛ നിറവേറ്റുവാനുള്ള അതിരു കവിഞ്ഞ ബന്ധവും. ഈഈ

**നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടം (4:1-8)**

തിരുവചനത്തിൽ കൂടെ അവൻ എന്തു കരുതുമെന്നറിയുവാനുള്ള, ദൈവമനസ് കാണുവാൻ നമുക്ക് അവസരം ലഭിക്കുന്നു. നമ്മുടെ ജീവിതത്തിൽ ദൈവം എന്താണ് ആഗ്രഹിക്കുന്നത് എന്ന അവന്റെ കാഴ്ച്ചപ്പാട് മനസിലാക്കുവാനും നമുക്ക് കഴിയും.

ഈ ലേഖനത്തിലെ മുമ്പിലത്തെ മൂന്ന് അദ്ധ്യായങ്ങളിൽ, പൗലൊസ് തെസ്സലൊനിക്യരുടെ ഇടയിൽ പോയി പ്രസംഗിച്ചതും അവർ സന്ദേശം കേട്ട് ക്രിസ്ത്യാനികളായി തീർന്നതുമായ വാർത്ത അവനെ സന്തോഷിപ്പിച്ചിരുന്നു. പിന്നീട്, ഉപദ്രവങ്ങളുടെ മദ്ധ്യേയും അവരുടെ വിശ്വാസവും സ്നേഹവും വർദ്ധിച്ചുകൊണ്ടിരുന്നു. ആ പുതിയ ക്രിസ്ത്യാനികളുടെ ഈ അഭിവൃദ്ദിയ അവരുടെ ഉപദേഷ്ടാക്കന്മാരെ വളരെ സന്തോഷിപ്പിക്കയും ആശ്വസിപ്പിക്കുകയും ചെയ്തു. ആ പുതിയ ക്രിസ്ത്യാനികൾ തങ്ങളുടെ അഭിവൃദ്ധിയിൽ തുടരുവാനായി അവർക്ക്, പ്രധാനപ്പെട്ട ചില തത്വങ്ങളും പരിശീലങ്ങളും ആവശ്യമായിരുന്നു.

ക്രിസ്തീയ വളർച്ചക്കുള്ള പ്രധാന ഘടകമാണ് വിശുദ്ധീകരണം, അവർ ആരാധിക്കുന്ന ദൈവത്തെ പ്രതിഫലിപ്പിക്കുവാനും വിശുദ്ധീകരണം ഒഴിച്ചുകൂടാനാവാത്തതാണ്. അന്യ ദേവന്മാരെ നമസിക്കരിച്ചിരുന്നവർ അവർ വിശ്വസിച്ച് ആരാധിച്ചിരുന്ന ദൈവങ്ങളെയാണ് പ്രതിഫലിപ്പിച്ചിരുന്നത്. സത്യദൈവത്തെ അറിയാത്ത ജാതികൾക്ക് അതറിയുവാനായി ദൈവത്തിന്റെ വിശുദ്ധിയും ശരിയായ ചിത്രവും അവർക്ക് കാണിച്ചു കൊടുക്കണം.

*ദൈവത്തിന്റെ പങ്ക് അന്വേഷിക്കുക (4:1)*. പൗലൊസ് തന്റെ വായനക്കാരോട് അപേക്ഷിക്കുകയോ, അല്ലെങ്കിൽ “ആവശ്യപ്പെട്ട് പ്രബോധിപ്പിക്കുകയോ ആണ് ചെയ്യുന്നത്. ആ വാക്കുകൾ പ്രത്യേക ആവശ്യത്തെ ആണ് കാണിക്കുന്നത്, പലപ്പോഴും അത് ലേഖനത്തിന്റെ മുഖ്യ ഉദ്ദേശത്തെ സൂചിപ്പിക്കുകയാണ്.

സഭയോട എന്തു ചെയ്യുവാനാണ് പൗലൊസ് ആവശ്യപ്പെടുന്നത്? നടപ്പിലും ദൈവത്തെ പ്രസാദിപ്പിക്കുന്നതിലും “ഇനിയും വർദ്ധിച്ചുവരുവാനാണ്.” അതിനർത്ഥം അവർ നന്നായി ചെയ്തിരുന്നില്ല എന്നാണോ? ഒരിക്കലും അല്ല! അവർ ആ കാര്യത്തിൽ വർദ്ധിച്ചു വന്നിരുന്നു എന്നു അവരോട് ആ വാക്യത്തിൽ പറയുന്നുണ്ട്. അവർ നന്നായി ചെയ്തിരുന്നു എങ്കിലും, ഈ ലേഖനത്തിൽ പല പ്രാവശ്യം പൗലൊസ് അവരോട് വർദ്ധിച്ചു വരുവാന

ായി ആവശ്യപ്പെടുന്നുണ്ട്. 4:9, 10 ൽ, അവരുടെ സ്നേഹത്തെ അനുമോദിക്കുകയും, വീണ്ടും അത് അധികമായി ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു; 5:11 ൽ, അവർ ചെയ്തുകൊണ്ടിരുന്നതുപോലെ അന്യോന്യം പ്രോൽസാഹിപ്പിക്കുകയും ആത്മിക വർദ്ധന വരുത്തുകയും ചെയ്യുവാനാണ് പറയുന്നത്.

ദൈവത്തോടുകൂടെയുള്ള അവരുടെ നടപ്പിനും സേവനത്തിനും അവർക്ക് നന്ദി ചെലുത്തി അനുമോദിച്ച ശേഷം, പൗലൊസ് തന്റെ ലേഖനത്തിന്റെ അവസാനഭാഗത്ത്, അങ്ങനെ നടന്ന് അവരുടെ ദൈവിക സേവനം ശ്രേഷ്ഠമാക്കുവാനാണഅ അവൻ അവരെ ഉത്തേജിപ്പിക്കുന്നത്.

അവരുടെ ജിവിതത്തിൽ അവർ എങ്ങനെയാണ് നടക്കേണ്ടിയിരുന്നത്? ദൈവത്തെ പ്രസാദിപ്പിച്ച്! ''കർത്താവിന്റെ ഇഷ്ടം എന്തെന്ന് പരിശോധിച്ചുകൊൾവിൻ" എന്നാണ് എഫെസ്യ സഭയോട് പൗല1സ് പറഞ്ഞത് (എഫെ. 5:10). നമ്മുടേയും ലക്ഷ്യം അതായിരിക്കണം!

*ദൈവത്തിന്റെ കൽപനകളെ ഓർത്തുകൊൾവിൻ (4:2).* അവരെ മുൻപ് പഠിപ്പിച്ചത് ഓർത്തുകൊള്ളുവാനായിരുന്നു തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികളോട് ആവശ്യപ്പെട്ടത്. അതെന്താണ് എന്ന് അദ്ധ്യായത്തിൽ കുറച്ച് മുൻപോട്ട് പോകുമ്പോൾ നമുക്ക് കാണുവാൻ കഴിയും, എന്നാൽ അവർക്ക് ലഭിച്ച ഉപദേശങ്ങളെ മറക്കരുത് എന്നതാണ് മുഖ്യമായ വിഷയം (4:2).

മുൻപ് അറിഞ്ഞ കാര്യങ്ങളെ നാം എത്രമാത്രം മാറ്റി നിർത്തിയിട്ടുണ്ട്! അതിന് നമുക്ക് പല കാരണങ്ങൾ കാണാം. ഒരുപക്ഷെ ഉപദേശം മനസിലാക്കുവാൻ പ്രയാസമായി തോന്നാം; ഒരുപക്ഷെ നമുക്ക് അത് സ്വീകരിക്കുവാൻ പ്രയാസമായിരിക്കാം; നമുക്ക് ആവശ്യമില്ല എന്ന് ഒരുപക്ഷെ തോന്നിയേക്കാം; അല്ലെങ്കിൽ ഒരുപക്ഷെ, അത് പ്രാവർത്തികമാക്കുന്നതിൽ അലസരായിരിക്കാം. സത്യം അറിയുന്നതു തന്നെയാണ് അതിന്റെ പ്രായോഗികത എന്ന് ചിലപ്പോൾ നാം ചിന്തിച്ചേക്കാം.

കാരണം എന്തുതന്നെ ആയാലും, ദൈവ വചനത്തിലെ വിലയേരിയ ഉപദേശം ലഭിച്ചിട്ട് അതിനെ പ്രായോഗികമാക്കാതെ മാറ്റി നിർത്തുക എന്നു പറയുന്നത് സമയം പാഴാക്കലാണ്! അങ്ങനെ സംഭവിച്ചാൽ, ഉപദേഷ്ടാക്കന്മാർ നമ്മെ വീണ്ടും അപ്രകാരം ജീവിക്കേണ്ടതിന്ന് നമ്മെ ഓർമ്മിപ്പിക്കണം. ദൈവം പറയുന്നത്-ചെയ്യുവാനായി നാം അവന്റെ കൽപനകളെയെല്ലാം എപ്പോഴും ഓർക്കണം!

*ദുർന്നടപ്പ് വിട്ടൊഴിയുവിൻ (4:3).* വാക്യം 3 "വിശുദ്ധീകരണം," "ലൈംഗിക അശുദ്ധി" എന്നീ വിഷയങ്ങളെ കുറിച്ച് വിശദീരിച്ചിരിക്കുകയാണ്. വിശുദ്ധീകരിക്കപ്പെട്ട വ്യക്തി ദൈവിക സേവനത്തിനായി വേർതിരിക്കപ്പെട്ടിരിക്കയാണ്, അവന്റെ ലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുക എന്നായിരിക്കും. ലൈംഗിക അധാർമ്മികതയിൽ ഏർപ്പെടുന്ന വ്യക്തി തന്റെ ശരീരത്തിന്റെ ഇഛ നിവർത്തിക്കുകയാണ്, അവന്റെ ആർത്തി അതിനോടാണ്. പ്രത്യേക ഉപയോഗത്തിനായി വേർതിരിക്കുക എന്ന് വിശുദ്ധീകരണത്തെ നമുക്ക് വിശദമാക്കാം. ബൈബിളിൽ "വിശുദ്ധി" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ ഉപയോഗത്തിന് മാറ്റി നിർത്തുന്നതിനാണ്. ദൈവജനം ദൈവവഴിയിൽ ഉപയോഗിക്കപ്പെടേണ്ടതിന്, വേർതിരിച്ചിരിക്കുന്നതിനാൽ, അവരെ വിശുദ്ധ ജനം അല്ലെങ്കിൽ "വിശുദ്ധന്മാർ" എന്നു വിളിക്കുന്നു.

പുതിയ നിയമത്തിൽ, "വിശുദ്ധീകരണം," "വിശുദ്ധന്മാർ," "വിശുദ്ധി" എന്നീ വാക്കുകൾ ഒരേ അടിസ്ഥാന ഗ്രീക്കിൽ നിന്നു വന്നിരിക്കുന്നതിനാൽ ഒരേ ആശയമാണ് അതിലെല്ലാം അടങ്ങിയിരിക്കുന്നത്.

പല തരം ഉപയോഗത്തിനായി നാം വസ്തുക്കൾ ഉപയോഗിക്കുന്നു എങ്കിലും, ചില വസ്തുക്കൾ നാം പ്രത്യേക ഉപയോഗത്തിനായി മാറ്റി വെക്കുന്നത് നമുക്ക് പരിചയമുണല്ലോ; ഉദാഹരണമായി, മേശവിരി നാം തറ തുടക്കുവാനോ അല്ലെങ്കിൽ ചെരിപ്പ് തുടക്കുവാനോ ഉപയോഗിക്കാറില്ല. അതുപോലെ, നമ്മെ പ്രത്യേക ഉപയോഗത്തിനായി ദൈവം വേർതിരിച്ച് നിർത്തിയിരിക്കുകയാണ്. നമ്മുടെ ലൈംഗിക ബന്ധം പോലും-വിവാഹ ബന്ധത്തിൽ മാത്രം ഉപയോഗിക്കുവാൻ വേർതിരിച്ചിരിക്കുന്നു.

ലൈംഗിക വേഴ്ച്ച അതിൽ തന്നെ തെറ്റായതുകൊണ്ട് വിവാഹം കഴിക്കാതെ ഒറ്റക്ക് ജീവിക്കുന്നതാണ് കൂടുതൽ വിശുദ്ധി എന്നാണ് ചില ആളുകൾ വിശ്വസിക്കുന്നത്. അക്കാരണത്താൽ അവർ ചിലരോട് അല്ലെങ്കിൽ എല്ലാവരേയും വിവാഹം കഴിക്കുന്നത് വിലക്കും. വിശാസത്തിൽ നിന്നും വീണുപോകുന്നതിന്റെ അടയാളമാണ് "വിവാഹം വിലക്കുന്നത്" എന്നാണ് തിരുവെഴുത്ത് പഠിപ്പിക്കുന്നത് (1 തിമൊ. 4:1-3). ദൈവം പറയുന്നത് "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ. ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" എന്നാണ് (എബ്രാ. 13:4). വിവാഹബന്ധത്തിലുള്ള ലൈംഗിക ബന്ധം മാന്യമായിട്ടാണ് ദൈവം വെച്ചിരിക്കുന്നത്. നാം ലൈംഗിക പ്രവൃത്തികൾ വിവാഹത്തിൽ മാത്രം നിയന്ത്രിച്ചു നിർത്തുമ്പോൾ, നാം നമ്മെത്തന്നെ ദൈവ വഴിയിലുള്ള ജീവിതത്തിന് പ്രതിഷ്ഠിക്കുകയാണ്.

*വിശുദ്ധരാകുവാൻ പഠിക്കുക (4:4).* നമ്മുടെ ശരീരങ്ങളെ ശരിയായ രീതിയിലും ശരിയായ ഉദ്ദേശത്തിലും ഉപയോഗിക്കുവാൻ ശീലിക്കുന്നത് "യാദൃശ്ചികമായി" വരുന്ന ഒന്നല്ല. അത് എങ്ങനെ സാധ്യമാകുമെന്ന് നാം പഠിക്കണം (4:4).

ദൈവത്തെ മാനിച്ച് നമ്മുടെ ശരീരങ്ങളെ ഉപയോഗിക്കുവാൻ, ദൈവഹിതം എന്തെന്ന് അറിഞ്ഞ് പരിശീലിക്കണം. ചിൽ തങ്ങളുടെ ഇഛാനിവൃത്തിക്കായി മെറ്റുള്ളവർ ചെയ്യുന്നത് ചെയ്യുകയോ, അല്ലെങ്കിൽ, സമൂഹത്തിന്റെ മനോഭാവം അനുസരിച്ചോ ലെഗികതയെ ഏതു വിധേനയും ഉപയോഗിക്കും, അങ്ങനെ അവർ ദൈവേഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നു. നമ്മുടെ ആഗ്രഹങ്ങളെ മാറ്റേണ്ടതായോ നിയന്ത്രിക്കേണ്ടതായോ വന്നാലും നാം പിൻപറ്റേണതും, പ്രവർത്തിക്കേണ്ടതും ദൈവനിയമപ്രകാരമാണ്, ദൈവേഷ്ടത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്.

*കാമവികാരങ്ങളെ ഒഴിവാക്കുക (4:5).* അഭക്തമായ ലൈംഗിക പ്രവർത്തികൾക്കായി ആളുകളെ പ്രേരിപ്പിക്കുന്നതെന്താണ്? ആ പ്രേരണയെ ബൈബിൾ വിളിക്കുന്നത് "മോഹം" എന്നാണ്. അമിതമായ കാമാവേശത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരാളുടെ ജീവിതത്തെ ഈ ഒരു വികാരം നയിക്കുമ്പോൾ, ദൈവേഷ്ടത്തിന് വിരുദ്ധമായി അയാൾ സ്വന്തം ഇഷ്ടത്തെ അനുസരിച്ച് പ്രവർത്തിക്കുന്നു (4:5). ജാതികൾ തങ്ങളുടെ സ്വന്ത മോഹങ്ങളെ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തികളെ അവരുടെ ആരാധനയുടെ ഭാഗമായി ഉപയോഗിക്കുന്നതിന് ക്ഷേത്രങ്ങളിൽ വേശ്യകളെ നിയോഗിച്ചിരുന്നു. തങ്ങളെപ്പോലെയാണ് തങ്ങളുടെ ദൈവങ്ങളും

എന്നാണ് അന്യദൈവന്മാരെ നമസ്ക്കരിച്ചിരുന്നവർ വിചാരിച്ചിരുന്നത്. അവരുടെ ദൈവങ്ങൾ അവരെ പോലെ, അന്യോന്യം പോരാടുകയും, പ്രേമത്തിലാകുകയും, മനുഷ്യരെ പോലെ ചതിക്കുകയും ചെയ്യുമെന്നാണ് അവർ വിചാരിക്കുന്നത്; കൂടാതെ അവരേ പോലെ ചെയ്യുന്നത് അവർക്ക് പ്രസാദകരമാകുമെന്നും അവർ കരുതുന്നു.

തെസ്സലൊനിക്യർ "വിഗ്രഹങ്ങളെ വിട്ട് ജീവനുള്ള സത്യദൈവത്തിലേക്ക് തിരിഞ്ഞപ്പോൾ" (1:9), ദൈവേഷ്ടം എന്തെന്ന് ഗ്രഹിച്ച്, ദൈവേഛക്ക് അനുസരിച്ച് അവരുടെ ലൈംഗിക താൽപര്യങ്ങളെ നിയന്തിക്കുവാൻ ശീലിക്കയും വേണമായിരുന്നു. നാം ദൈവേഷ്ടം ജീവിതത്തിൽ പാലിച്ച്-ദൈവത്തെ ആരാധിക്കുന്നവരായി തീരണം.

ലൈംഗിക ഇഛകളെ നമുക്ക് എങ്ങനെ നിയന്ത്രിക്കാം? ഒരു വ്യക്തിക്ക് എങ്ങനെ "വിശുദ്ധവും ഉടമസ്ഥനു ഉപയോഗവുമായി നല്ല വേലക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും" എന്ന് പൗലൊസ് യുവാവായിരുന്ന തിമൊഥെയൊസിന് ലേഖനം എഴുതുമ്പോൾ പറയുന്നു (2 തിമൊ. 2:21) "യൗവ്വന മോഹങ്ങളെ വിട്ടോടി, നീതിയും വിശ്വാസവും, സ്നേഹവും, ശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക" എന്നാണ് പൗലൊസ് അവനെ ഉപദേശിച്ചത് (2 തിമൊ. 2:22).

അഭക്തമായ ലൈംഗിക കെണിയിൽ അകപ്പെടാതിരിപ്പാൻ വിലയേറിയ ആശയങ്ങളാണ് ഈ വാക്യങ്ങൾ നൽകുന്നത്: (1) നമുക്ക് മാനമായും, വിശുദ്ധമായും, ദൈവ സേവനത്തിന് പ്രയോജനപ്രദമായും ഉപയോഗിക്കപ്പെടുവാൻ കഴിയുമെന്ന് തിരിച്ചറിഞ്ഞ്, അങ്ങനെ ജീവിക്കുവാൻ നാം തീരുമാനിക്കണം. (2) അത്തരം സാഹചര്യങ്ങളിലെ യൗവന മോഹങ്ങളെ നാം "വിട്ടോടി" അവയെ നിയന്ത്രിക്കണം (3) നീതി, വിശ്വാസം, സ്നേഹം, സമാധാനം എന്നിവ ജീവിതത്തിന്റെ ഭാഗമാക്കി വളർത്തിയെടുക്കണം. (4) ശുദ്ധ ഹൃദയത്തോടും, നിർമ്മല മനസാക്ഷിയോടും കൂടെ ദൈവത്തെ ആത്മാർത്ഥമായി സേവിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അത്തരം സ്വഭാവങ്ങൾ പ്രചോദനമായി തീരും.

*മറ്റുള്ളവരെ ചതിക്കരുത് (4:6).* ഒരാൾ ലൈംഗിക അധർമ്മത്തിൽ ഏർപ്പെടുമ്പോൾ, അയാൾ ദൈവേഷ്ടത്തിനെതിരായി പ്രവർത്തിക്കുന്നു-അതേ സമയത്ത് അയാൾ മറ്റൊരാളെ ചതിക്കുകയുമാണ് (വാ. 6). അയാൾ മറ്റുള്ളവരെ അന്യായമായി മുതലെടുക്കുകയാണ്. പരസ്പര സമ്മതത്തോടുകൂടിയാണെങ്കിൽ-ബൈബിളിൽ വിലക്കിയിരിക്കുന്ന ദുർന്നടപ്പ്, വ്യഭിചാരം, സ്വവർഗരതി എന്നിവ മോഷണം, കുലപാതകം, എന്നിവയെ പോലെ അല്ല, കാരണം ആദ്യം പറഞ്ഞ പ്രവൃത്തികൾ ആരുടേയും ഇഷ്ടത്തിന് വിരുദ്ധമായവയല്ലാത്തതിനാൽ അതിൽ തെറ്റില്ല എന്നു വിശ്വസിക്കുന്നവരുണ്ട്.

ദൈവ വചനപ്രകാരം അത്തരം പാപങ്ങൾ മറ്റുള്ളവരെ വ്രണപ്പെടുത്തുന്നവയാണ്. അവ ക്രമേണ മനസാക്ഷിയെ നശിപ്പിക്കും, തന്റെ കുടുംബ ബന്ധത്തെ ഉലക്കും, ദൈവവുമായുള്ള ബന്ധത്തെയും നശിപ്പിക്കും. അത്തരം മോശമായ സ്വഭാവങ്ങളുടെ അനന്തരഫലങ്ങൾ ദീർഘകാലം അവരുടെ ജീവിതത്തെ ബാധിക്കും-ഒരുപക്ഷെ ആയുഷ്ക്കാലം മുഴുവൻ നീണ്ടുനിന്നേക്കാം.

തങ്ങൾ യോജിക്കുമോ എന്ന് പരീക്ഷിച്ചറിയുവാൻ, ഒരുമിച്ച് ലൈംഗിക

പങ്കാളികളായി ജീവിക്കുന്നത് വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആ പുരുഷനേയും സ്ത്രീയെയും സഹായിക്കും എന്ന് ചിലർ കരുതുന്നു. അത് സമർപ്പണമില്ലാത്ത ലൈംഗിക പ്രവർത്തിയാണ്-ദൈവത്തോടും സ്വന്ത പങ്കാളിയോടും-അങ്ങനെ ബന്ധം അസ്ഥിരമാക്കുന്നു. അത് ദൈവത്താൽ അംഗികരിക്കുന്ന സമർപ്പണവും സ്ഥിരവുമായ ബന്ധത്തിന് വിപരീതമാണ്. പാപം എപ്പോഴും മറ്റുള്ളവരെ വ്രണപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ നാം മറ്റുള്ളവരുടെ ജീവിതത്തെ നശിപ്പിച്ചാൽ ദൈവത്തോട് നാം കണക്കു കൊടുക്കണമെന്ന് വാക്യം 6 വ്യക്തമാക്കുന്നു.

വിവാഹ ശേഷം ഭർത്താവിനും ഭാര്യക്കും കുഴപ്പങ്ങൾ നേരിടുമെന്നതിന ാൽ, ഒരു സമർപ്പണം നടത്തുന്നത് ശരിയല്ല എന്നു ചിലർ കരുതുന്നു. ക്രിസ്ത്യാനികളായി തീർന്ന തെസ്സലൊനിക്യയിലെ ആളുകൾക്കും അതേ വാദഗതി ഉന്നയിക്കുവാൻ കഴിയുമായിരുന്നു, കാരണം അവരുടെ പരിവർത്തന ശേഷം എതിർപ്പുകൾ നേരിടുമെന്ന് സുവിശേഷം കേട്ടപ്പോൾ തന്നെ അവരെ മുന്നറിയിച്ചിരുന്നു (1:6; 2:14-16).

അപ്പോൾ, ചോദ്യം, "ഈ പ്രവൃത്തികൾ ചില ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും കൊണ്ടു വരുമോ? എന്നല്ല മറിച്ച്, ഈ ഭാഗം ദൈവം ആഗ്രഹിക്കുന്നതാണോ?" എന്നതാണ്. അത് ദൈവം ആഗ്രഹിക്കുന്നതാണെങ്കിൽ, നാം ചെയ്യുക തന്നെ വേണം-ഫലം എന്തായാലും-അതു സഹിക്കുവാനുള്ള കഴിവും, അതിജീവിക്കുവാനുള്ള കഴിവും ദൈവം നൽകും, "ദൈവത്തെ സ്നേ ഹിക്കുന്നവർക്ക് ദൈവം സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു ..." (റോമ. 8:28).

*ദൈവസന്നിധിയിൽ ആകുവാൻ തീരുമാനിക്കുക* (4:7, 8). ഒരു ഉദ്ദേശത്തിന ാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ദൈവം എങ്ങനെയാണ് നമ്മെ വിളിക്കുന്നത്? യേശുവിനെ കുറിച്ചുള്ള സുവിശേഷം മുഖാന്തരം, പൗലൊസ് എഴുതി, "... കർത്താവായ യേശുക്രിസ്തുവിന്റെ തേജസ് ലഭിപ്പാന്തക്കവണ്ണം, സുവിശേഷം മുഖാന്തരം അവൻ നമ്മെ വിളിക്കുന്നു" (2 തെസ്സ. 2:14). സുവിശേഷം പ്രസംഗിക്കപ്പെടുമ്പോൾ, ദൈവം ആളുകളെ തന്റെ തേജസ് ക്രിസ്തുവിൽ പങ്കിടുവാനായി വിളിക്കുകയാണ്. സുവിശേഷം മുഖാന്തരമാണ് ദൈവം വിളിക്കുന്നത് എന്നതിനാൽ, പ്രവചനമായിട്ടോ, ദർശനമായിട്ടോ, അടയാളമായിട്ടോ വിളിക്കുകയില്ല എന്നു നമുക്ക് അറിയാം. സുവിശേഷത്തിന് പകരമായി മറ്റൊന്നില്ല.

നമ്മുടെ ഗുണത്തിനു വേണ്ടിയാണ് ദൈവം നമ്മെ വിളിക്കുന്നത്. താൻ ഇഛരിക്കുന്നതുപോലെ ദൈവം എല്ലാ പദ്ധതികളും തയ്യാറാക്കി, അതിനു യോജിക്കുന്ന വിധത്തിൽ നമ്മെ ആക്കുന്നു എന്നു നമുക്ക് തോന്നിയേക്കാം-അത് അങ്ങനെ ആയാലും അല്ലെങ്കിലും, നമ്മുടെ പ്രയോജന മാണ് ദൈവം ലക്ഷ്യമാക്കുന്നത്. അന്യ ദേവന്മാരെ നമസ്ക്കരിക്കുന്നവർ വിചാരിക്കുന്നത്, അവരുടെ ദൈവങ്ങൾക്ക് ശക്തിയുള്ളതിനാൽ, അനുഗ്രഹം ലഭിക്കുവാൻ അവരെ പ്രസാദിപ്പിക്കണം എന്നാണ്.

ദൈവത്തിന് പദ്ധതിയുണ്ട് എന്നതു വാസ്തവമാണ്, നമുക്ക് ഏറ്റവും നല്ലത് ഏറ്റവും അറിയാവുന്നത് ദൈവം ആകയാൽ, നമ്മുടെ പ്ര യോജനത്തിനായി അവ രൂപപ്പെടുത്തിയിരിക്കുന്നു. നാം അവനോട് പ്ര തികരിക്കുന്നതിന് മുൻപ് തന്നെ അവൻ ധാരാളം അനുഗ്രഹങ്ങൾ നമുക്ക് നൽകിയിരിക്കുന്നു, നാം എന്നേക്കും അവന്റെ സ്നേഹിതന്മാർ ആകുവാന

ാണ് അവൻ ആഗ്രഹിക്കുന്നത്. “സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി അനുവദിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?” (റോമ. 8:32). ഉദാരവാനായ ദൈവത്തെ ആണ് നാം സേവിക്കുന്നത്! അവൻ നമ്മോട് ആവശ്യപ്പെടുന്നത് നമ്മുടെ നന്മക്കാണെന്ന് ഉറപ്പിക്കാം; അവൻ നമുക്ക് തരുവാൻ ആഗ്രഹിക്കുന്നത് ഏറ്റവും നല്ലതായിരിക്കും.

നമുക്കുള്ള ദൈവത്തിന്റെ ഉദ്ദേശം ആണ് വിശുദ്ധീകരണം (4:7, 8). അവൻ നമ്മെ ശുദ്ധീകരിപ്പാൻ ആഗ്രഹിക്കുന്നു, അതിനർത്ഥം, പ്രത്യേക ഉദ്ദേശത്തിനായി വേർതിരിക്കപ്പെടുന്നു അല്ലെങ്കിൽ വിശുദ്ധരാകുക. ഒരു തിയേറ്ററിൽ പ്രധാന വ്യക്തികൾക്കായി ഏതാനും സീറ്റുകൾ “മാറ്റി വെക്കും.” ഏറ്റവും പ്രധാനപ്പെട്ട വ്യക്തിക്കായി-ദൈവത്തിന് “മാറ്റി വെക്കപ്പെട്ടവരാണ്” ക്രിസ്ത്യാനികൾ. അവർ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിക്കായി “സൂക്ഷിക്കപ്പെട്ടിരിക്കുന്നു”-ദൈവത്തിന് തന്നെ.

ദൈവം നമ്മെ ക്രിസ്തുവിൽ വിശുദ്ധീകരിക്കുമ്പോൾ, നാം അവന്റെ വിശുദ്ധി പങ്കിടുമ്പോൾ നമുക്ക് അവനോട് കൂട്ടായ്മ ലഭിക്കുന്നു. “നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ; ‘ഞാൻ വിശുദ്ധൻ ആയിരിക്കയാൽ നിങ്ങളും വിശുദ്ധരാകുവിൻ’ എന്ന് എഴുതിയിരിക്കുന്നുവല്ലോ” (1 പത്രൊ. 1:15, 16).

നമുക്ക് ദൈവത്തോടു കൂട്ടായ്മ ഉണ്ടാകുമ്പോൾ, ആ ബന്ധത്തിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങൾ പങ്കിടുവാൻ നമുക്ക് കഴിയും. നാം ക്രിസ്ത്യാനികളായപ്പോൾ, “തന്നെ അനുസരിക്കുന്നവർക്ക് നൽകുന്ന പരിശുദ്ധാത്മാവിനെ” ദാനമായിട്ടാണ് തരുന്നത് (പ്രവൃ. 5:32). നമ്മുടെ “അവകാശത്തിന്റെ അച്ചാരമായി നൽകുന്നതാണ്” ... പരിശുദ്ധാത്മാവ് (എഫെ. 1:14). അച്ചാരം അല്ലെങ്കിൽ അഡ്വാൻസ് എന്നു പറയുന്നത് മുഴുവൻ സംഖ്യയും പിന്നീട് തന്നുകൊള്ളാമെന്ന ഉറപ്പാണ്, ഇവിടെ നിത്യത മുഴുവൻ നമ്മെ അനുഗ്രഹിക്കാമെന്ന ഉറപ്പാണ് പരിശുദ്ധാത്മാവിനെ നൽകുന്നതിലൂടെ ദൈവം ചെയ്യുന്നത്.

ആരെങ്കിലും മുഴുവൻ സംഖ്യയും തന്നു തീർക്കുകയില്ല എന്നു ബോധ്യം വന്നാൽ, വാങ്ങുന്ന ആൾ അച്ചാരം നിരസിക്കും. ഭാവിയിൽ ദൈവം അനുഗ്രഹിക്കുകയില്ല എന്നു വിശ്വസിക്കുന്ന ഒരാൾ ആത്മാവിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുകയില്ല, അങ്ങനെ വരുമ്പോൾ അച്ചാരം ദൈവം തിരികെ എടുക്കും. ഒരാൾ ലൈംഗിക അശുദ്ധിയിൽ ജീവിതം നയിക്കുമ്പോൾ, അയാൾ, ഫലത്തിൽ ദൈവത്തോട് പറയുന്നു, “നി. ത്യതയിൽ നിന്റെ അനുഗ്രഹങ്ങൾ എനിക്ക് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.” ദൈവത്തിന്റെ ഉദ്ദേശങ്ങൾ തെറ്റാണെന്ന് അയാൾ വരുത്തി തീർക്കുകയാണ്.

നമ്മെ അനുഗ്രഹിക്കുമെന്ന ദൈവത്തിന്റെ വാഗ്ദാനത്തെ നാം വിശ്വസിക്കുകയും, ദൈവം തന്റെ ആത്മാവിനെ നമ്മിൽ നൽകിയതിന് നാം നന്ദിയുള്ളവരായിരിക്കയും വേണം എന്നതാണ് പാഠം. അതു ചെയ്യുവാൻ, നാം “ദുർന്നടപ്പ് വിട്ടോടുകയും” (2 തിമൊ. 2:22), “വിശുദ്ധീകരണം ... പിന്തുടരുകയും,” നമുക്ക് വേണ്ടിയുള്ള ദൈവപ്രവൃത്തി നാം സ്വീകരിച്ച് “കർത്താവിനെ കാണുവാൻ” ഒരുങ്ങുകയും വേണം (എബ്രാ. 12:14). തെസ്സലൊനിക്യർ യേശുവിനെ കാണുവാനായി കാത്തിരിക്കുകയും, അവന്റെ പ്രത്യക്ഷതയിൽ അവനോടുകൂടെ ചേരുവാൻ ആഗ്രിഹിക്കുകയും ചെയ്തു

(1:10). ആ ആഗ്രഹമാണ് ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ജീവിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. നമ്മെയും ആ ആഗ്രഹം സഹായിക്കും.

*ഉപസംഹാരം.* ദൈവത്തെ പോലെ ആകുക എന്ന വലിയ പ്രവൃത്തിയിൽ നാം എല്ലാവരും പരാജയപ്പെടുന്നു. ക്രിസ്തുവിലായവർ, തെറ്റു ചെയ്താൽ, മാനസാന്തരപ്പെട്ട് ഏറ്റു പറഞ്ഞാൽ ദൈവം ക്ഷമിക്കും, ദൈവിക മനോഭാവം തുടർച്ചയായി നമ്മിൽ വരുവാനും, അങ്ങനെ പ്രവർത്തിക്കുവാനും ശ്രമിക്കുമ്പോൾ നാം അവന്റെ ലോകത്തിൽ പ്രയോജനമുള്ള പാത്രങ്ങളായി തീരുന്നു. ദൈവത്തിന്റെ വിശുദ്ധ വഴി വിട്ട് സഞ്ചരിക്കുവാൻ പിശാച് പ്രേരിപ്പിക്കുന്ന ശക്തമായ പരീക്ഷണമാണ് ദുർന്നടപ്പ്. ദൈവത്തിന്റെ വിശുദ്ധ സേവകർ എന്ന നിലവാരത്തിൽ നിന്നം നമ്മെ അകറ്റുന്ന ദുർന്നടപ്പിന്റെ അകടം നാം അറിയാതിരിക്കരുത്. അവനെ സേവിക്കുവാൻ തിരഞ്ഞെടുത്ത പ്രത്യേകജനമായിരിക്കണം നാം. ആ പ്രവൃത്തി വിജയിപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കും.
ടിപി

**വിശുദ്ധീകരണവും ധാർമ്മികതയും (4:1-8)**

ഈ അദ്ധ്യായത്തിൽ ആദ്യ എട്ടു വാക്യങ്ങളിൽ പൗല 1 സ്, ലൈംഗിക ധാർമ്മികതയെ കുറിച്ചാണ് പരാമർശിക്കുന്നത്, ആ വാക്യങ്ങളെ പരിഗണിച്ച്, സന്ദർഭത്തിൽ വലിയ ഒരു തത്വം, അടിസ്ഥാനപരമായ വലിയ ഒരു ആശയം കാണാം, അത് ചുരുക്കമായി 3 നും 7 നും ഇടക്കുള്ള വാക്യങ്ങളിൽ ‘‘വിശുദ്ധീകരണം’’ എന്ന ഒറ്റ വാക്കിൽ പറഞ്ഞിരിക്കുന്നു. ആ വലിയ വിസ്തൃതമായ, സത്യത്തെ ആസ്പദമാക്കിയാണ് അവൻ ധാർമ്മികമായി ഉപദേശിക്കുന്നതും പ്രബോധിപ്പിക്കുന്നതും.

*അടിവരയിടുന്ന തത്വം (4:3, 7).* വാക്യം 3 പറയുന്നു: “ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധിക്കത്രെ വിളിച്ചിരിക്കുന്നത്.” വാക്യം 7 പറയുന്നു, “ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രെ വിളിക്കുന്നത്.”

“വിശുദ്ധീകരണം” എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം എന്താണ്? അത് “വിശുദ്ധൻ” എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു. അടിസ്ഥാന വാക്ക് ആയ *ഹാഗിയോസ്* എന്നതിൽ നിന്നും ഉരുത്തിരിഞ്ഞ വാക്കുകളാണ് അവ. “വ്യത്യസ്തമായ” എന്ന ആശയമാണ് അതിനുള്ളത്.

പഴയ നിയമകാലത്ത് പുരോഹിതന്മാർ, സ്വർണ്ണം പതിപ്പിച്ച തലപ്പാവ് ധരിച്ചിരുന്നു. ‘‘കർത്താവിന്നായി വിശുദ്ധീകരിക്കപ്പെട്ടവൻ’’ എന്ന് തലപ്പാവിന്മേൽ ആലേഖനം ചെയ്തിരുന്നു. മറ്റു കാര്യങ്ങളോടൊപ്പം, ലേവ്യാ ഗോത്രത്തിൽ പെട്ട ഈ പ്രത്യേക പുരോഹിതൻ ദൈവത്തിന്റെ പ്രത്യേക ഉദ്ദേശത്തിനായി വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നാണ് അർത്ഥമാക്കിയത്.

‘‘വിശുദ്ധൻ,’’ ‘‘വിശുദ്ധീകരണം,’’ ‘‘വിശുദ്ധി’’ എന്നീ വാക്കുകൾ കേൾക്കുമ്പോൾ, മറ്റു ലൗകിക-കാര്യങ്ങൾപ്പൊപ്പം, സ്റ്റെയിന്റ്-ഗ്ലാസ് ടോൺ, അമാനുഷത്വത്തിലുള്ള മാധുര്യ ഭക്തി എന്നിവയാണ് നമ്മുടെ മനസിലേക്ക് ഓടി വരുന്നത്. അടിസ്ഥാനമായി ദൈവത്തിനുള്ള മനോഭാവവും ഉദ്ദേശവുമാണ് ‘‘വിശുദ്ധീകരണം’’ അതിന് ക്രിയാത്മകവും നിഷേധവുമായ വശങ്ങളാണുള്ളത്. പാപത്തിൽ നിന്നും ദൈവസേവനത്തിനായി വേർതിരിക്കപ്പെട്ടവരാണ് നാം.

എപ്പോഴാണ് ഒരാൾ വേർതിരിക്കപ്പെടുന്നത്? എപ്പോഴാണ് ഒരാൾ വിശുദ്ധീകരിക്കപ്പെടുന്നത്? ഒരാൾ എപ്പോഴാണ് വിശുദ്ധനായി തീരുന്നത്?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം 1 കൊരിന്ത്യർ 6:9–11 നൽകുന്നു. പൗലൊസ് എഴുതി, ‘‘... നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ, ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളും ചിലർ ഈവകക്കാരായിരുന്നു എങ്കിലും, നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും, നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും, നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു" നാം എപ്പോൾ കഴുകപ്പെടുന്നുവോ, എപ്പോൾ നീതീകരിക്കപ്പെടുന്നുവോ അപ്പോൾ വിശുദ്ധീകരിക്കപ്പെടുന്നു എന്നാണ് വാക്യം 11 വ്യക്തമാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം സുവിശേഷം അനുസരിക്കുമ്പോഴാണ് വിശുദ്ധീകരട ണം നടക്കുന്നത്. 1 തെസ്സലൊനിക്യർ 4 ൽ പൗലൊസ് പറയുന്നു, “അശുദ്ധിക്കല്ല, വിശുദ്ധിക്കത്രെ” ദൈവം നമ്മെ വിളിച്ചിരിക്കുന്നത് (വാ. 7). അവൻ നമ്മെ സുവിശേഷം മുഖാന്തരമാണ് വിളിക്കുന്നത് (2 തെസ്സ. 2:14).

പരിവർത്തന സമയത്താണ് വിശുദ്ധീകരണം നടക്കുന്നത്. അതേ സമയത്ത്, വിശുദ്ധീകരണത്തിൽ നടപടിക്രമങ്ങൾ അടങ്ങിയിരിക്കുന്നു. എബ്രായർ 12:14 ൽ നമ്മോട് പറയുന്നത് “എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉൽസാഹിപ്പിൻ" എന്നാണ്. “ക്രിസ്ത്യാനിയായി തീരുവാൻ എത്ര നാൾ എടുക്കും?” എന്ന് ഒരാളോട് ചോദിക്കയുണ്ടായി. “ഒരു നിമിഷവും, ആയുഷ്ക്കാലവും” എന്നായിരുന്നു അതിന് അയാൾ നൽകിയ മറുപടി. നിങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ, നിങ്ങൾ ക്രിസ്തുവിനോട് ചേരുവാൻ തിരവെഴുത്തിൽ പറഞ്ഞതുപോലെ സ്നാനം ഏൽക്കുമ്പോൾ, നിങ്ങൾ വേർതിരിക്കകപ്പെടുന്നു. എങ്ങനെയായാലും, പിന്നീട് ആയുഷ്ക്കാലം മുഴുവൻ സമാധാനത്തിലും വിശുദ്ധീകരണത്തിലും ജീവിതം നയിക്കണം. അത്തരം വിശുദ്ധീകരണ ജീവിതം നയിച്ചില്ലെങ്കിൽ, നമുക്ക് കർത്താവിനെ കാണുവാൻ കഴിയുകയില്ല.

*നിരോധനം (4:1–5).* വിസ്തൃതവും വിശാലവുമായ പൊതു തത്വത്തിൽ ധാരാളം പ്രത്യേകതകൾ അടങ്ങിയിരിക്കുന്നു. ഇന്നു കാലത്തും അതുപോലെ ഒന്നാം നൂറ്റാണ്ടിൽ പുരാതന റോമോ സാമ്രാജ്യങ്ങളിലും കാണപ്പെടുന്ന പെ ാതുവായ ഒരു ദുഷ്ടയായിരുന്നു ഇതു പറയുമ്പോൾ പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. ദുർന്നടപ്പ് എന്ന പൊതുവായ തത്വത്തിന്റെ പ്രത്യേകതകളെയാണ് അവൻ ഇവിടെ പ്രതിഫലിപ്പിക്കുന്നത്.

രാജാവിനെ അനുഗമിക്കുന്നു എന്നു പറയുന്നവരുടെ വായിൽ നിന്നും അധാർമ്മികവും, മോശവും, ശുദ്ധയില്ലാത്തതും, ദുരുപയോഗകരവും, അരേ ാചകവുമായ രീതിയിലുള്ള സംസാരമോ പെരുമാറ്റമോ ഉണാകുന്നത് നമുക്ക് മനസിലാക്കുവാൻ കഴിയുമോ?

നമ്മുടെ ജീവിതത്തിൽ വിസ്തൃതമായി പ്രയോഗിക്കാവുന്ന തത്വമാണ് വിശുദ്ധീകരണം. വ്യാപാരങ്ങളിലും, ജീവിതത്തിൽ എല്ലാ മേഖലയിലും ഉപയോഗിക്കാവുന്നതാണ്. “ലൈംഗിക ദുർന്നടപ്പ് വിട്ടൊഴിയുക” എന്നത് പ്രത്യേകമായ പ്രയോഗമാണ്. ഒഴിവാക്കുവാനായി പറഞ്ഞിരിക്കുന്ന ഒരു നിഷേധ നിരോധനഭാവമാണ് അത്. ഈ വേദഭാഗത്ത് പൗലൊസ്, ഒരു പ്ര ത്യേക മേഖലയാണ് പറയുന്നത്, എന്നാൽ ആ തത്വം പല മേഖലകളിലും നിരോധിക്കേണ്ട തത്വമായി എടുക്കാം.

“ദൈവത്തിന്റെ ഇഷ്ടമോ, നിങ്ങളുടെ ശുദ്ധീകരണം തന്നെ”-അത് പൊതുവായ തത്വമാണ്. “ലൈംഗികമാ. അധർമ്മം ഒഴിവാക്കുക-എന്നത് പ്രത്യേകമായ ഒരു പ്രായോഗികതയാണ്. ഒരു നിരോധനം, നിശേധ ഭാവം, ഒഴിവാക്കുവാനായി പറയുന്ന കാര്യമാണ്. അവൻ പറഞ്ഞു, “ദുർന്നടപ്പ് വിട്ടൊഴിഞ്ഞ്; ദൈവത്തെ അറിയാത്ത ജാതികളെ പോലെ കാമവികാരത്തിലല്ല, വിശുദ്ധീകരണത്തിലും, മാനത്തിലും താന്താന്റെ പാത്രങ്ങളെ നേടിക്കൊള്ളട്ടെ.”

“ലൈംഗികമായ ദുർന്നടപ്പ്,” “വിട്ടൊഴിയുക” പൗലൊസ് പറഞ്ഞു. *പൊർണെയിയാ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണഅ “ദുർന്നടപ്പ്” എന്ന വാക്ക് നമുക്ക് ലഭിച്ചത്, ആ വാക്കുമായി ബന്ധപ്പെട്ട് ഏതാനും മോശമായ വാക്കുകൾ ഇംഗ്ലീഷിൽ കാണാം – “പോർണോഗ്രാഫിക്,” “പോർണോഗ്രാഫി” തുടങ്ങിയവ. എല്ലാ അധാർമ്മിക ദുർന്നടപ്പിനുമുള്ള ഗ്രീക്ക് വാക്കാണ് *പൊർണെയിയാ.*

“കർത്താവിന്നു വിശുദ്ധം” എന്നെഴുതിയ സ്വർണ്ണം പൂശിയ, തലപ്പാവ് നാം ധരിക്കാറില്ല, എങ്കിലും നാം ഇപ്പോൾ വിശുദ്ധ പുരോഹിതവർഗ്ഗം തന്നെയാണ്. “ദൈവത്തിന്റെ സ്വന്തജനം, വിശുദ്ധവംശം, പ്രത്യേകജനം” (1 പത്രൊ. 2:9).

ഒരാൾ തന്റെ ശരീരത്തെ “നേടുന്നത്” എങ്ങനെ? അതിനർത്ഥം ശരീരത്തെ സമ്പാദിക്കുക എന്നാണോ? നമുക്ക് ശരീരം കിട്ടിക്കഴിഞ്ഞല്ലൊ. ഒരു ഭാര്യയെ നേടുക എന്നു പറഞ്ഞാൽ അത് എനിക്കു മനസിലാക്കാം. പക്ഷെ അതും ശരീരവുമായി നമുക്ക് എങ്ങനെ ബന്ധിപ്പിക്കാമെന്നതാണ് പ്രശ്നം. പൗലൊസ് എഴുതിയപ്പോൾ പറഞ്ഞത്, “ഓരോരുത്തൻ താന്താന്റെ പാത്രത്തെ നേടിക്കൊള്ളട്ടെ,” ഇംഗ്ലീഷ് ഭാഷയിൽ അത് അർത്ഥമാക്കുന്നത്, “അക്വയർ മാസ്റ്റർ ഓവെർ” അല്ലെങ്കിൽ നേടുക എന്നു പറയുമ്പോൾ ആദ്യം ലഭിക്കുക എന്ന അർത്ഥത്തിലല്ല (കരാണം അത് ആദ്യം ലഭിച്ചു കഴിഞ്ഞതാണ്), എന്നാൽ അതിനെ “കീഴ്പ്പെടുത്തുക” എന്നർത്ഥം. മുൻപ് പറഞ്ഞതിനെ എല്ലാം സമർത്ഥിക്കുകയാണ് ശേഷിച്ച ഭാഗങ്ങളിൽ.

*ശക്തി (4:6-8).* ദൈവത്തെ അറിയാത്തതിനാലായിരുന്നു ജാതികൾ അങ്ങനെ ജീവിച്ചിരുന്നത്. പ്രത്യേകിച്ച് കാർഷിക അഭിവൃദ്ധിക്കായി നടത്തുന്ന മതാചാരങ്ങളിലും, വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവർ അവരുടെ ദേവപ്രീതിക്കായി അധാർമ്മികതയും മതത്തിന്റെ ഭാഗമായി നടത്തി വന്നതുമായിരുന്നു പശ്ചാത്തലം.

പൗലൊസ് പറഞ്ഞു, “ഈ വകക്ക് ഒക്കെയും പകരം ചെയ്യുന്നവൻ കർത്താവ് അല്ലൊ” (വാ. 6). ഈ ഒരു ലക്ഷ്യം ആളുകളിൽനിന്നും അധികവും കേൾക്കുന്നില്ല. നാം നരകത്തെയും, തീപ്പൊയ്കയെയും, ഗന്ധകത്തെയും മാറ്റി നിർത്തിയിരിക്കുകയാണ്. അത് സത്യമാണെങ്കിലും, പൗലൊസ് ഇവിടെ *ഗഹെന്ന* എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. ആ വാക്ക് സുവിശേഷങ്ങളിലെ യേശുവിന്റെ പ്രസംഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് കാണാം. എങ്ങനെയായാലും, ദൈവകോപത്തെ കുറിച്ച് അവന് ധാരാളം പറയുവാനുണ്ടായിരുന്നു. ദൈവകോപം ചരതിച്ചു വെക്കുന്ന കഠിനഹൃദയരായ ആളുകളെ കുറിച്ച് അവന് വളരെ പറയുവാനുണ്ടായിരുന്നു.

ഈ വാക്യത്തിൽ പ്രതിപാദിച്ച മറ്റൊരു ലക്ഷ്യത്തെ കുറിച്ച് നാം വാക്യം 7 ൽ പറഞ്ഞു കഴിഞ്ഞതാണ്: “ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധിക്കത്രെ വിളിച്ചിരിക്കുന്നത്.” നിങ്ങളുടെ പരിവർത്തനത്തെ കുറിച്ച് ചിന്തിക്കുക. മരണത്തിനായുള്ള പാപത്തെ കുറിച്ചു ചിന്തിക്കുക. നിങ്ങൾ കഴുകപ്പെട്ട്

നീതീകരിക്കപ്പെട്ട സമയത്തെ കുറിച്ച് ചിന്തിക്കുക. ആ സമയത്തു തന്നെ നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടതായി നിങ്ങൾ തിരിച്ചറിയുന്നുണ്ടോ? നിങ്ങളെ വിളിച്ചിരിക്കുന്നത് അശുദ്ധിക്കല്ല. വിശുദ്ധ വംശവും, സ്വന്ത ജനവും, സകല സൽ പ്രവൃത്തികൾക്കുമായി രാജകിയ പുരോഹിതവർഗമാകേണ്ടതിന ാണ്. വിളിയെ എപ്പോഴും ഓർമ്മിക്കണോ? പരിവർത്തനത്തെ എപ്പോഴും ഓർമ്മിക്കണോ? കഴുകലും, നീതീകരണവും എപ്പോഴും ഓർമ്മിക്കണോ? വേണം.

മറ്റു ചിലതും ഓർമ്മിക്കണം: "തുഛീകരിക്കുന്നവൻ, മനുഷ്യരെ അല്ല, ദൈവം നിങ്ങൾക്ക് തന്ന പരിശുദ്ധാത്മാവിനെ ആണ് ദുഃഖിപ്പിക്കുന്നത്" (വാ. 8). ജാതികളായ ആളുകൾ അവരുടെ വ്യർത്ഥ കാര്യങ്ങളെ ഓർമ്മിക്കണം. അതിന്റെ ധനികത്വം കവർന്നെടുക്കുന്ന ദൈവം നൽകിയ വിലയില്ലാത്ത നിയമങ്ങളല്ല അവ ഒന്നും. ഇപ്പോഴുള്ളതും ഭാവിയിൽ ലഭിക്കുവാനുള്ളതുമായ വാഗ്ദാനങ്ങൾ അടങ്ങുന്നതാണ് ദൈവ ഭക്തി. ലോകത്തിൽ ക്രിസ്തുവിലും, ക്രിസ്തുവിന്റെ വചനത്തിലും ഇവിടെയും പിന്നീടും ഏറ്റവും നല്ലതും. മുഴുവനായതുമായ ധനം ലഭ്യമാണ്. എഫെസ്യർ 5:11 പറയുന്നു, "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്. അവയെ ശാസിക്കയത്രേ വേണ്ടത്."

*ഉപസംഹാരം.* നിങ്ങൾക്കു വേണ്ടിയാണ് അവൻ മരിച്ചത് എന്ന് ഓർമ്മിക്കുക! തനിക്ക് സൽപ്രവൃത്തികൾ ഒരു പ്രത്യേക ജനമാക്കി മാറ്റുവാനാണ് നിങ്ങളെ ശുദ്ധീകരിച്ചത്. പ്രത്യേകതയുള്ള ഒരു ജനം, ഇരുട്ടും വഞ്ചനയും നിറഞ്ഞ ലോകത്തിൽ, വെളിച്ചമായി പ്രകാശിക്കുവാന ാണ്. വിശുദ്ധീകരിക്കപ്പെട്ടവരായതുകൊണ്, നമുക്ക് വിശുദ്ധി നിലനിർത്തി ജീവിക്കാം.

ഏഎം

## സഹോദരപ്രീതിയിൽ നടക്കുക (4:9, 10)

"സഹോദരപ്രീതി" നമുക്ക് വാക്യം 9 ൽ കാണാം, അത് ഒരാൾക്ക് തന്റെ സ്വന്ത കുടുംബത്തോടുള്ള വൈകാരിക സ്നേഹാണ്. സ്നേ ഹിക്കുന്നവരോടുള്ള ഒരു ധ്യാനം അതിൽ അടങ്ങിയിരിക്കുന്നു (റോമ. 12:10).

"അന്യോന്യം സ്നേഹിപ്പിൻ" എന്ന ഉപദേശം തെസ്സലൊനിയർക്ക് ദൈവത്തിൽ നിന്നു ലഭിച്ചിരുന്നു. അതിനർത്ഥം ദൈവം അവർക്ക് അത് നേരിട്ടു വെളിപ്പെടുത്തി എന്നല്ല. മറിച്ച്, ദൈവം ആ ഉപദേശം ദൈവം പൗലൊസ് അവിടെ ആയിരുന്നനപ്പോൾ അവനിൽകൂടെ അവർക്ക് നൽകിയിരുന്നു എന്നർത്ഥം (പ്രവൃ. 17:2). പൗലൊസ് ഉപകരണമായിരുന്നു എങ്കിലും, സന്ദേശം ദൈവത്തിന്റേതായിരുന്നു (2:13).

അന്യോന്യമുള്ള അവരുടെ സ്നേഹം തെസ്സലൊനിക്യർ പ്രകടിപ്പിച്ചത് മക്കെദോന്യ സഹോദരങ്ങളോട് ദയവ് കാണിച്ചുകൊണ്ടാണ് (വാ. 10). അവരുടെ സ്നേഹത്തെ കുറിച്ച് പൗലൊസ് അറിഞ്ഞത് തിമൊഥെയൊസ് മുഖാന്തരമാണ് (3:6), അവരുടെ ദയവ് തങ്ങളുടെ ഇടവകക്ക് അപ്പുറത്തേക്ക് കടന്നിരുന്നു. അവർ ദരിദ്രരെയും, പണക്കാരെയും, ദാസന്മാരെയും സ്വതന്ത്രരെയും, വിദ്യാരഹിതരെയും വിദ്യാഭ്യാസമുള്ളവരെയും എല്ലാവരേയ ും വ്യത്യാസം കൂടാതെ സ്നേഹിച്ചിരുന്നു.

അവർ സഹോദരപ്രീതി പ്രകടിപ്പിച്ചിരുന്നു എങ്കിലും, പൗലൊസ് അതിൽ "വർദ്ധിച്ചുവരുവാനാണ്" ആജ്ഞാപിച്ചത് (വാ. 10). മറ്റുള്ളവരോടുള്ള സ്നേ

ഹം വളരുവാനായി അവർ മറ്റു വഴികൾ കണ്ടെത്തണമായിരുന്നു. ഈഈ

**ജീവിതത്തിൽ മര്യാദയായി നടക്കുക (4:11)**

"മര്യാദയായി നടക്കുക" എന്നത് ജീവിതത്തിൽ ഒരു അഭിലാഷമാക്കി മാറ്റുവാനായിരുന്നു പൗലൊസ് തെസ്സലൊനിക്യരോട് ആവശ്യപ്പെട്ടത് (വാ. 11). അത് ഒരു അസാധാരണ അഭിലാഷമായി തോന്നിയേക്കാം. "മര്യാദ" എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? തങ്ങളുടെ ഭൗതിക ജോലി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരുന്ന പ്രശ്നത്തിലേക്കാണഅ ഇത് വിരൽ ചൂണ്ടുന്നത് (2 തെസ്സ. 3:1-15), വാക്യം 11 ൽ പൗലൊസ് അവരുടെ ശ്രദ്ധക്കായി മൂന്നു പ്രബോധനങ്ങളാണ് നൽകിയിരിക്കുന്നത്.

"*മര്യാദയായി ജീവിക്കുക.*" തർക്കിക്കുന്നതിനു പകരമായി "ശാന്തത സൂക്ഷിപ്പാൻ ശ്രമിക്കുക" എന്നാണ് എൻഈബിയിൽ. നാം ശാന്തരായിരുന്നാൽ, ശാന്തത കൈവരിക്കുവാൻ കഴിയും.

"*സ്വന്തം കാര്യം നോക്കുക.*" ഒരുവശത്ത് "... മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കണം" എന്നു പറഞ്ഞിരിക്കുന്നു (ഫിലി. 2:4). എങ്ങനെയായാലും, മറ്റുള്ളവരുടെ കാര്യത്തിൽ നാം ആവശ്യമില്ലാതെ ഇടപെടരുത്. പത്രൊസ് എഴുതി, "നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത് ... പരക്കാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല" (1 പത്രൊ. 4:15). മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടാതിരിക്കുവാനുള്ള എളുപ്പവഴി സ്വന്തം കാര്യം നോക്കുകയാണ്. നമ്മുടെ ഉത്തരവാദിത്തങ്ങൾ മനസിലാക്കി, സ്വീകരിച്ച്, നിറവേറ്റുകയാണ് വേണ്ടത്.

"*സ്വന്ത കൈകൊണ്ട് വേല ചെയ്യുക.*" സ്വന്ത കൈകൊണ്ട് അദ്ധ്വാനിച്ച് ജീവിക്കുകയാണെങ്കിൽ, "മുട്ടില്ലാതെ ഇരിക്കാം" (വാ. 12). നമുക്ക് ജോലി ചെയ്യുവാൻ പറ്റുമെങ്കിൽ മറ്റുള്ളവരെ ആശ്രയിക്കുന്നത് തെറ്റാണ്. "വേല ചെയ്യുവാൻ മനസില്ലാത്തവൻ തിന്നുകയുമരുത്" എന്ന് പൊലൊസ് പിന്നീട് 2 തെസ്സലൊനിക്യ ലേഖനം എഴുതിയപ്പോൾ പറഞ്ഞിരിക്കുന്നു (3:10). അതിനർത്ഥം ഒരാൾക്ക് ജോലി ചെയ്യുവാൻ കഴിയാതിരിക്കുമ്പോഴോ, ജോലി കണ്ടെത്തുവാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ സഹായിക്കേണ്ട എന്നല്ല (എഫ. 4:28; യാക്കൊ. 2:14-16 നോക്കുക), മറിച്ച്, തെസ്സലൊനിക്യ സഭയിൽ ചിലർ ജോലി ചെയ്ത് സഭക്ക് മാനക്കേട് വരുത്തുന്നവരെ കുറിച്ചാണ് പറയുന്നത്. നല്ല മാതൃക കാണിച്ചു കൊടുപ്പാനാണ് പൗലൊസ് സഭയോട് പറയുന്നത്, "ധഅവർപ പുറത്തുള്ളവരോട് മര്യാദയായി നടപ്പാനും, ഒന്നിനും മുട്ടില്ലാതിരിപ്പാനും" ആയിരുന്നു പൗലൊസ് ആജ്ഞാപിച്ചത് (വാ. 12).

നമ്മുടെ സഭയിൽ അത്തരം ആളുകൾ ഉണ്ടോ? കർത്താവിന്റെ സഭയെ തകർക്കുവാനല്ല, പണിയുവാനാണ് നാം ശ്രമിക്കേണത്, മറ്റുള്ളവരെ പ്രോൽസാഹിപ്പിക്കുവാനും സഹായിക്കുവാനും കഴിയേണതിന് "വേല ചെയ്യുക" എന്നാണ് അപ്പൊസ്തലൻ കൽപിച്ചത്. ഈഈ

**സ്നേഹിച്ച് ജീവിക്കൽ (4:9-12)**

ക്രിസ്ത്യാനികൾക്ക് വളരുവാൻ എല്ലായ്പോഴും സാഹചര്യമുണ്ട്. മറ്റു പുതിയ നിയമ ലേഖനങ്ങളെ പോലെ, 1 തെസ്സലൊനിക്യ ലേഖനവും നല്ല പെരുമാറ്റത്തിൽ വളരുവാനാണ് നമ്മെ ഉത്തേജിപ്പിക്കുന്നത്. ഇത് എഴുതപ്പെട്ട യൗവന പ്രായത്തിലുള്ള വിശ്വസ്തരയാ ക്രിസ്ത്യാനികൾ സ്നേഹിച്ച്,

ദുർന്നടപ്പ് ഒഴിവാക്കി, വിശുദ്ധിയിൽ ജീവിക്കയും, അവരുടെ ജീവിതത്തിൽ രണ് സവിശേഷ സ്വഭാവങ്ങൾ സ്വീകരിപ്പാനും പറഞ്ഞിരിക്കുന്നു: സ്നേഹം വർദ്ധിപ്പിക്കുവാനും, സമാധാനത്തിൽ ജീവിക്കുവാനും. ആ യോഗ്യതകൾ അവർക്കു ചുറ്റും വസിക്കുന്നവരിൽ, സഹ ക്രിസ്ത്യാനികളിലും, കർത്താവിന്റെ സഭയ്ക്ക് പുറത്തുള്ളവരിലും, സ്വാധീനം ചെലുത്തുവാൻ മതിയായവയായിരുന്നു. നമുക്ക് ചുറ്റും വസിക്കുന്നവരെ സ്വാധീനിക്കുവാൻ പറ്റിയ മാർഗമാണ് ദൈവമുൻപാകെ നല്ല പെരുമാറ്റം കാഴ്ച്ച വെക്കുന്നത്. സുവിശേഷം അവരുടെ ജീവിതത്തിൽ പകർത്തിയിരുന്നു.

ക്രിസ്തീയ വളർച്ചയുടെ ഭാഗമാണ്, ദൈവ വഴി സ്നെഹിച്ച് അപ്രകാരം ജീവിക്കുക എന്നത്. നമ്മുടെ ദൈനന്തിന ജീവിതവും നമുക്ക് ചുറ്റുമുള്ളവരോടുള്ള പെരുമാറ്റവും ക്രിസ്തീയ പക്വതയുടെ സ്വഭാവങ്ങളാണ്.

*സ്നേഹത്തിൽ വളരുക (4:9, 10).* നാം സ്നേഹത്തിൽ വളരുന്നുണ്ടോ? ഈ ചോദ്യം ചോദിക്കുന്നത് തന്നെ ലജ്ജാകരമായി തോന്നിയേക്കാം. നാം സ്നേഹത്തിൽ പക്വത പ്രാപിക്കുവാൻ ശ്രമിക്കാത്തതുകൊണ്ടാണ് ചിലപ്പോൾ നമുക്ക് ലജ്ജ തോന്നുന്നത്. ചിലപ്പോൾ അങ്ങനെ ചോദിക്കുന്നതു തന്നനെ അരോചകമെന്ന് തോന്നിയേക്കാം, കാരണം സ്നേഹിക്കൽ നമ്മുടെ പ്രകൃതമല്ല. നാം സ്നേഹിക്കുന്ന ആളുകളായതിനാൽ, ആ ചോദ്യം നമ്മെ സ്തബ്ദരാക്കിയേക്കാം.

അപ്പൊസ്തലന്മാർ തെസ്സലൊനിക്യയിൽ വരികയും സുവിശേഷം പ്രസംഗിക്കയും ചെയ്തു (2:2). പരിവർത്തനം ചെയ്തവരായ അവർ അത് സ്വീകരിച്ചത് ദൈവത്തിന്റെ സന്ദേശം ആയിട്ടായിരുന്നു (2:13). ദൈവത്തിന്റെ സ്നേഹവും അവരുടെ സന്ദേശത്തിൽ ഉൾപ്പെട്ടിരിക്കും എന്ന കാര്യത്തിൽ സംശയമില്ല (1:4). ഉപദേഷ്ടാക്കന്മാർ ആ സ്നേഹം തെസ്സലൊനിക്യയിലുള്ളവരോടു കാണിച്ചിരിക്കും എന്നനതും തീർച്ചയാണ് (2:7, 8). യാത്ര ചെയ്തുകൊണ്ടിരുന്ന സുവിശേഷകന്മാർ പഠിപ്പിച്ചതും പ്രദർശിപ്പിച്ചതുമായ സ്നേഹം അവർ പകർത്തിയിരുന്നു (3:6). അവർ കേട്ടു, അനുഭവിച്ചു പിൻപറ്റി കൊണ്ടിരുന്നതിനാൽ വീണ്ടും അവരെ സ്നേഹിക്കുവാൻ പഠിപ്പിക്കേണ്ട ആവശ്യമില്ല.

ദൈവ ജനത്തിൽ സുവിശേഷം ചെലുത്തുന്ന സ്വാധീനം ഒരു അടയാളമായിരിക്കും എന്ന് യേശു മുന്നറിയിച്ചിരുന്നു, "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് എന്ന് പുതിയോരു കൽപന ഞാൻ നിങ്ങൾക്ക് തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുള്ളതു തന്നെ; നിങ്ങൾക്ക് തമ്മിൽ സ്നേഹം ഉണെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹ. 13:34, 35). ആ യുവ സഭ ഈ നടപടി തുടരുകയും ദൈവത്തിന്റെ പദ്ധതിയായതിനാൽ, ജീവിതത്തിന്റെ എല്ലാ മേഖലയിലേക്കും വ്യാപരിക്കുകയും ചെയ്യുവാനായിരുന്നു പൗലൊസ് പറഞ്ഞത്.

ആ ക്രിസ്ത്യാനികൾ തങ്ങളുടെ സ്നേഹം അവരുടെ ഇടവകയിലുള്ളവരോടും, അടുത്തുള്ള സഭകളിലും, ഉദാഹരണമാി, ബെരോവ, ഫിലിപ്പിയ തുടങ്ങിയ പ്രദേശങ്ങളിലേക്കും വ്യാപിക്കുവാൻ അവരോട് ആജ്ഞാപിച്ചിരുന്നു. ലേഖനത്തിൽ ആദ്യം അവരോട് ആവശ്യപ്പെട്ടത് സ്നേഹത്തിൽ വർദ്ധിച്ചുവരുവാനായിരുന്നു (3:12). ഈ ലേഖനം ലഭിക്കുന്നവരെ സ്നേഹിക്കാത്തതിനു വിമർശിച്ചിരുന്നില്ല, പക്ഷെ അവരുടെ ശക്തി വളർത്തുവാന

ായിരുന്നു പ്രോൽസാഹിപ്പിച്ചത് (4:9, 10).

സ്നേഹിച്ചിരുന്ന ഈ ഇടവകയെ കൂടുതൽ സ്നേഹിക്കുവാൻ ഉൽസാഹിപ്പിച്ചത് എന്തിനാണ്? സ്നേഹമായിരിക്കണം ക്രിസ്ത്യാനിത്വത്തിന്റെ സുപ്രധാന മർമ്മം എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ. സ്നേഹം അന്ന് അവർക്ക് പ്രാധാന്യമുള്ളതായിരുന്നു എങ്കിൽ, ഇന്ന് നമുക്കും പ്രാധാന്യമുള്ളതാണ്. നമ്മുടെ സ്നേഹിക്കൽ എങ്ങനെയിരിക്കുന്നു? നമ്മുടെ ഇടവകയിലുള്ളവർക്കും സമൂഹത്തിലുള്ളവർക്കും നമ്മുടെ സ്നേഹത്തെ കുറിച്ച് അറിയാമോ? യേശുവിന്റെ പുതിയ ശിഷ്യന്മാരായിരുന്ന തെസ്സലൊനിയക്കാർ സ്നേഹിച്ചതുപോലെ ഉള്ള സ്നേഹത്തിന്റെ ബഹുമതി നമുക്ക് ഉണ്ടോ?

നമുക്ക് എങ്ങനെ സ്നേഹിക്കൽ വർദ്ധിപ്പിക്കുവാൻ കഴിയും? കൂടുതൽ സ്നേഹിക്കുന്നതിന് മറ്റുള്ളവരെ നമുക്ക് എങ്ങനെ സഹായിക്കുവാൻ കഴിയും? യേശുവിന്റെ സ്നേഹം മനസിലാക്കി പ്രാവർത്തികമാക്കുന്നതിൽകൂടെ. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ” എന്നാണ് യേശു ശിഷ്യന്മാരോട് കൽപിച്ചത് (യോഹ. 13:34; 15:12). ആദ്യം, അവന്റെ സ്നേഹം എങ്ങനെയുള്ളതാണെന്ന് നാം മനസിലാക്കണം.

യേശു നമുക്ക് കാണിച്ചു തന്ന ദൈവിക സ്നേഹത്തിന്റെ പാഠങ്ങൾ നമുക്ക് വേണം. ആത്മാർത്ഥതയുള്ള അവന്റെ ശിഷ്യന്മാർ അവന്റെ കാൽപ്പാടുകളെ പിൻപറ്റിയ മാതൃകകൾ നമുക്ക് ആവശ്യമാണ്. സ്നേഹമുള്ള ചിന്തകളുടേയും, വാക്കുകളുടേയും, പ്രവൃത്തികളുടേയും പാഠങ്ങൾ നമുക്ക് ആവശ്യമാണ്. ഒരു സമയത്ത് ഓരാളോട് എന്ന നിലയിൽ ലളിതമായ രീതിയിൽ യേശു കാണിച്ച സ്നേഹം നമുക്ക് പരിശീലിച്ചു തുടങ്ങാം. പുതിയ ക്രിസ്ത്യാനികളോട് ആ ഉപദേഷ്ടാക്കന്മാർ കാണിച്ചു കൊടുത്ത സ്നേഹം മനസിലാക്കി ആ സ്നേഹം മറ്റുള്ളവരിൽ വളർത്തിയെടുക്കുവാൻ നാം അവരെ സഹായിക്കണം.

*ജീവിക്കുന്നതിൽ വളരുക (4:11).* സ്വന്ത കാര്യം നോക്കുക എന്നതായിരിക്കണം അവരുടെ “അഭിലാഷം” എന്ന് തെസ്സലൊനിക്യരോട് നിർദ്ദേശിച്ചിരുന്നു (4:11). അവർ സ്വന്ത കാര്യം നോക്കുന്നതിൽ കൂടുതൽ ശുഷ്ക്കാന്തി കാണിക്കുവാനാണ് ദൈവം ആഗ്രഹിച്ചത്. ഈ സഭയ്ക്ക് രണ്ടാമത് ലേഖനം എഴുതിയപ്പോൾ, മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നതിന്റെ അപകടം അറിയിച്ചിരിക്കുന്നു. വേല ചെയ്യേണ്ടതിന്റെ പ്രാധാന്യം വാക്യം 11 ൽ ബോധ്യപ്പെടുത്തിയിരിക്കുന്നു. അത് ദൈവത്തിന് പ്രാധാന്യം ഉള്ളതാകയാൽ അവർക്കും പ്രാധാന്യമുള്ളതാണ്.

സുവിശേഷം പ്രസംഗിക്കുന്നവരിലും, ബൈബിൾ ക്ലാസ് എടുക്കുന്നവരിലും മാത്രമാണ് ദൈവത്തിന് താൽപര്യം എന്നു ചിലപ്പോൾ ചിന്തിച്ചേക്കാം. “സ്വന്ത കൈകൊണ്ട് വേല ചെയ്യുക” എന്നത് തെസ്സലൊനിക്യ സഭയ്ക്കും-നമുക്കും-ദൈവത്തിനും പ്രാധാന്യമുള്ള കാര്യമാണെന്ന് നാം അറിയണം. അത്തരത്തിൽ വേല ചെയ്യുവാൻ ആ സഹോദരങ്ങൾക്ക് ദൈവത്തിൽ നിന്നു കൽപന ലഭിച്ചിരുന്നു, അതേ സമയം, മറ്റുള്ളവരെ ഭാരപ്പെടുത്തരുത് എന്നു വെച്ച് സ്വന്തകൈ കൊണ്ട് വേല ചെയ്യുകയും രാവും പകലും സുവിശെഷം ക്ഷമയോടെയും ശാന്തതയോടെയും പ്രസംഗിച്ചു വന്ന ദൈവപുരുഷന്മാരുടെ വലിയ മാതൃകയും അവർ കണിരുന്നു (2:8, 9).

ആ മാതൃക പിൻപറ്റുവാനാണ് ഇപ്പോൾ ആ സഹോദരന്മാരോട് ആവശ്യപ്പെടുന്നത്. കൊലൊസ്യയിലെ ദാസന്മാരെയും യജമാനന്മാരെയും പേ

ാലെ, ഇവരും തങ്ങളുടെ യജമാനൻ സ്വർഗത്തിലുണ്ടെന്ന് ചിന്തിക്കയും, അവന വന്റെ കാര്യത്തോടൊപ്പം ദൈവ വേലയും അവന്റെ ഹിതപ്രകാരം ചെയ്യണം. കൊലൊസ്സ്യയിലുള്ളവരോട് പറഞ്ഞു, "നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല, കർത്താവിന്ന് എന്നപോലെ മനസോടെ ചെയ്‌വിൻ" (കൊലൊ. 3:23). ലോകത്തിൽ വെച്ച് ഏറ്റവും വലിയ യജമാനനായിരുന്നു അവർക്ക് ഉണ്ടായിരുന്നത്! നമ്മുടേയും യജമാനൻ അവൻ തന്നെയാണ്! കർത്താവിന്നായി വേല ചെയ്യുക!

നാം അഭിലാഷമുള്ളവരായിരിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾ അഭക്തമായ രീതിയിൽ നിറവേറ്റുവാൻ നാം ശ്രമിക്കരുത്. നമ്മുടെ സ്വന്തകാര്യങ്ങൾ ചെയ്തു നല്ലതുപോലെ വേണം പരിശ്രമിക്കുവാൻ. നമ്മുടെ ശക്തിയും പരിമിതികളും ദൈവത്തിന് നന്നായി അറിയാം. നമ്മുടെ നന്മയാണ് അവൻ എപ്പോഴും ആഗ്രഹിക്കുന്നത്. നാം ജോലി ചെയ്യുന്നത് നല്ലതാണെന്നും, അതു നമുക്കും മറ്റുള്ളവർക്കും ഉപകാരപ്പെടുമെന്നും അവന് നന്നായി അറിയാം. നമ്മുടെ ജോലി ദൈവത്തിനും പ്രാധാന്യമുള്ളതാണ്.

നാം അവന്നായി വേല ചെയ്യുന്നത് അവന്ന് പ്രസാദകരമാണെന്ന് അറിഞ്ഞ് ആ പ്രവൃത്തി ചെയ്യുക.

*പുറത്തുള്ളവരോട് മര്യാദയായി നടക്കുക (4:12).* നിങ്ങളുടെ ജോലി ദൈവത്തിന് എന്ന പോലെ ചെയ്താൽ അതിന്റെ ഫലങ്ങൾ എന്തെല്ലാണ്? 4:12 ൽ രണ്ട് ഫലങ്ങൾ പറഞ്ഞിരിക്കുന്നു: അത് സഭയക്ക് പുറത്തുള്ളവരെയും നിങ്ങളുടെ ആവശ്യങ്ങളെയും സ്വാധീനിക്കും.

പുറത്തുള്ളവർ സഭയെ കുറിച്ച് എന്താണ് വിചാരിക്കുന്നത്? തെസ്സലൊന ിക്യയിലുള്ള ചിലർ സുവിശേഷപ്രസംഗത്തെയും സന്ദേശം അന ുസരിച്ചവരെയും എതിർത്തിരുന്നു. സുവിശേഷ പ്രസംഗത്തെ എതിർക്കുകയും സന്ദേശം അറിയിച്ചവരെ ഉപദ്രവിക്കയും ചെയ്ത ചില യെഹൂദന്മാരെ കുറിച്ച് പ്രവൃത്തികൾ 17 ൽ വിവരിച്ചിരിക്കുന്നു. സഭയോട് പുറത്തുള്ളവർ എങ്ങനെ യാണ് പ്രതികരിക്കുന്നത്? അവർ അത് ഇഷ്ടപ്പെട്ടോ അതോ വെറുത്തിരുന്നോ? അത് അവരെ ബാധിക്കുന്ന കാര്യമാണ്. എന്നാൽ ക്രിസ്ത്യാനികളായി തീർന്ന നാം എങ്ങനെയാണ് നമ്മുടെ അയൽക്കാരോട് ഇടപെടുന്നത് എന്നാണ് ദൈവം നോക്കുന്നത്. തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികൾ മര്യാദയായി നടക്കണമായിരുന്നു. ചിതറിപ്പാർത്തിരുന്ന ക്രിസ്ത്യാനികളോടു പറഞ്ഞു, "നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടിട്ട് സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണതിന്ന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കട്ടെ" (1 പത്രൊ. 2:12).

ക്രിസ്തുവിനു പുറത്തുള്ളവരോട് നാം ബന്ധപ്പെടുമ്പോൾ, തിന്മ വിട്ടുകളയുക മാത്രമല്ല, നമ്മുടെ ജീവിതത്തിലെ നന്മ അവർ കാണുകയും വേണം. "സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്, പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവിൻ" (കൊലൊ. 4:5). അ-ക്രൈസ്തവരുമായി ബന്ധപ്പെടുന്നത് ദൈവ വഴി കാണിച്ചുകൊടുപ്പാനുള്ള വിലയേറിയ അവസരമായിട്ടാണ് ദൈവം കാണുന്നത്. അവർ അതിനോട് എങ്ങനെ പ്രതികരിക്കമെന്നത് അവരെ ബാധിക്കുന്ന കാര്യമാണ്. അവരുടെ പ്ര തികരണത്തിന് നാം ഉത്തരവാദികളല്ല, പക്ഷെ നമ്മുടെ ജീവിതത്താൽ അവരെ പഠിപ്പിക്കേണ്ട ഉത്തരവാദിത്വം നമുക്ക് ഉണ്ട്. ദൈവം അവരുടെ ജീവിതത്തിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്തെന്ന് അറിയുവാനുള്ള ശക്തി അവരിൽ ഉണ്ട്.

ദൈവത്തിന്റെ വചനം പ്രാവർത്തികമാക്കുവാനുള്ള അവസരമായിരിക്കാം ആദ്യം ലഭിക്കുന്നത്.

ക്രിസ്ത്യാനികളായ നാം, ദൈവത്തെ അറിയാത്തവർക്കിടയിൽ, ദൈവ വഴിയും അവന്റെ സന്ദേശവും പിൻപറ്റുമ്പോൾ, നമ്മുടെ പ്രവൃത്തികളിലും അതിന്റെ കാരണങ്ങളിലും അതിശയിക്കും. ദൈവം ആഗ്രഹിക്കുന്നത് ചെയ്യുവാനാണ് ഞങ്ങൾ ശ്രമിക്കുന്നത് എന്നു പുറത്തുള്ളവരോട് പറയുവാനുള്ള നല്ല അവസരമാണ് ഇത്. "അതാണ് എന്റെ അമ്മ എന്നെ പഠിപ്പിച്ചത്" അല്ലെങ്കിൽ അത് എനിക്ക് ശരിയായി തോന്നി" എന്നു ആളുകളോട് പറയുവാൻ നാം പരീക്ഷിക്കപ്പെട്ടേക്കാം. ആ പ്രസ്താവനകൾ ശരിയാണെങ്കിലും, അവ ദൈവത്തിന് മഹത്വം കൊടുക്കുന്നില്ല. പകരം, അവ നമ്മിലേക്ക് ശ്രദ്ധ ചെലുത്തുവാനേ ഉപകരിക്കയുള്ളു. നാം ചെയ്യുന്നത് എന്തും ദൈവഹിതം മാത്രമായിരിക്കണം. അതാണ് നല്ലത്, അപ്പോൾ, നാം നൽകുന്ന ഉത്തതരം ദൈവത്തിന്റെ അംഗീകാരപ്രകാരവും, അവന്നു ആദരം കൊടുക്കുന്നതുമായിരിക്കും. ഒരുപക്ഷെ, "അതാണ് ദൈവം ആഗ്രഹിക്കുന്നത്" എന്നു പറയുവാൻ കഴിയും. ''ദൈവവചനത്തിൽ ഏറ്റവും നന്നായി ചെയ്യയുവാൻ പറയുന്നത് അതാണ്" എന്നു പറയുവാനും കഴിയും. അല്ലെങ്കിൽ "ഏറ്റവും ഫലപ്രദമായ മാർഗം ഇതാണ് എന്നു ദൈവത്തിന് അറിയാം" എന്നും പറയുവാൻ സാധിക്കും.

വാക്യം 12 ൽ നാം സ്വന്തം കാര്യം നന്നായി ചെയ്യുവാൻ പറഞ്ഞിരിക്കുന്നതിന്റെ മറ്റൊരു കാരണം, മുട്ടുണ്ടാകാതിരിക്കുവാനാണ്. നല്ല രീതിയിൽ സ്വന്തം കാര്യം നോക്കുന്ന ആൾ പുറത്തുള്ളവർക്ക് നല്ല പ്രതീതി ജനിപ്പിക്കുന്നതോടൊപ്പം, തന്റെ ദൈനന്തിന ആവശ്യങ്ങളും നിറവേറ്റുന്നു. എഫെസൊസിലെ ക്രിസ്ത്യാനികളോട് പറഞ്ഞു, "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്ന് കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്" (എഫെ. 4:28). നമ്മുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റുവാൻ ശ്രദ്ധിച്ച് വേല ചെയ്യുകയും മറ്റു ക്രിസ്ത്യാനികളുടെ ജീവിതത്തിന്റെ ഭാഗമാകുകയും വേണം.

ഈ കാലത്ത്, ആവശ്യമുള്ളവരെ സഹായിക്കുവാനായി ക്ഷേമ പരിപാടികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. അതേ സമയത്ത് നമുക്ക് ജോലി ചെയ്യുവാൻ കഴിവുള്ളപ്പോൾ, ഗവൺമെന്റിനെ ചൂഷണം ചെയ്യുന്നത് ക്രിസ്ത്യാനിക്ക് ഭൂഷണമല്ല. ക്രിസ്ത്യാനികൾക്കിടയിൽ ജോലി ചെയ്യുവാനുള്ള താൽപര്യം നാം എങ്ങനെ വളർത്തിയെടുക്കും? നമ്മുടെ കുട്ടികളിൽനിന്നു തന്നെ നമുക്ക് തുടങ്ങാം, അവർക്ക് കഴിയുന്ന വിധത്തിൽ ഠഉത്തരവാദിത്തങ്ങൾ നിറവേറ്റി മറ്റുള്ളവരെ സഹായിക്കുന്ന മാതൃക കാണിച്ചു കൊടുക്കണം. അവർ പ്രായപൂർത്തിയാകുമ്പോൾ ചെയ്യേണ്ട കാര്യങ്ങളെ അവർക്ക് പഠിപ്പിച്ചു കൊടുക്കുയും ചെയ്യാം. അവർക്കും മറ്റുള്ളവർക്കും ഉപകാരപ്പെടുന്ന രീതിയിൽ വരുമാനം ലഭിക്കുന്ന ദൈവം നൽകിയ ജോലികൾ ചെയ്യുവാൻ അവരെ ഉത്തേജിപ്പിക്കണം, അല്ലാതെ അവരെ നിർബ്ബന്ധിക്കാതെ അവർക്ക് താൽപര്യം ജനിക്കുന്ന വിധത്തിലുള്ള ജോലിയിലേക്ക് നയിക്കണം.

സ്വന്ത കുടുംബത്തെ നോക്കാതെ, ജോലി ചെയ്യാതെ, അലസരായി കഴിയുന്ന ക്രിസ്ത്യാനികൾ-ദൈവ സ്വഭാവത്തെ മോശമായി പ്രതിഫലിപ്പിക്കുകയാണ്. നേരെ മറിച്ച്, സ്വന്ത കുടുംബത്തിന്റേയും മറ്റുള്ളവരുടേയും ആവശ്യങ്ങൾ നിറവേറ്റുന്ന ക്രിസ്ത്യാനികൾ തങ്ങൾക്കു ചുറ്റും വസിക്കുന്ന സമൂഹത്തിന്

വലിയ സ്വാധീനശക്തിയായി മാറും. അത്തരം ജീവിത ശൈലി സ്വീകരിച്ചവർ, ദൈവം ആരാണെന്നും ദൈവമക്കൾ ആരാണ് എന്നും കാണിക്കുന്നു, മാത്രമല്ല, അവർ തങ്ങൾ പാർക്കുന്ന സമൂഹത്തിന് ഉപകാരപ്രദവുമായിരിക്കും.

*ഉപസംഹാരം.* ജീവിത താൽപര്യം "വർദ്ധിപ്പിക്കുവാൻ" ഈ വാക്യങ്ങളിൽ പറഞ്ഞ കാര്യങ്ങൾ വളരെ പ്രയോജനപ്രദമാണ്. നമ്മുടെ സഹോദരന്മാരെ ഏറ്റവും നന്നായി ഉത്തേജിപ്പിക്കാവുന്ന മാർഗമാണ് സ്നേഹം. സമാധാനപൂർവ്വമായി ജോലി ചെയ്തു സ്വന്തം ആവശ്യങ്ങൾ നിറവേറ്റുവാനും മറ്റുള്ളവരെ സഹായിക്കുവാനും കഴിയുന്നത് ദൈവ ഭവനത്തിന് പുറത്ത് സ്വാധീനം ചെലുത്താവുന്ന പ്രവൃത്തിയാണ്. ടിപി

**ജോലിസ്ഥലത്ത് ദിവസവും ജീവിക്കൽ (4:9-12)**

തന്റെ വായനക്കാരുടെ ആവശ്യം അറിഞ്ഞായിരുന്നു പൗലൊസ് എപ്പോഴും സംസാരിച്ചിരുന്നത്. തങ്ങൾ വന്ന പശ്ചാത്തലം നിമിത്തം തെസ്സലൊനിക്യർ ചില പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരുന്നു, അതുകൊണ് ഈ ഭാഗത്ത് പൗലൊസ് ആ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുകയാണ്.

തങ്ങളുട തലമുറയിൽ തന്നെ ക്രിസ്തു മടങ്ങി വരും എന്നായിരുന്നു തെസ്സലൊനിക്യർ വിശ്വസിച്ചിരുന്നത്. ക്രിസ്തുവിനെ കുറിച്ചു അവർക്ക് ലഭിച്ച ഉപദേശത്തെ അവർ തെറ്റിദ്ധരിച്ചു. ആ തെറ്റിദ്ധാരണ അവരിൽ ചിലരെ ദിവസവും ജോലി ചെയ്യുന്നതിൽനിന്നു പിൻമാറ്റി, തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കുവാൻ തുടങ്ങി. ജോലിസ്ഥലത്ത്, അവർ തങ്ങളുടെ ദൈനന്തിന ജീവിതം എങ്ങനെ നയിക്കണമെന്ന നിർദ്ദേശം പൗലൊസ് നൽകി.

*അവർ തമ്മിൽ തമ്മിൽ സ്നേഹിക്കണമായിരുന്നു.* ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പ്രധാനപ്പെട്ട കൽപന അതായിരുന്നതിനാൽ, പൗലൊസും തന്റെ ലേഖനങ്ങളിലെല്ലാം സ്നേഹം ആജ്ഞാപിച്ചിരുന്നു. ഒരേ പിതാവിൽ നിന്നു വന്ന മക്കൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം. ദൈവം ഈ വിഷയം ആരംഭം മുതൽ പഠിപ്പിച്ചതുകൊണ്ട്, ഓരോ ക്രിസ്ത്യാനിയും ഈ ചുമതല മനസിലാക്കി പ്രവർത്തിക്കണം. ശിഷ്യത്വത്തിന്റെ അടയാളമാണ് അത് (യോഹ. 13:35). സഭയുടെ വളർച്ചക്ക് ഈ കൽപന അനുസരിക്കേണ്ടത് അത്യാവശ്യമാണ് (എഫെ. 4:16). അവർ സ്നേഹിക്കുന്ന മാതൃകയായിരുന്നു, അതിൽ അധികമധികമായി വർദ്ധിച്ചുവരുവാനായിരുന്നു പൗലൊസ് അവരെ പ്രോൽസാഹിപ്പിച്ചത്.

*അവർ മര്യാദയായി അച്ചടക്കത്തിൽ ജീവിക്കണമായിരുന്നു.* അതായത്, ലോകതതിലെ കുഴപ്പങ്ങളിൽ വ്യാകുലപ്പെടാതെ, ദൈവത്തിൽ ആശ്രയിച്ച് ശാന്തമായി ജീവിക്കണം എന്നർത്ഥം. അവർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ വിശ്വസ്തരായിരിക്കണം, അലസത ഒഴിവാക്കി സ്വന്തം കാര്യങ്ങൾ നോക്കി നടക്കുന്നവരുമായിരിക്കണം. വിശ്വസ്തനായ ഒരു ക്രിസ്ത്യാനി ഉദാസീനത ഒഴിവാക്കും. കർത്താവ് ഉടൻ വരുമെന്ന വിശ്വാസത്തിൽ തങ്ങളുടെ ഉപജീവനത്തിനുള്ള ജോലി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ വരവിനായി അവർ കാത്തിരുന്നു.

*ക്രിസ്തുവിന് പുറത്തുള്ളവരോട് അവർ മാതൃകയുള്ള ജീവിതം നയിക്കേണ്ടിയിരുന്നു.* ക്രിസ്ത്യാനി ലോകത്തിലുള്ള മറ്റെല്ലാ മനുഷ്യരിൽനിന്നും ഒറ്റപ്പെട്ടു ജീവിക്കേണ്ടവനല്ല. ക്രിസ്തീയ ജീവിതം എല്ലാവരുടേയും

മുൻപിൽ മാന്യമാണെന്ന് അ-ക്രൈസ്തവർ കാണണം.

ഈ പ്രബോധനങ്ങൾ അവരുടെ ജോലിസ്ഥലവുമായി ബന്ധപ്പെട്ട് പെരുമാറേണ്ടതിനായിരുന്നു. അവർ തമ്മിൽ തമ്മിൽ പ്രത്യേക സ്നേഹത്തിൽ ആയിരിക്കണമായിരുന്നു. അവർ സ്വന്ത കാര്യം നോക്കി കുടുംബത്തെ പോറ്റി കഴിയും വിധത്തിൽ മറ്റു സഹോദരങ്ങളെ സഹായിച്ചു വേണം വ്യക്തിപരമായ ജീവിതം നയിക്കുവാൻ. അതേ സമയത്ത്, അവർ അ-ക്രൈസ്തവരോട് മാനൃമായി പെരുമാറകുയും വേണം. ഈ ജീവിത രീതിയെ നിങ്ങൾക്ക് "ജോലി സ്ഥലത്തെ ക്രിസ്തീയ ജീവിതം" എന്നു വിളിക്കാം. ഈസി

**രണ്ടാം വരവ് (4:13-18)**

ക്രിസ്തുവിന്റെ മടങ്ങിവരവ് സമയത്തെ കുറിച്ച് ചില ആളുകൾ പ്രവചിച്ചിരുന്നു. 1994 ൽ *ക്രിസ്ത്യൻ ഡെയിലി മെയിൽ* എന്ന പത്രം വിവരിച്ചു, "ലോകാവസാനം സംഭവിക്കുമെന്ന് പ്രവചിച്ച ഉപദേഷ്ടാവിന് തെറ്റു സംഭവിച്ചു."[21] ഹരോൾഡ് കാമ്പിങ്ങ് എന്ന ഉപദേഷ്ടാവിനെ കുറിച്ചായിരുന്നു പത്രം റിപ്പോർട്ട് ചെയ്തത്. 1994 സെപ്റ്റംബർ 6 ന് ലോകം അവസാനിക്കും എന്നായിരുന്നു അയാൾ പ്രവചിച്ചിരുന്നത്. 1843 ലും 1844 ലും ലോകം അവസാനിക്കും എന്ന് വില്യം മില്ലർ അവകാശപ്പെട്ടിരുന്നു. അയാളുടെ ശിഷ്യന്മാർ ചുരുങ്ങിയത് ആറു പ്രാവശ്യം ലോകാവസാനം സംഭവിക്കുമെന്ന് പ്രവചിച്ചിരുന്നു. എല്ലാ പ്രാവശ്യവും അവർക്ക് തെറ്റു പറ്റി! നമ്മളെല്ലാവരും യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കണം, "ആ നാളും നാഴികയും സംബന്ധിച്ചോ, പിതാവല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല (മർ. 13:32).

രണാം വരവനിനെരുഫിച്ചുള്ള പഠനം നടത്തിയാൽ, അവന്റെ വരവ് *എപ്പോഴായിരിക്കും* എന്നതല്ല പ്രധാനം, പിന്നെയോ, അവൻ എപ്പോൾ വന്നാലും അപ്പോൾ സംഭവിക്കുന്ന*തെന്തെല്ലാം* എന്നതാണ് പ്രധാനം. ഈ വിഷയത്തെ കുറിച്ച് വിശദമായി 1 തെസ്സലൊനിക്യർ 4:13-18 ൽ വിവരിക്കുന്നു. ക്രിസ്തുവിന്റെ മടങ്ങി വരവിനെ കുറിച്ച് സഭ അറിഞ്ഞിരിക്കുവാനാണ് പൗലൊസ് ഈ വിവരണം നൽകിയിരിക്കുന്നത്.

ക്രിസ്തുവിന്റെ വരവ് വലിയ ഒരു സംഭവമായിരിക്കും എന്ന് തെസ്സലൊനിക്യയിലുള്ളവർക്ക് അറിയാമായിരുന്നു, പക്ഷെ അത് എപ്പോൾ സംഭവിക്കും എന്നതിനെ കുറിച്ച് അവർ തെറ്റിദ്ധരിച്ചിരുന്നു. അന്നു ജീവനോടെ ഇരിക്കുന്ന ക്രിസ്ത്യാനികളിൽ ആരെങ്കിലും മരിക്കുന്നതിന് മുൻപ് അവൻ മടങ്ങി വരും എന്നായിരുന്നു അവരുടെ ധാരണ. തെസ്സലൊനിക്യയിലുള്ളവരുടെ പ്രിയപ്പെട്ട ചിലർ മരിച്ചുകഴിഞ്ഞപ്പോൾ, കർത്താവ് വന്നത് തങ്ങൾക്ക് നഷ്ടപ്പെടട്ടോ എന്ന ആശങ്ക അവരിൽ നിഴലിട്ടു. അത്തരത്തിലുള്ള അവരുടെ തെറ്റിദ്ധാരണ അകറ്റുവാനായിരുന്നു പൗലൊസ് ലേഖനം എഴുതിയത്.

*മരിച്ചുപോയ ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പ്രത്യാശയുണ്ട്* (വാ. 13, 14). ക്രിസ്തുവിൽ "നിദ്രകൊണ്ടവരെ" അഥവാ മരിച്ചു പോയവരെ കുറിച്ചായിരുന്നു ആദ്യം അവൻ സംസാരിച്ചത് (വാ. 13). "നിദ്ര കൊണ്ടവരെ ഓർത്ത് ദുഃഖിക്കേണ്ട" ആവശ്യമില്ല എന്നാണ് അപ്പൊസ്തലൻ പറഞ്ഞത് (വാ. 13). മരണാനന്തര ജീവിതത്തെ കുറിച്ച് അജ്ഞരായിരുന്ന ജാതികൾക്ക് പ്രത്യാശ ഇല്ലായിരുന്നു. യവന സാഹിത്യത്തിലും ചിത്രീകരണങ്ങളിലും നോക്കിയാൽ പ്രത്യാശയില്ലായ്മ

നിറഞ്ഞു നിൽക്കുന്നതു കാണാമെന്ന് ബ്രൂസ് രേഖപ്പെടുത്തിയിരിക്കുന്നു.[22] പുരാതന ഓർമ്മക്കുറിപ്പുകളിൽ വായിക്കുന്നു, "എനിക്കില്ലായിരുന്നു, ഞാൻ ആയി തീർന്നു, ഞാൻ കാര്യമാക്കുന്നില്ല."[23] പക്വതയുള്ള ക്രിസ്ത്യാനി അതുപോലെ നിരാശനാകയില്ല.

മരിച്ചുപോയ ക്രിസ്ത്യാനികൾ ദൈവത്താൽ ജീവിപ്പിക്കപ്പെടും. അവർ യേശു മുഖാന്തരം അവനോടുകൂടെ ആകും (വാ. 14). അവർ എപ്പോഴായിരിക്കും യേശുവോട് ചേരുന്നത്? ചിലർ വിചാരിക്കുന്നത് യേശു അവസാനം വരുന്നതിന് മുൻപ് "റാപ്ച്ചറിലാണ്" എന്നത്രെ, ലോകാവസാനത്തിന് മുൻപ് രഹസ്യമായി ഉയിർത്തെഴുന്നേറ്റ ചില വിശുദ്ധന്മാരെ അവൻ ചേർത്ത് അവരുമായി മഹോന്മാദത്തിലാകും എന്നാണ് അവർ കരുതുന്നത്. അവസാനം യേശു മടങ്ങിവരുമ്പോൾ അവർ അവനോട് കൂടെ ചേരുമെന്നും അവർ വിശ്വസിക്കുന്നു.

മരിച്ചുപോയ തങ്ങളുടെ പ്രിയപ്പെട്ടവരെ കുറിച്ച് തെസ്സലൊനിക്യർ വിചാരപ്പെടേണ്ട എന്നാണ് പൗലൊസ് അവരോട് ഊന്നി പറഞ്ഞത്. വിശ്വസ്ത ക്രിസ്ത്യാനികളായിട്ടാണ് അവർ മരിച്ചതെങ്കിൽ, അവർക്ക് അവൻ വാഗ്ദാനം ചെയ്ത പ്രത്യാശ ലഭിക്കും.

*ജിവിച്ചിരിക്കുന്ന വിശുദ്ധന്മാർ മരിച്ചുപോയവർക്ക് മുൻപ് ആകയില്ല* (വാ. 15). കല്ലറക്ക് അപ്പുറം സംഭവിക്കുന്നതിനെ കുറിച്ച് പലരും മനസിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഈ ജീവിതത്തിനപ്പുറമുള്ള കാര്യങ്ങളെ കുറിച്ച് വിശദീകരിക്കുവാൻ തത്വചിന്തകന്മാർക്ക് ആത്മാക്കൾക്കോ കഴിയുകയില്ല. ഈ വിഷയത്തിൽ ശരിയായ വെളിച്ചം പകരുവാൻ "കർത്താവിന്റെ വചനത്തിന്" മാത്രമെ കഴിയു (വാ. 15). നമ്മുടെ പ്രിയപ്പെട്ടവരെ കുറിച്ച് നമുക്ക് അറിയുവാൻ താൽപര്യമുണ്ടെങ്കിൽ, ആ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ വചനത്തെ അനുവദിക്കണം.

പൗലൊസ് എഴുതി, "കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം ..." (വാ. 15). "നാം" എന്ന് പൗലൊസ് പറഞ്ഞതിന്റെ അർത്ഥം, ക്രിസ്തു മടങ്ങി വരുന്നതുവരെ പൗലൊസും ജീവിച്ചിരിക്കും എന്നാണോ? ചില സംശയാലുക്കൾ ജീവിച്ചിരിക്കും എന്നാണ് കരുതുന്നത്, പക്ഷെ അത് ശരിയല്ല. പൗലൊസിന്റെ ലേഖനം ദൈവശ്വാസിയമെന്ന് കരുതുന്നവർ ശ്രദ്ധയോടെ വിശദമായി പരിശോധിക്കും. ക്രിസ്തു മടങ്ങി വരുമ്പോൾ മരിച്ചവരെ കുറിച്ചു പറയുന്നവരുടെ കൂട്ടത്തിലും പൗലൊസിനെ ഉൾപ്പെടുത്തി 1 കൊരിന്ത്യർ 6:14 ൽ രേഖപ്പെടുത്തിയിരിക്കുന്നു (2 കൊ. 4:14 കൂടെ നോക്കുക). ക്രിസ്തു മടങ്ങി വരുമ്പോൾ, താൻ ജീവിച്ചിരിക്കുമോ അതോ മരിച്ചിരിക്കുമോ എന്ന് തനിക്ക് അറിയുകയില്ല എന്നാണ് പൗലൊസ് 1 തെസ്സലൊനിക്യർ 5:10 ൽ പറയുന്നത്. താൻ ആർക്ക് എഴുതുന്നുവോ ആ കൂട്ടത്തിൽ അവൻ തന്നെയും ഉൾപ്പെടുത്തിയിരിക്കുന്നു എന്നു സാരം.

ക്രിസ്തു *എപ്പോൾ* വരും എന്നായിരുന്നില്ല പൗലൊസിന്റെ പോയിന്റ്. അത് *എപ്പോൾ* സംഭവിച്ചാലും, ജീവനോടെ ശേഷിക്കുന്നവർ മരിച്ചവർക്ക് മുൻപ് ആകയില്ല. ആ വലിയ വരവ് ആരും കാണാതിരിക്കുകയില്ല!

"*കർത്താവ് തന്നെ സ്വർഗത്തിൽനിന്നും ഇറങ്ങി വരും ...*" (വാ. 16). ദൂതനോ, സന്ദേശവാഹകനോ അല്ല, യേശു ആണ് വരുന്നത്. ക്രിസ്തുവിന്റെ രണ്ടാം വരവ് ചരിത്രത്തിൽ വലിയതും സുപ്രധാനവുമായ ഒരു സംഭവം ആയിരിക്കും. യേശു മടങ്ങി വരുമ്പോൾ മൂന്നു കാര്യങ്ങൾ സംഭവിക്കും

എന്ന് പൗലൊസ് പറയുന്നു.

''ഗംഭീരനാദത്തോടുകൂടി അവൻ സ്വർഗത്തിൽ നിന്നും വരും.'' അവൻ വരുന്നതിന്റെ അടയാളം ഇതാണ്. അത് കല്ലറയിലുള്ളവരെ അവൻ വിളിക്കുന്നതായിരിക്കാം. യേശു പറഞ്ഞു, "ഇതിങ്കൽ ആശ്ചര്യപ്പെടരുത്, കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുരരുത്ഥാനം ചെയ ്തവാനുള്ള നാഴിക വരുന്നു" (യോഹ. 5:28, 29). വെളിപ്പാടിൽ യോഹന്നാൻ എഴുതി, "ഇതാ അവൻ മേഘാരൂഢനായി വരുന്നു, ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും" (വെളി. 1:7).

"പ്രധാന ദൂതന്റെ ശബ്ദത്തോടുകൂടിയായിരിക്കും ... അവൻ ഇറങ്ങി വരുന്നത്." തിരുവെഴുത്തിൽ പ്രധാന ദൂതൻ എന്നു വിശേഷിപ്പിച്ചിരിക്കുന്ന മിഖായേൽ ദൂതൻ ആകുവാനാണ് സാധ്യത (യൂദാ 9). "തിരഞ്ഞെടുക്കപ്പെട്ടവരെ വിളിച്ചു ചേർക്കുന്നതിന്" മറ്റു ദൂതന്മാരെ വിളിക്കുന്നതായിരിക്കാം പ്രധാന ദൂതന്റെ ശബ്ദം. (മത്താ. 24:31).

''ദൈവത്തിന്റെ കാഹള നാദത്തോടുകൂടിയാണ് ... അവൻ ഇറങ്ങി വരുന്നത്.'' ആ മുന്നു ശബ്ദവും ഓരോന്നോരോന്നായി, കൃത്യമായി കേൾക്കാം. ഈ കാഹളത്തെയാണ് ''അവസാനത്തെ കാഹളം'' എന്നു വിളിച്ചിരിക്കുന്നത് (1 കൊ. 15:52). അതിനെ ''ദൈവത്തിന്റെ കാഹളം'' എന്നു വിളിക്കുവാൻ കാരണം ക്രിസ്തു ദൈവം ആകയാലാണ്. സീയോൻ പർവ്വവതത്തിൽ തങ്ങളുടെ ദൈവത്തെ കാണുവാൻ യിസ്രായേൽ ജനത്തെ വിളിച്ചതും കാഹളം ഊതിയാണ് (പുറ. 19:19).

ജനത്തെ ഉണർത്തുവാനും കാഹളം ഉപയോഗിച്ചിരുന്നു. ഇവിടെ ഉണർത്തുന്നത് നിദ്രകൊണ്ടവരെയാണ്. ക്രിസ്ത്യാനികളുടെ പുനരുത്ഥാന ത്തെ കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നത്. എന്നാൽ ദുഷ്ടന്മാർക്കും പുനരുത്ഥാനം ഉണ്ടെന്ന് അവൻ വിശ്വസിച്ചിരുന്നു (പ്രവൃ. 24:15). നീതിമാന്മാരുടേയും നീതികെട്ടവരുടേയും പുനരുത്ഥാനത്തെ കുറിച്ച് യേശു സംസാരിച്ചിരുന്നു (യോഹ. 5:28, 29).

അവ എല്ലാം സംഭവിക്കുന്നത് യേശു സ്വർഗത്തിൽ നിന്നും ഇറങ്ങി വരുമ്പോഴാണ്. അപ്പോഴായിരിക്കും കർത്താവ് എല്ലാവരെയും ന്യായം വിധിക്കുന്നത്. "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപേ ാലെ വേർതിരിച്ച് ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തും" (മത്താ. 25:31, 32).

*പിന്നെ ക്രിസ്തു താൻ തിരഞ്ഞെടുത്തവരെ കൂട്ടും* (വാ. 17). അന ുസരണംകെട്ടവരെ തീപ്പൊയ്കയിലേക്ക് തള്ളിക്കളയും (വെളി. 20:15). എങ്ങനെ യായാലും, ക്രിസ്ത്യാനികൾക്ക് വ്യത്യസ്തമായ അനുഭവമായിരിക്കും. ഫൗലൊസ് തറപ്പിച്ചു പറയുന്നു, "പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശമേഘത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടകൂടെ ഇരിക്കും. ഈ വചനങ്ഹളെക്കൊണ്ട് അന്യോന്യം ആശ്വസിച്ചുകൊൾവിൻ" (വാ. 17; മത്താ. 24:31 നോക്കുക).

ആ കാര്യങ്ങളെല്ലാം സംഭവിക്കുന്നത് ഈ ക്രമത്തിലാണ് "ക്രിസ്തുവിൽ മരിച്ചവർ മുമ്പെ എഴുന്നേൽക്കും'' (വാ. 16). കർത്താവിന്റെ കൽപന ലഭിച്ചുകഴിഞ്ഞാലുടൻ ദൂതന്മാർ അവരെ കൂട്ടിച്ചേർക്കും (യോഹ. 5:28 നോക്കുക). അതിനു ശേഷം ''ധഭഇവിടെ ഭൂമിയിൽ ജീവനോടെ ശേഷിക്കുന്നവരായ ക്രിസ്ത്യാനികളെ മേഘത്തിലേക്ക് എടുക്കും."

കർത്താവ് ഇറങ്ങി വരുന്നതിന്റെ ഒരുദ്ദേശം തന്റെ ജനത്തെ കൂട്ടിച്ചേർക്കുക എന്നതാണ്. ലോകാവസാനത്തിന് മുമ്പ് ഏതാനും പേരുമായി ഹർഷോന്മാദത്തിന് രഹസ്യത്തിൽ വരുമെന്ന ഉപദേശം തിരുവെഴുത്ത് ആധാരമായിട്ടുള്ളതല്ല. മരിച്ചുപോയ ക്രിസ്ത്യാനികളോട് "ജീവനോടെ ശേഷിക്കുന്ന ക്രിസ്ത്യാനികളും" ചേർക്കപ്പെടും; അങ്ങനെ ഇരുകൂട്ടരും ഒന്നാകും. അവർ ''മേഘത്തിൽ ഏതിരേൽക്കപ്പെടും'' (വെളി. 1:7). "ആകാശ മേഘത്തിൽ" അവനെ എതിരേൽക്കും എന്നതു സൂചിപ്പിക്കുന്നത് "ആകാശത്തിലെ അധികാരിയായ" പിശാചിനെ കർത്താവ് പൂർണ്ണമായി പരാജയപ്പെടുത്തി എന്നാണ് (എഫെ. 2:2).

"അങ്ങനെ നാം എന്നേക്കും കർത്താവിനോടുകൂടെ ഇരിക്കും." നാം അവനോടുകൂടെ എന്നേക്കും എവിടെ ആയിരിക്കും? നാം അവനോടുകൂടെ ഭൂമിയിൽ ആയിരിക്കുകയില്ല. അവൻ വരുമ്പോൾ ആകാശത്തിലായിരിക്കും, ഭൂമിയിൽ കാൽ കുത്തുകയില്ല! അവൻ ആകാശത്തിൽ വന്ന് ഭൂമിയിലുള്ള ... വിശ്വസ്തരെ "മേഘത്തിൽ എടുക്കും" അല്ലാതെ അവൻ ഭൂമിയിൽ വന്നു ആയിരം ആണ്ട് വാഴും എന്ന് തിരുവെഴുത്ത് പഠിപ്പിക്കുന്നില്ല! (വെളിപ്പാട് 20:2 ലെ വാക്ക് ആലങ്കാരികമാണ്.)

ഒരർത്ഥത്തിൽ കർത്താവ് ഇപ്പോൾ നമ്മോടുകൂടെ ഉണ്ട്. അവൻ എന്നേക്കും അവരോടൊപ്പമുണ്ടാകുമെന്ന് യേശു ശിഷ്യന്മാരോട് വാഗ്ദാനം ചെയ്തിരുന്നു (മത്താ. 28:20). അവന്റെ വീണ്ടും വരവിന് ശേഷം നാം അവനോടുകൂടെ ഇരിക്കും എന്നത് നിത്യമായിരിക്കും. ഭൂമിയിലുള്ള ജീവിതത്തേക്കാൾ ശ്രേഷ്ഠമായതാണ് കർത്താവിനോടുകൂടെയുള്ളത് എന്നാണ് പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത് (2 കൊ. 5:8; ഫിലി. 1:23). ഭൗതിക ശരീരം വിട്ട് കർത്താവിനോട് പറ്റിച്ചേരുവാൻ പൗലൊസ് അത്യധികം ആഗ്രഹിച്ചിരുന്നു. കാരണം അത്തരം ആത്മിയ ജീവിതം ഒരിക്കലും നിഷ്ഫലമാകാത്തതും അനുഗ്രഹിക്കപ്പെട്ടതുമാണ് (1 കൊ. 15:48–52; 2 കൊ. 5:1). അങ്ങനെ "നാം എന്നേക്കും കർത്താവിനോടുകൂടെ ഇരിക്കും."

ഇന്നു കർത്താവ് വരുമെന്ന് നിങ്ങൾ അറിഞ്ഞാൽ, നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? അത് ഒരു വലിയ സംഭവമായിരിക്കും, ചിലർക്ക് അത് വിസ്മയം ജനിപ്പിക്കും കാരണം അവന്റെ വരവ് "രാത്രിയിൽ കള്ളൻ വരുന്നതു പോലെ ആയിരിക്കും" (1 തെസ്സ. 5:2). ആകാശത്തിൽ മിന്നൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് പോകുന്നതുപോലെ പെട്ടെന്നായിരിക്കും കർത്താവിന്റെ പ്രത്യക്ഷത (മത്താ. 24:27). അപ്പോൾ ലോകത്തിന്റെ പ്രതികരണം എന്തായിരിക്കും?

നീതീകരിക്കപ്പെട്ടവർ ഉയർത്തപ്പെടും. "അന്നാളിൽ ... നീതിയുടെ കിരീടം കർത്താവ് അവനു നൽകും; അവന് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും ലഭിക്കും" (2 തിമൊ. 4:8).

നീതീകരിക്കപ്പെടാത്തവർ ഭയചകിതരാകും. വെളിപ്പാട് 6:15, 16 വിവരിക്കുന്നത് ''ഭൂമിയിലെ'' ''രാജാക്കന്മാരും'' ''മഹത്തുക്കളും''

“സഹസ്രാധിപന്മാരും” “ധനവാന്മാരും” “ബലവാന്മാരും” അന്നാളിൽ നേരിടുന്നത് ഭയങ്കര അനുഭവമായിരിക്കും. ദൈവത്തെ അനുസരിക്കാത്തവർ അന്തിമ ന്യായവിധിൽ നിന്നും ഓടി മലകളിലും ഗുഹകളിലും ഒളിക്കും. അവർക്ക് ക്രിസ്തുവിന്റെ മടങ്ങി വരവ് ഭയാനകമായിരിക്കും.

ചോദ്യം ഇതാണ്. ക്രിസ്തു മടങ്ങി വരുമ്പോൾ ന്യായവിധി നേരിടുവാനും നിത്യഭവനത്തിൽ പ്രവേശിക്കുവാനും നാം ഒരുങ്ങിയിട്ടുണ്ടോ? ഈഈ

**യേശുവിൽ വീണ്ടും ചേരൽ (4:13-18)**

യേശു തിരിച്ചു വരും! യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവാർത്തയുടെ അടിസ്ഥാന ഭാഗമാണ് അത്. “ഇന്ന് യേശു മടങ്ങി വരും” എന്നു ഞാൻ ആളുകളുടെ പ്രതികരണം, ഭയമായിരിക്കാം, അസ്വസ്ഥതയാകാം, അല്ലെങ്കിൽ സന്തോഷമാകാം.

1 തെസ്സലൊനിക്യ ലേഖനത്തിൽ മിക്കവാറും എല്ലാ അദ്ധ്യായങ്ങളിലും പരാമർശിക്കുന്നതിനാൽ, ക്രിസ്തുവിന്റെ മടങ്ങി വരവ് ഈ ലേഖനത്തിലെ മുഖ്യ പ്രതിപാദ്യ വിഷയമാണ്. ഒന്നോ രണ്ടോ കാരണങ്ങൾ നിമിത്തം ക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ച് ധാരാളം പഠിപ്പിക്കുന്നു. അത് സംഭവിക്കുമെന്ന് പലരും വിശ്വസിക്കുന്നില്ല, പൊതുവായ ഒരു ന്യായവിധി നടക്കുമെന്നും അനേകർ വിശ്വസിക്കുന്നില്ല, 1 തെസ്സലൊനിക്യ ലേഖനത്തിൽ ആ രണ്ടു കാരണങ്ങളുമല്ല ചർച്ച ചെയ്യുന്നത്. ഈ ലേഖനം ആർക്ക് വേണ്ടി എഴുതപ്പെട്ടുവോ അവർ ക്രിസ്തുവിന്റെ മടങ്ങി വരവിൽ വിശ്വസിച്ചവരായിരുന്നു. അവർ ക്രിസ്ത്യാനികളായതിന്റെ ഒരു കാരണം ക്രിസ്തുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്നതിനായിരുന്നു; അവർ യേശുവിനെ അഭിമുഖീകരിക്കുവാൻ തയ്യാറായിരുന്നു. യേശുവിന്റെ മടങ്ങി വരവ് മഹാ സംഭവമായിരിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു, കാരണം തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവരും യേശുവുമായുള്ള പുനഃസമാഗമനം ആയിരിക്കും.

എങ്ങനെയായാലും, ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച് ഒരു കാര്യം അവരെ ദുഃഖിപ്പിച്ചിരുന്നു. മരിച്ചുപോയവരുടെ ലക്ഷ്യസ്ഥാനം എവിടെയായിരിക്കും? ഈ വലിയ കൂടിച്ചേരലിൽ അവരെ കാണാതിരിക്കുമോ? വിചാരപ്പെട്ടിരുന്ന അവരുടെ ആകുലക്ക് പൗലൊസ് 4:13–18 ൽ വിരാമമിടുകയാണ്. തൽഫലമായി, അവർക്ക് സന്തോഷത്തോടുകൂടി യേശുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കാമായിരുന്നു.

യേശുവിന്റെ മടങ്ങി വരവ് നമ്മെ സന്തോഷിപ്പിക്കുമോ? അപ്പോൾ നമ്മുടെ പ്രതികരണം എന്തായിരിക്കും? അത് തീരുമാനിക്കുന്നതിനു മുൻപ് യേശുവിന്റെ മടങ്ങി വരവിൽ എന്തു സംഭവിക്കുമെന്നും, അപ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കുമെന്നും അറിയണം.

*ലോകം ദുഃഖിക്കുന്നതുപോലെ നാം ദുഃഖിക്കരുത് (4:13).* തെസ്സലൊനിക്യർ തങ്ങളുടെ മരിച്ചുപോയ സഹോദരങ്ങളെ കുറിച്ച് വിചാരപ്പെട്ടിരുന്നു. ലാസർ മരിച്ചുകഴിഞ്ഞപ്പോൾ, യേശു മരണത്തെ നിദ്ര എന്നാണ് വിളിച്ചത് (യോഹ. 11:11–14). സുബോധം നഷ്ടമാകുന്നതിനാലും, ജീവിത കാര്യങ്ങളിൽ ഉൾപ്പെടുവാൻ കഴിയാത്തതുകൊണ്ടുമായിരിക്കും. തെസ്സലൊനിക്യയിലെ സഹോദരങ്ങൾ തങ്ങളുടെ മരിച്ചുപോയവരുടെ ക്ഷേമത്തെ കുറിച്ചു കരുതലുള്ളവരായിരുന്നു.

മരണത്തോടുകൂടി എല്ലാം അവസാനിക്കും എന്നാണ് പലരും വിശ്വസിക്കുന്നത്-ജീവിതത്തിന്റെ അവസാനം, അതുകൊണ്ട്, ബന്ധങ്ങളും, നേട്ടങ്ങളും, അനുഗ്രഹങ്ങളും ജീവിതത്തോടുകൂടി അവസാനിക്കുന്നു, അങ്ങനെയുള്ളവർക്ക് ജീവിതത്തിനപ്പുറത്ത് യാതൊരു പ്രത്യാശയുമില്ല. ഒരു ക്രിസ്ത്യാനിക്ക് ലോകത്തുള്ള ജീവിതത്തോടുകൂടി എല്ലാ അനുഗ്രഹങ്ങളും അവസാനിക്കുന്നില്ല എന്ന് പൗലൊസിനും സഹപ്രവർത്തകർക്കും അറിയാമായിരുന്നു (4:13), മറിച്ച്, ചില അനുഗ്രഹങ്ങളുടെ ആരംഭവും നിത്യമായ പ്രയോജനങ്ങൾക്കുള്ള അവസരവുമാകുന്നു.

യേശു മടങ്ങി വരുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവർക്ക് ലഭിക്കുകയില്ല എന്ന് തെസ്സലൊനിക്യയിൽ ജീവിച്ചിരുന്ന സഹോദരങ്ങൾ കരുതിയിരിക്കാം, ലേഖനത്തിന്റെ ഈ ഭാഗം എഴുതിയിരിക്കുന്നത് പ്രത്യാശ ഈ ലോകജീവിതത്തിനപ്പുറത്തേക്ക് വ്യാപിക്കുന്നതാണെന്ന് അവരെ അറിയിക്കുന്നതിനാണ്. ലോകത്തുള്ളവർക്ക് മരണശേഷം പ്രത്യാശയില്ലാതെ ദുഃഖിക്കുന്നതുപോലെ ക്രിസ്ത്യാനികൾ ദുഃഖിക്കേണ്ടവരല്ല,

മരണം ദുഃഖിക്കുവാനുള്ള സമയമാണെന്നാണ് പൊതുവിലുള്ള ആശയം. എന്നാൽ നമുക്ക് യേശുവിൽ പ്രത്യാശയുള്ളതിനാൽ നാം അത്തരത്തിൽ പ്രതികരിക്കേണ്ട ആവശ്യമില്ല!

*ജീവിതാവസാനമുള്ള മരണത്തിൽ, നാം ദുഃഖിക്കരുത് (4:14).* "യേശുവിൽ നിദ്രകൊണവർ" എന്ന പ്രയോഗം പ്രോൽസാഹനപ്രദമാണ്. അത് തെസ്സലൊനിക്യൻ ക്രിസ്ത്യാനികൾക്ക് അർത്ഥമാക്കുന്നത്, മരിച്ചുപോയ അവരുടെ സഹോദരങ്ങളെ കുറിച്ച് ദൈവം അറിയുന്നവനും, കരുതുകയും ചെയ്യുമെന്ന് അവർ അറിയണം. വിശ്വസ്തരായി മരിച്ചവർ അബ്രഹാമിന്റെ മടിയിലായിരിക്കുമെന്ന് യേശു യെഹൂദന്മാരോട് പറഞ്ഞു (ലൂക്കൊസ് 16:22), വിശ്വസ്തരായി ജീവിച്ചു മരിച്ചുപോയ യെഹൂദന്മാർക്ക് വിശ്രമവും ആശ്വാസവും ലഭിക്കും എന്നതായിരുന്നു ആശയം. തങ്ങളുടെ മരിച്ചുപോയ സഹോദരന്മാരുടെ സ്ഥാനം എവിടെയായിരുന്നാലം, ദൈവം അവരെ കരുതും എന്ന് തെസ്സലൊനിക്യർക്ക് അറിയാൻ കഴിഞ്ഞു.

"ദൈവം അബ്രഹാമിന്റേയും, ഇസഹാക്കിന്റേയും, യാക്കൊബിന്റേയും ദൈവമാണ്" (പുറ. 3:6), എന്ന് അവൻ മോശെയോട് അരുളിച്ചെയ്തതായി യേശു പറഞ്ഞിരുന്നു (മത്താ. 22:32). ദൈവം ജീവനുള്ളവരുടെ ദൈവം എന്നു പറഞ്ഞിരിക്കയാൽ, അബ്രഹാമും, യിസഹാക്കും, യാക്കൊബും ഇന്നും ജീവിച്ചിരിക്കുന്നു എന്നർത്ഥം, അവൻ അവരെ കരുതുകയും പുനരുത്ഥാനത്തിൽ അവരെല്ലാം ഒത്തു ചേരുകയും ചെയ്യും.

മരണശേഷമുള്ള അനുഗ്രഹത്തിന്റേയും പ്രത്യാശയുടേയും താക്കോൽ തെസ്സലൊനിക്യർക്ക് ലഭിച്ചുകഴിഞ്ഞിരുന്നു; യേശു മടങ്ങി വരുമ്പോൾ അവനെ എതിരേൽപാൻ അവർ തയ്യാറായിരുന്നു! മരണശേഷം ജീവൻ വരുന്നു (4:14)! യേശു തന്നെയും ഒരിക്കൽ മരിച്ചിരുന്നു, എന്നാൽ ഇപ്പോൾ ജീവിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തിൽ ആ ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു:യേശുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച ദൈവം തന്റെ വാഗ്ദാനപ്രകാരം തങ്ങളുടെ മരിച്ചുപോയ സഹോദരന്മാരെയും ഉയർപ്പിച്ച് അവൻ വാഗ്ദാനം ചെയ്ത എല്ലാ അനുഗ്രഹങ്ങളും അവർക്ക് നൽകുമെന്ന് അവർ വിശ്വസിച്ചിരുന്നു!

മരണത്തോടുകൂടി എല്ലാ പ്രത്യാശയും അവസാനിക്കും, അല്ലെങ്കിൽ ക്രിസ്ത്യാനികൾ മരിക്കുമ്പോൾ അങ്ങനെ ആയിരിക്കുമെന്ന് കരുതി പ്രവർത്തിക്കുന്നവരുണ്ടോ? മരണം മാത്രമാണ് നമ്മെ നഷ്ടത്തിലാക്കുന്നത്, അതുകൊണ്ട്, ആളുകൾക്ക് മരണം ഭീതിപ്പെടുത്തുന്ന വികാരമാണ് ജനിപ്പിക്കുന്നത്. മരണത്തിനപ്പുറം സംഭവിക്കുന്നതിനെ നാം ഭയപ്പെടുന്നുണ്ടോ? പൗലൊസ് ഫിലിപ്പിയർക്ക് എഴുതി, "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു"; കൂടാതെ അവൻ പറഞ്ഞു, "വിട്ടുപിരിഞ്ഞു കർത്താവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലൊ" (ഫിലി. 1:21, 23). അത് ഒരു ക്രിസ്തീയ പക്വതയെത്തിയ സംരക്ഷണമാണത്തിന്റെ അടയാളമാണ്. അത് നമ്മെ മരണത്തോളം വിശ്വസ്തത കാണിക്കുവാൻ ബദ്ധപ്പെടുകയും മരണത്തിൽ, സന്തോഷിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് മുഖാന്തരം, ദൈവത്തിൽ വിശ്വസിച്ച് മാത്രമെ നമുക്ക് മരണഭയത്തെ അതിജീവിക്കുവാൻ കഴിയു. അവിശ്വാസികൾക്ക് അപ്പോൾ തങ്ങൾക്ക് ഉള്ള എല്ലാം പോയി എന്ന തോന്നലാണ്; അവർക്ക് വാസ്തവത്തിൽ, പ്രതീക്ഷിക്കുവാൻ ഒന്നുമില്ല. ദൈവം ഉണ്ടോ ഇല്ലയോ എന്ന് അറിയുകയില്ല എന്നു പറയുന്നവർ, മരണത്തതിനപ്പുറം സംഭവിക്കുന്നതിനെ കുറിച്ചും സംശയിക്കുന്നവരാണ്. ഈ ജീവിതത്തിനു ശേഷവും അനുഗ്രഹങ്ങൾ ലഭിക്കും എന്ന ഉറപ്പ് ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് മാത്രം ഉള്ളതാണ്!

*മരിച്ചവർ യേശുവിന്റെ മടങ്ങിവരവിൽ പങ്കിടുന്നതിനെ ഓർത്ത് നാം ദുഃഖിക്കരുത് (4:15, 16).* യേശു മടങ്ങി വരുമ്പോൾ, ചില ക്രിസ്ത്യാനികൾ ജീവനോടെയിരിക്കും എന്നു പറഞ്ഞിരിക്കയാൽ, മരിച്ചുപോയവർക്ക് അവന്റെ ആനുകൂല്യങ്ങൾ നഷ്ടമാകും എന്നു വിചാരിക്കരുത്. ക്രിസ്തുവിൽ മരിച്ചവർ കല്ലറയിൽനിന്ന് "അവനോടുകൂടെ" വരും (4:14).

15 ഉം 16 ഉം വാക്യങ്ങളിൽ യേശുവിന്റെ മടങ്ങി വരവിന്റെ മൂന്നു വിശദാംശങ്ങൾ നൽകിയിരിക്കുന്നു. ആദ്യമായി, കർത്താവ് സ്വർഗത്തിൽനിന്നും ഇറങ്ങി വരും. യേശു കാഴ്ച്ചക്ക് മറഞ്ഞു, സ്വർഗാരോഹണം ചെയ്യുന്നത് നോക്കി നിന്ന ശിഷ്യന്മാരോട് പറഞ്ഞു, "... ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ, അവൻ വീണ്ടും വരും" (പ്രവൃ. 1:11). യേശു പുറപ്പെട്ടു പോയത് പൂർണ്ണമായും ഉറപ്പിക്കാവുന്നതുപോലെ അവൻ മങ്ങി വരുമെന്ന വാഗ്ദാനവും ഉറപ്പിക്കാം. തെസ്സലൊനിക്യർ അത് വിശ്വസിച്ചിരുന്നു; അവർ ക്രിസ്ത്യാനികളായി തീർന്നതിന്റെ കാരണത്തിന്റെ ഭാഗവും സുവിശേഷത്തിന്റെ ഭാഗവും അത് ആയിരുന്നു (1:10).

രണ്ടാമതായി, പ്രധാന ദൂതന്റെ ശബ്ദവും ദൈവത്തിന്റെ കാഹള നാദവും കേൾക്കും. അവന്റെ വരവ് ഉറക്കെ പ്രഖ്യാപിക്കും; ആരും അറിയാതിരിക്കയില്ല–ജീവനോടെയിരിക്കുന്നവരും മരിച്ചവരും! സകലത്തെയും നിർമ്മിക്കയും നിയന്ത്രിക്കയും ചെയ്ത ശക്തിയുള്ള ദൈവത്തിന്റെ വചനം ഇങ്ങനെ പറയുന്നു, "ഇവ അവന്റെ വഴികളുടെ അറ്റമത്രെ" (ഇയ്യോബ് 26:14)! യേശുവിന്റെ മടങ്ങി വരവിനെ കുറിച്ചുള്ള അറിയിപ്പ് ദൈവം എളുപ്പത്തിൽ എല്ലാടവും എത്തിക്കും.

മൂന്നാമതായി, മരിച്ചവർ ഉയർക്കും. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലന്റെ

പ്രസംഗ വിഷയം ഇതായിരുന്നു. പ്രവൃത്തികൾ 4:33 ൽ നാം വായിക്കുന്നു, “അപ്പൊസ്തലന്മാർ മഹാ ശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു ...” യേശു ദൈവമാണെന്ന് തെളിയിക്കുന്ന അത്ഭുതങ്ങളുടെ അവസാനമായിരുന്നു അത്. യേശുവിനെ ജീവിതത്തിലേക്ക് മടക്കി വരുത്തുവാൻ ദൈവത്തിന് മാത്രമെ കഴിയുമിയിരുന്നുള്ളു. യേശു “ദൈവപ ുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തവനാലല്ലൊ ...” (റോമ. 1:4). യേശുവിന്റെ ഉയർത്തെഴുന്നേൽപ് കാരണം അവന്റെ ഉയർപ്പിൽ പങ്കാളികളായതിനാൽ, അവർക്ക് നിത്യജീവനായും നോക്കിപ്പാർത്തിരിക്കാം. നാം വായിക്കുന്നു, “ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം; നാം എല്ലാ വരും നിദ്രകൊള്ളുകയില്ല, എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും കാഹളം ധ്വനിക്കയും മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും” (1 കൊ. 15:51, 52). ക്രിസ്തുവിന്റെ മടങ്ങി വരവിന്റെ ആദ്യഭാഗം അക്ഷയമായ ശരീരങ്ങൾ ലഭിക്കുവാനുള്ള ക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനമാണ്. പിന്നെ അവർ യേശുവുമായി നിത്യതയിൽ ആയിരിക്കും.

*നാം ദുഃഖിക്കരുത്, കാരണം പുനരുത്ഥാന ശേഷം മരിച്ചവർ ജീവനേ ാടെയിരിക്കുന്നവരോട് ചേരും (4:17).* ക്രിസ്തുവിൽ മരിച്ചവരെ ഉയർപ്പിച്ച ശേഷം ദൈവം ആ വിശുദ്ധന്മാരെ ജീവനോടെ ശേഷിക്കുന്ന വിശ്വസ്തരേ ാട് ചേർക്കുകയും അവർ യേശുവിനോടുകൂടെ നിത്യതയിലായിരിക്കുകയും ചെയ്യും (4:17). യേശു ഭൂമിയിൽ വന്നു കാൽകുത്തും എന്ന ആശയം തെറ്റാണെന്ന് ഈ വാക്യം തെലിയിക്കുന്നു. കൂടാതെ യേശു ഭൂമിയിൽ വന്ന് ഒരു രാജ്യം സ്ഥാപിക്കും എന്ന ആശയവും തെറ്റാണെന്ന് ആ വാക്യം തെളിയിക്കുന്നു. ഈ ഭൂമിയിൽ നിത്യത ഒരുക്കുക എന്നതല്ല ദൈവത്തിന്ഢറെ പദ്ധതി.

“ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും,” കൂടാതെ “ഭൂമ ിയും അതിലുള്ള മൂലകങ്ങളും കത്തിയഴിയും” (2 പത്രൊ. 3:10). “നമ്മുടെ പൗരത്വം സ്വർഗത്തിലാണ് എന്നും അവിടെ നിന്നും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ വരവിനായി നാം നോക്കി പാർത്തിരിക്കയും ചെയ്യുന്നു” (ഫിലി. 3:20). യേശു മടങ്ങി വരുമ്പോൾ, ദൈവം നമുക്ക് നിത്യമായ ഒരു ഭവനം നൽകും. പത്രൊസ് പറഞ്ഞു, “എന്നാൽ നാം അവന്റെ വാഗ്ദത്തപ്ര കാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു” (2 പത്രൊ. 3:13).

*നാം ദുഃഖിക്കുകയല്ല, മറിച്ച് സഹ ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുകയാണ് വേണ്ടത് (4:18).* തെസ്സലൊനിക്യയിലെ സഹോദരങ്ങൾ വ്യാകുലപ്പെട്ടത് അവരുടെ മരിച്ചു പോയ സഹോദരങ്ങളുടെ ഭാവിയെ ഓർത്തിട്ടായിരുന്നു. ഇപ്പോൾ അവരെ ഓർത്ത് ദുഃഖിക്കേണ്ടതില്ല എന്ന യാഥാർത്ഥ്യം അവർക്ക് ബോധ്യമായി. യേശു മടങ്ങി വരുമ്പോൾ അവരെ കാണാതിരിക്കുമോ എന്നതായിരുന്നു അവരുടെ ആശങ്ക. മരിച്ചുപോയവർ ഉയർത്തെഴുന്നേറ്റ് ജീവനോടെയിരിക്കുന്നവരോടും യേശുവിനോടും ചേർന്ന് ദൈവത്തിന്റെ സകല അനുഗ്രഹങ്ങളുമായി നിത്യതയിലായിരിക്കും.

മരണശേഷം വാസ്തവമായും ഒരു പ്രത്യാശയുള്ളത് ക്രിസ്ത്യാനികൾക്ക് മാത്രമാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവരും അവന്റെ ഉയർത്തെഴുന്നേൽപ

ിൽ വിശ്വസിക്കുന്നവരുമായ നമുക്ക് മരണത്തെ കുറിച്ച് ചിന്തിക്കുന്നവർക്കു പ്രത്യാശ ലഭിക്കുമെന്ന് സഹ സഹോദരങ്ങളെ ആശ്വസിപ്പിക്കുവാൻ കഴിയും (4:18).

*ഉപസംഹാരം.* ദൈവവുമായി നേരോടെ ജീവിക്കുന്നവർക്ക് ആശ്വാസം പകരുന്ന വെളിപ്പാടാണ് യേശുവിന്റെ മടങ്ങി വരവിനെ കുറിച്ചുള്ളത്. ആ സഹോദരങ്ങൾ സമ്മർദ്ദത്തിലും പിരിമുറുക്കത്തിലുമായിരുന്നു, എന്നാൽ യേശുവിന്റെ വീണ്ടും വരവിൽ അവരുടെ കുഴപ്പങ്ങളെല്ലാം അവസാനിക്കും.

**ടിപിനിദ്ര കൊണ്ടവർ (4:13-18)**

ക്രിസ്തുവിന്റെ മടങ്ങി വരവിനെ കുറിച്ചുള്ള ചില ആശയങ്ങളിൽ തെസ്സലൊനികൃയിലുള്ളവർ തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. അതിൽ ഒന്ന് യേശു മടങ്ങി വരുമ്പോൾ തങ്ങളുടെ മരിച്ചുപോയവരെ കാണുകയില്ല എന്നതായിരുന്നു. അവരുടെ പ്രിയപ്പെട്ട മരിച്ചവർക്ക്, അതായത് ക്രിസ്തുവിൽ നിദ്രകൊണ്ടവർക്ക് ക്രിസ്തു മടങ്ങി വരുമ്പോൾ എന്താണ് സംഭവിക്കുക എന്ന് പൗലൊസ് വ്യക്തമാക്കി കൊടുത്തു.

"*പ്രത്യാശയില്ലാത്തവരെ പോലെ നാം ദുഃഖിക്കരുത്.*" മരിക്കുന്ന സമയത്ത് വിലപിക്കുന്നത് പൗലൊസ് വിലക്കുകയായിരുന്നില്ല (യോഹ. 11:35). മരിച്ചവർക്ക് പ്രത്യാശയില്ലാത്തതുപോലെ അവരെ ഓർത്ത് ദുഃഖിക്കരുത് എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. പ്രത്യാശയില്ലാതെ മരിക്കുന്നവർക്ക് നിരാശയാണ് അനുഭവപ്പെടുന്നത്; എന്നാൽ ക്രിസ്ത്യാനികളായി മരിക്കുന്നവർക്ക് മഹത്വകരമായ പ്രത്യാശയാണ് ക്രിസ്തുവിൽ ഉള്ളത്, അതു നിമിത്തം വലിയ ആശ്വാസവും ലഭിക്കും.

"*നമ്മുടെ കർത്താവിനെ വീണ്ടും കാണും എന്നു ഉറപ്പിക്കുവിൻ.*" യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ വിശ്വസിക്കുന്നതുപോലെ മരിച്ചവരായ അവരുടെ പ്രിയപ്പെട്ടവരേയും ഒരിക്കൽ വീണ്ടും കാണുവാൻ കഴിയും. മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ് യേശു സഭയുടെ തലയായി എന്നേക്കും ജീവിക്കുന്നു. വീണ്ടെടുക്കപ്പെട്ട എല്ലാവരേയും അവരുടെ പുനരുത്ഥാനത്തിൽകൂടെ അവൻ കൊണ്ടുവരും. അവൻ വരുമ്പോൾ, ക്രിസ്തുവിൽ മരിച്ച നമ്മുടെ പ്രിയപ്പെട്ടവരേയും അവൻ കൊണ്ടുവരും (4:14).

*ക്രിസ്തുവിൽ ജീവനോടെയിരിക്കുന്നവർ മരിച്ചവർക്ക് മുൻപാകയില്ല എന്ന് ഓർക്കുക* (വാ. 15). ക്രിസ്തുവിൽ ജീവനോടെ ശേഷിക്കുന്നവർ ക്രിസ്തുവിൽ നിദ്ര കൊണ്ടവർക്ക് മുൻപ് പോകയില്ല. ക്രിസ്തുവിൽ മരിച്ച ആത്മാക്കൾക്ക് ക്രിസ്തു മടങ്ങി വരുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ ലഭിക്കാതിരിക്കുകയില്ല. യേശു വീണ്ടും വരുമ്പോൾ നാം അവരോടു ചേരും (4:17). യേശു മടങ്ങി വരുമ്പോൾ അവർക്ക് പ്രമുഖ സ്ഥാനം ഉണ്ടായിരിക്കും.

"*വിട്ടുപോയ വിശുദ്ധന്മാരോട് ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാർ ചേരും എന്നു നമുക്ക് വിശ്വസിക്കാം.*" യേശു മടങ്ങി വരുമ്പോൾ ഭൂമിയിൽ കാൽ കുത്തുമെന്ന് തിരുവെഴുത്ത് പറയുന്നില്ല. അന്ന് ജീവനോടെ ശേഷിക്കുന്നവർ യേശുവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും.

"*യേശു വരുമ്പോൾ, നാം നമ്മുടെ പ്രിയപ്പപെട്ടവരോട് ചേർന്ന ശേഷം നാം യേശുവിനോടുകൂടെ എന്നേക്കും ജീവിക്കും എന്നു നമുക്ക് ഓർക്കാം.*" നാം അറിയുന്നതുപോലെ യേശുവിന്റെ രണ്ടാം വരവിൽ കാലവും അവസാനിക്കും. നാം മേഘങ്ങളിൽ എടുക്കപ്പെട്ടശേഷം, രക്ഷിക്കപ്പെട്ട എല്ലാ

വിശുദ്ധന്മാരൊപ്പം ദൈവത്തോടുകൂടെ നിത്യതയിൽ ജീവിക്കും.

യേശുവിന്റെ രണ്ടാം വരവിനെ കുറിച്ച് ചർച്ച ചെയ്യുന്നത് വായനക്കകാരെ ഭീഷണിപ്പെടുത്തുവാനല്ല; പിന്നെയോ അവരെ ആശ്വസിപ്പിക്കുന്നതിന ായിരുന്നു. ആ വാക്കുകൾ അവരെ തീർച്ചയായും അശ്വസിപ്പിക്കയും, നമുക്ക് ഏറ്റവും വലിയ പ്രത്യാശ നൽകുകയും ചെയ്യുന്നു. നമുക്കായി കാത്തു വെച്ചിരിക്കുന്ന വിജയത്തെയാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്. ഈസി

**"ദുഃഖിക്കരുത്" (4:13-18)**

ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്ക് ലഭിക്കുന്ന മഹത്തായ ഒരു അന ുഭവമായിട്ടായിരുന്നു തെസ്സലൊനിക്യർ യേശുവിന്റെ മടങ്ങിവരവിനെ കണ്ടത്. തങ്ങളുടെ പ്രിയപ്പെട്ടവർ മരിച്ചുകഴിഞ്ഞതിനാൽ യേശു മടങ്ങി വരുമ്പോൾ അവരുടെ ഗതി എന്താകുമെന്നായിരുന്നു അവരുടെ ചിന്ത. എല്ലാം നഷ്ടമായില്ലെങ്കിലും അധികം അനുഗ്രഹങ്ങളും അവർക്ക് നഷ്ടമാകുമെന്നാണ് അവർ കരുതിയത്. അതുകൊണ്ട് തങ്ങളുടെ മരിച്ചുപേ ായവർക്ക് വലിയ വിപത്ത് നേരിട്ടിരിക്കുന്നു എന്ന് ഓർത്ത് അവർ ദുഃഖിക്കുവാൻ തുടങ്ങി.

"നിങ്ങൾ അവരെ ഓർത്ത് ദുഃഖിക്കരുത്. അതിന്റെ ആവശ്യമില്ല. ക്രിസ്തു മടങ്ങി വരുമ്പോൾ അവർക്ക് മഹത്തായ അനുഗ്രഹങ്ങൾ ലഭിക്കും" എന്നാണ് പൗലൊസ് അവരോട് പറഞ്ഞത്. പിന്നെ, അവരുടെ മരിച്ചുപോയവരെ കുറിച്ച് ദുഃഖിക്കരുത് എന്നു പറഞ്ഞതിന്റെ കാരണങ്ങളും കാണിച്ചുകൊടുത്തു.

"*യേശുക്രിസ്തു എന്തു ചെയ്തു എന്നതിനാലാണ് ദുഃഖിക്കരുത് എന്നു പറഞ്ഞത്.*" നാം ക്രിസ്തുവിന്റെ ശരീരത്തിനുള്ളവരാണ്, അവൻ നമുക്ക് മുൻപായി മരിച്ച് ഉയർത്തെഴുന്നേറ്റു ശരീരത്തിന്റെ തലയായിരിക്കുന്നു. അവൻ ഉയർത്തെഴുന്നേറ്റത് തീർച്ചയായിരിക്കയാൽ, നാമും, കൂടെ, ഉയർത്തെഴുന്നേൽക്കും. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായിരിക്കണം യേശുവിന്റെ ഉയർത്തെഴുന്നേൽപ്. അത് അവന്റെ ദൈവികത്വവും, വചനവും, നിത്യജീവനും ആധികാരികമാക്കുന്നു.

"*ദൈവം എന്തു ചെയ്യുവാൻ പോകുന്നു എന്ന കാരണത്താൽ അവരെ ഓർത്ത് ദുഃഖിക്കരുത്.*" അവനിൽ നിദ്രകൊണവരെയും കൊണ്ടാണ് യേശു വരുന്നത്. ക്രിസ്തു മടങ്ങി വരുമ്പോൾ ദൈവം അവരെ നമ്മോടു ചേർക്കും. ക്രിസ്ത്യാനികളായതുകൊണ്ട് നാം ഒരിക്കലും ഗുഡ്ബൈ പറയേണ്ടവരല്ല. നമ്മുടെ കർത്താവ് മടങ്ങി വരുമ്പോൾ നാം നമ്മുടെ പ്രിയപ്പെട്ടവരോടുകൂടെ ദൈവത്തിന്റെ നിത്യനഗരത്തിൽ ആയിരിക്കും.

ജീവനോടെ ഇരിക്കുന്ന വിശുദ്ധന്മാർ മരിച്ച വിശുദ്ധന്മാർക്ക് മുൻപ് ആകുകയില്ല. മുൻപ് മരിച്ചുപോയി എന്ന കാരണത്താൽ ലഭിക്കേണ്ട ആന ുകൂല്യങ്ങൾ ലഭിക്കാതിരിക്കയില്ല. ക്രിസ്തുവിന്റെ മഹത്വകരമാ വരവിൽ അവർക്ക് ഒന്നും നഷ്ടപ്പെടുകയില്ല. അവർക്ക് നല്ല ഒരു കാഴ്ച്ച ലഭിക്കും, കാരണം അവർ ക്രിസ്തുവിനോടുകൂടെ ആകാശമേഘത്തിലായിരിക്കും.

"*ക്രിസ്ത്യാനികൾ എന്തെല്ലാം അനുഭവിക്കുവാനിരിക്കുന്നു എന്ന കാരണത്താൽ അവരെ ഓർത്ത് ദുഃഖിക്കരുത്.*" ക്രിസ്തു വരുന്നത് എന്നേക്കുമുള്ള ഒരുമിച്ച് ചേരലിനാണ്. അന്ന് ക്രിസ്തീയ യുഗം അവസാന ിപ്പിക്കുകയും, വീണ്ടെടുക്കപ്പെട്ട എല്ലാവരും ക്രിസ്തുവിനോടുകൂടെ നിത്യതയിലേക്ക് പ്രവേശിക്കയും ചെയ്യും.

നമുക്ക് മുൻപ് മരിച്ചുപോയവർ നമുക്ക് നഷ്ടമാകുമോ ഇല്ലയോ എന്ന ചോദ്യം കൈകാര്യം ചെയ്യുകയായിരുന്നില്ല പൗലൊസ്. തീർച്ചയായും, അവരെ ഇപ്പോൾ നഷ്ടമായിരിക്കുകയാണ്. അവർ നമമെ വിട്ടുപോയപ്പോൾ നാം ദുഃഖിച്ചു. ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയെ കുറിച്ചാണ് അവൻ സംസാരിക്കുന്നത്. പ്രത്യാശയില്ലാത്തവർ ഉണ്ട്, എന്നാൽ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപിനെ അടിസ്ഥാനമാക്കി ക്രിസ്ത്യാനികൾക്ക് പ്രത്യാശ ഉണ്ട്. ഈസി

**കാലാവസാനത്തെ നോക്കൽ (4:16-18)**

ഈ വേദഭാഗത്ത് കാലാവസാനത്തിന്റെ പല വശങ്ങളും പൗലൊസ് പറയുന്നു എങ്കിലും, യേശു മടങ്ങി വരുമ്പോൾ സംഭവിക്കുന്നവയെല്ലാം അവൻ വിശദമാക്കുന്നില്ല. ഈ വേദഭാഗവും അവസാനത്തെ കുറിച്ചു പറയുന്ന മറ്റു വേദഭാഗങ്ങളും ചേർത്ത് നാം പരിശോധിച്ചാൽ അന്നാളിൽ സംഭവിക്കുന്ന കാര്യങ്ങളെ കുറിച്ചുള്ള പൂർണ്ണമായ രൂപം നമുക്ക് ലഭിക്കും.

ചരിത്രത്തിന്റെ അവസാന അദ്ധ്യായത്തെ ധ്യാനിച്ചാൽ അ-ക്രൈസ്തവർക്ക് ബോധ്യമാകുവാനും, ക്രിസ്ത്യാനികൾക്ക് ആശ്വാസം പ്രാപിക്കുവാനും കഴിയും.

*യേശു വരും.* അവൻ കള്ളനെ പോലെ വരും (2 പത്രൊ. 3:10). ആകാശമേഘത്തിലായിരിക്കും (വെളി. 1:7), അഗ്നിജ്വാലയിലായിരിക്കും (2 തെസ്സ. 1:7), ദൂത സംഘത്തോടെയുമീയിരിക്കും (മത്താ. 25:31). എല്ലാ കണ്ണുകളും അവന്റെ വരവ് കാണും (വെളി. 1:7).

വലിയ ശബ്ദത്തോടുകൂടെ ആയിരിക്കും അവൻ വരുന്നത്. "നാദം" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് ഒരു സൈനിക വാക്കാണ്, കൽപന പുറപ്പെടുവിക്കുന്ന ശബ്ദം എന്നാണ് സൂചന. ആ കൽപനാ നാദം ഒരുപക്ഷെ കല്ലറകളിലുള്ളവരെ ഉണർത്തുന്നതിനാകാം (യോഹ. 5:28, 29). പ്രധാനദൂതന്റെ ശബ്ദവും കേൾക്കാം, അവൻ എന്താണ് പറയുവാൻ പോകുന്നത് എന്ന് ആർക്കും അറിയില്ല. ഒരുപക്ഷെ ഈ ലോകത്തിലുള്ളത് എല്ലാം നശിക്കുവാൻ പോകുന്നു എന്ന അറിയിപ്പായിരിക്കാം നടത്തുക, പിന്നെ കാഹള നാദവും കേൾക്കാം. ആ ശബ്ദം, മരിച്ചവരെ ഉണർത്തുവാനും ജീവനോടെ ശേഷിക്കുന്നവരുടെ രൂപാന്തരത്തിനുമാണെന്ന് 1 കൊരിന്ത്യർ 15:52 ൽ പൗലൊസ് പറഞ്ഞിരിക്കുന്നു. കർത്താവിന്റെ വരവോടനുബന്ധിച്ച് ബൈബിളിൽ വെച്ച് കേൾക്കുന്ന മൂന്നു വലിയ ശബ്ദത്തെയാണ് വാക്യം 16 വിവരിക്കുന്നത്.

*മരിച്ചവർ ഉയിർക്കും.* പൊതുവായ ഉയർപ്പിൽ, നീതിമാന്മാരുടേയും നീതി കെട്ടവരുടേയും പുനരുത്ഥാനം സംഭവിക്കും (യോഹ. 5:28, 29). ഈ ഭാഗത്ത് നീതികെട്ടവരുടെ പുനരുത്ഥാനത്തെ കുറിച്ച് പൗലൊസ് പറയുന്നില്ല, കാരണം ഇവിടെ നിദ്രകൊണ്ട വിശുദ്ധന്മാർക്ക് കർത്താവ് വരുമ്പോൾ എന്തു സംഭവിക്കുമെന്നാണ് പറയുന്നത്.

*ന്യായവിധി നടക്കും.* താൻ വരുമ്പോൾ, സകല ജാതികളെയും തന്റെ മുൻപിൽ കൂട്ടിച്ചേർക്കുമെന്നാണ് യേശു പറഞ്ഞത്. പിന്നെ അവൻ അവരെ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിക്കും. (മത്താ. 25:31–34). ആ വലിയ സംഭവത്തിൽ, ഓരോ ആത്തമാവിനേയും അവന്റെ അല്ലെങ്കിൽ അവളുടെ നിത്യമായ വാസസ്ഥാന

ത്തേക്ക് അയക്കും. ന്യായവിധിക്ക് ശേഷം നാം നിത്യതയിലേക്കാണ് പ്രവേശിക്കുന്നത്.

ഇവിടെ ന്യായവിധി പൗലൊസ് വിഷയമായി പറഞ്ഞിട്ടില്ല, കാരണം അവന്റെ വിഷയം ക്രിസ്തു മുഖാന്തരം വീണ്ടെടുക്കപ്പെട്ടവരാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ച് ന്യായവിധി കഴിഞ്ഞുപോയ കാര്യം പോലെയാണ്, അവർ ന്യായവിധിയെ ജയിച്ചിരിക്കുന്നു എന്നു പറയാം.

*കാലം പിന്നെ നിത്യതക്ക് വഴി മാറും.* ന്യായവിധിക്കപ്പുറം വിശാലമായ നിത്യതയാണ്. ഭൂമി ഒഴിഞ്ഞു പോകയും പുതിയ ആകാശവും പുതിയ ഭൂമിയും വരും (2 പത്രൊ. 3:11-13). ഭൂമി ഇല്ലാത്തതിനാൽ പിന്നെ കാലവും ഉണ്ടായിരിക്കുകയില്ല.

*നാം നമ്മുടെ നിത്യ ഭവനത്തിലേക്ക് മാറും.* ന്യായവിധി ദൈവത്തിന്റെ തീരുമാനങ്ങൾക്കും വഴികൾക്കും അവസാനം കുറിക്കും. നീതിമാന്മാർക്ക് നിത്യജീവനും നീതികെട്ടവർക്ക് നിത്യമരണവുമായിരിക്കും ലഭിക്കുക (മത്താ. 25:46).

ആ സത്യങ്ങൾ എത്രമാത്രം നമ്മുടെ ചിന്തയെ-ഉണർത്തുന്നതാണ്! ഇതുവരെ ജീവിച്ചവരെയും ഇനി ജീവിക്കുവാനിരിക്കുന്നവരെയും അത് ബാധിക്കും. ഒരു സന്ദർശന ദിവസം നാം എല്ലാവരും അഭിമുഖീകരിക്കേണ്ടി വരും എന്നാണ് അത് വ്യക്തമാക്കുന്നത്. നിത്യതയിലേക്കുള്ള വഴി കാണിച്ച്, നാം എവിടേക്ക് പോകുന്നു എന്നും, എല്ലാറ്റിന്റേയും അവസാനം നമ്മുടെ ഭാവി എന്താകും എന്ന് അവ സൂചിപ്പിക്കുന്നു. ഭൗതികമായ എല്ലാറ്റിനും ഇപ്പോഴ് കാണുന്ന അവസ്ഥയിൽനിന്നു ഒഴിഞ്ഞുപോകുമെന്ന് ഈ വേദഭാഗത്ത് ശ്വാസിയ പേന മുൻപിൽ വരച്ചു കാണിക്കുകയാണ്.

മുകളിൽ പറഞ്ഞതെല്ലാം വസ്തുതകളാണ്. ദൈവശ്വാസിയ എഴുത്തുകാർ ഊഹിച്ചതല്ല; ദൈവത്തിന്റെ വെളിപ്പാടാണ് അവർ നൽകിയത്. അവസാനത്തെ കുറിച്ച് ദൈവം വെളിപ്പെടുത്തി തന്ന സത്യമാണ് നാം കണ്ടത്. ഈസി

---

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽസ് ടു ദ തെസ്സലൊനയിൻസ്, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം. ബി. ഏർമാൻസ് പബ്ലിഷിങ് കമ്പനി., 1959), 120. [2]എഫ് .എഫ്. ബ്രൂസ്, *1 ആന്റ് 2 തെസ്സലൊണിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 45 (വാക്കോ, ടെക്സ്റ്റ്:വേർഡ് ബുക്സ്, 1982), 82. [3]ുജെയിംസ് ഹോപ് മോൾട്ടൻ ആന്റ് ജോർജ് മില്ലിഗൺ, *ദ വൊക്കാപുലറി ഓഫ് ദ ക്രീക്ക് ടേസ്റ്റമെന്റ്*: ഇല്ലസ്ട്രേറ്റഡ് ഫ്രം ദ പാപ്പിറി ആന്റ് അദർ നോൺ ലിറ്റററി സോഴ്സസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1952), 362. [4]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ:യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 748. [5]ക്വോട്ടഡ് ഇൻ മോറിസ്, 124. [6]ഏ. ടി. റോബർട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ,* വാല്യം. 4, *വേർഡ് പിക്ച്ചേഴ്സ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (നാഷിലേ:ബ്രോഡ്മാൻ പ്രസ്, 1931), 29. [7]ബ്രൂസ്, 86. [8]മോറിസ്, 130. [9]റോബർട്സൺ, 31. [10]നോട്ട് ദാറ്റ് *യംങ്സ് ലിറ്ററൽ ട്രാൻസിലേഷൻ* റെന്റേഴ്സ് വെർസ് 14 "സോ ആൾസോ ഗോഡ് ദോസ് അസ്ലീപ് *ത്രൂ ജീസസ്*

*ഹീ വിൽ ബ്രിങ് വിത്ത് ഹിം"* (എംഫസിസ് ആഡഡ്).

[11]മോറിസ്, 140. [12]"പ്രെസന്റ്," ഇൻ *ദ ന്യൂ ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് തിയോളജി*, എഡി. കോളിൻ ബ്രൗൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1976), 2:887. [13]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റഫ് ഫിലിപ് വൈ.പെൻലെറ്റൺ, *തെസ്സലൊനിയൻസ്, കൊരിന്ത്യൻസ്, ഗലേഷ്യൻസ്, റോമൻസ്,* ദ സ്റ്റാൻഡേർഡ് ബൈബിൾ കമെന്ററി (സിൻസിനാറ്റി, ഓഹിയോ:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ്, ഫൗണേഷൻ, 1916), 20. [14]ഡേവിഡ് ജെ. വില്യംസ്, *1 ആന്റ് 2 തെസ്സലൊനിയൻസ്,* ന്യൂ ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി:ന്യൂ ചടെസ്റ്റമെന്റ് സീരീസ്, വാല്യം 12 (പീബഡി, മാസ്.:ഹെന്റിക്സൺ പബ്ലിഷേഴ്സ്, 1992), 82. [15]മോറിസ്, 141. [16]റോബർട്സൺ, 32. [17]ഐ ഹോവാർഡ് മാർഷൽ, *1 ആന്റ് 2 തെസ്സലൊനിയൻസ്*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 127. [18]വില്യംസ്, 83. [19]സീ ബാവർ, 538. [20]മോറിസ്, 145.

[21]*കാർലെസ്റ്റൺ ഡെയിലി മെയിൽ* (കാർലെസ്റ്റൺ, ഡബ്ലിയു.വിഎ.), 8 സെപ്റ്റംബർ 1994. [22]ബ്രൂസ്, 96. [23]എവററ്റ് ഫെർഗൂസൺ, *ബാക്ഗ്രൗണ്സ് ഓഫ് ഏർലി ക്രിസ്ത്യാനിറ്റി,* 2 ഡി ഈഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം. ബി. ഏർമാൻസ് പബ്ലിഷിങ് കമ്പനി., 1993), 232.